
SINCE 1976

# ഐക്യദീപം

വില ₹10

2019 ജൂലൈ



## ജനഹൃദയത്തിൽ മായാമുദ്ര ചാർത്തിയ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

(02 .02 .1928 – 04 .06. 2019)

PUSHPAGIRI HOSPITAL

60 YEARS OF SERVICE

WE CARE... GOD CURES...



# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

Under Christian Medical Association of India (CMAI)

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology


## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)

# ഐക്യദീപം



2019 ജൂലൈ
പുസ്തകം 44 ലക്കം 06

രക്ഷാധികാരി
**മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ.ഡോ.ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ.തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ.ജോസഫ് കരിപ്പായിൽ**
**ഫാ.ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ.ഡോ.തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ.ഡോ.തോമസ് പാറയ്ക്കൽ**
**റവ.സി.അലീന എസ്.ഐ.സി.**
**റവ.സി.റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeem
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com


## ഉള്ളടക്കം


**കാരുണ്യവും കരുതലും നല്കിയ അജപാലകൻ**
കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ **8**

**His Excellency Most Rev. Geevarghese Mar Timotheos -**
Most Rev. Dr. Thomas Mar Koorilos **13**

**നിത്യപുരോഹിതനായ യേശുവിന്റെ തിരുഹൃദയത്തോട് ചേർന്ന ശ്രേഷ്ഠാചാര്യൻ –**
മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലിത്താ **15**

**ചോദിച്ചവരാരും നല്കാതിരുന്നിട്ടില്ല, ചോദിച്ചവർക്കാർക്കും കിട്ടാതെയുമിരുന്നിട്ടില്ല**
- മോൺ. ചെറിയാൻ താഴമൺ **16**

**അജഗണത്തെ അടുത്തറിഞ്ഞ ആചാര്യശ്രേഷ്ഠൻ**
ഫാ. ഡോ. ഐസക് പറപ്പള്ളിൽ **18**

**ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതവും കൂദാശാ ദർശനവും**
- ഫാ. ഡോ. തോമസ് പണിക്കർ **27**

**അന്നക്കുട്ടിയിൽനിന്ന് വി.അൽഫോൻസായിലേക്ക്**
- ഫാ. ഡോ.ആന്റണി ചെത്തിപ്പുഴ **31**

**ജൂലൈ 3 – ദുക്റോനോ ദ് മാർത്തോമ്മോ** -
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ **33**

**ക്രിസ്തീയ കുടുംബം – ഭൂമിയിലെ സ്വർഗ്ഗം**
റവ. ഫാ. മാത്യു ആലുംമൂട്ടിൽ **35**



All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600620
E-mail : aikyadeepamtvla@gmail.com





### എഡിറ്റോറിയൽ...

# വിട പറഞ്ഞത് നന്മയുടെയും കരുതലിന്റെയും ആൾരൂപം

1953 മുതൽ 1988 വരെയുള്ള പൗരോഹിത്യശുശ്രൂഷ, 1988 മുതൽ 2019 വരെയുള്ള മേല്പട്ടശുശ്രൂഷ, അതിൽത്തന്നെ 15 വർഷക്കാലം അതിഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിലുള്ള പ്രത്യേക ശുശ്രൂഷ ഇവയെല്ലാം ശ്രേഷ്ഠമായി നിർവ്വഹിച്ച് 92-ാം വയസ്സിൽ, അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ 2019 ജൂൺ 4-ാം തീയതി വെളുപ്പിനെ 03.30 ന് നമ്മോട് വിട പറഞ്ഞു. ഏതെല്ലാം മേഖലകളിൽ അഭി. തിരുമേനി പ്രവർത്തിച്ചുവോ, അവിടെയെല്ലാം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. ആത്മീയശുശ്രൂഷയിലും, സാമൂഹ്യപ്രവർത്തന മേഖലയിലും, എക്യുമെനിക്കൽ രംഗത്തും, മതസൗഹാർദ്ദവേദിയിലുമൊക്കെ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. എങ്കിലും, ആരുടെയെങ്കിലും കൈയ്യടി വാങ്ങാനോ, കൊട്ടി ഘോഷിക്കാനോ, ശ്രദ്ധപിടിച്ചു പറ്റാനോ, മാധ്യമങ്ങളിൽ നിറഞ്ഞു നില്ക്കുവാനോ അദ്ദേഹം ആഗ്രഹിച്ചില്ല. "നിന്റെ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന് നിർബന്ധമുണ്ടായിരുന്ന അഭി. പിതാവ്, അവയെല്ലാം നിശബ്ദമായി ചെയ്യാനായിരുന്നു എപ്പോഴും ആഗ്രഹിച്ചിരുന്നത്. ആരെങ്കിലും അറിഞ്ഞു ചെയ്യുന്നതിനേക്കാൾ, ആരുമറിയാതെ മറ്റുള്ളവർക്ക് നന്മ ചെയ്യാനാഗ്രഹിച്ച മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ വലിയ ശരീരത്തിനുള്ളിൽ, വലിയ മനസ്സും, ഹൃദയവുമുണ്ടായിരുന്നു. സൗമ്യതയും, ശാന്തതയും, വിനയവും, ദൈവഭക്തിയും ഒരുപോലെ ആ ജീവിതത്തിൽ നിറഞ്ഞു നിന്നു.

തിരുവല്ല അതിഭദ്രാസനത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു അഭി. പിതാവിന്റെ, അതിഭദ്രാസനാദ്ധ്യക്ഷൻ എന്ന നിലയിലുള്ള 15 വർഷങ്ങൾ (1988-2003). അജഗണത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമായി ജാഗരൂകതയോടെ പ്രവർത്തിച്ച ആചാര്യശ്രേഷ്ഠൻ. തിരുവല്ലയുടെ വികസനപ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ശ്രേഷ്ഠാചാര്യൻ. സഭയുടെയും പൊതുസമൂഹത്തിന്റെയും ഉന്നതിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ച മഹത്‌വ്യക്തിത്വം. നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തിയതിലൂടെ, ഉന്നത വിദ്യാഭ്യാസമാണ് വരുംതലമുറയെ മികവുറ്റവരായി വാർത്തെടുക്കുന്നതിനുള്ള മാർഗമെന്ന് ചിന്തിച്ച ക്രാന്തദർശി. അനാഥർക്കും, പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും, ദളിതർക്കും, ആലംബഹീനർക്കുംവേണ്ടി നിരന്തരം ശബ്ദമുയർത്തുകയും, അവരെ സംരക്ഷിക്കുവാൻ അഭയകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്ത കർമ്മയോഗി. എക്യുമെനിക്കൽ രംഗത്തും, മതസൗഹാർദ്ദവേദിയിലും മുഴങ്ങിനിന്ന ശബ്ദം.


അഭി. പിതാവ് ഒരു തുറന്ന പാഠപുസ്തകമായിരുന്നു. എല്ലാവർക്കും തുറന്ന് വായിക്കുവാനും, പഠിക്കുവാനും, ഉൾക്കൊള്ളുവാനും സാധ്യമായ പാഠപുസ്തകം. അതിന്റെ ഓരോ അദ്ധ്യായവും, പേജും, കാരുണ്യത്തിന്റെയും, ദൈവഭക്തിയുടെയും, ദൈവാനുഭവത്തിന്റെയും, ആത്മീയതയുടെയും, വിശുദ്ധിയുടെയും, വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, കരുതലിന്റെയും പാഠങ്ങളാ

യിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ഒരു ഗുരുവിന്റേതായിരുന്നു. അദ്ദേഹത്തിന്റെ കരുതൽ ഒരു അമ്മയുടേതായിരുന്നു. ധ്യാനപൂർവ്വം നാം പഠിക്കേണ്ട ഒരു പാഠപുസ്തകമാണ് അദ്ദേഹത്തിന്റെ ജീവിതം. എവിടെയും ആത്മീയപ്രഭ പരത്തിയ വിശുദ്ധിയുടെ ആൾരൂപമായിരുന്നു അഭി. തിരുമേനി. തേജസ്സുറ്റ ആ മുഖം അനേകർക്ക് പ്രകാശമായിരുന്നു. അവിടുത്തെ നോട്ടം അനേകർക്ക് പ്രതീക്ഷയും പ്രത്യാശയും നല്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം അനേകർക്ക് ആശ്വാസം പകരുന്നതായിരുന്നു. ഹൃദയം ദൈവത്തിങ്കലേക്കും, കരങ്ങൾ മനുഷ്യരിലേക്കും, മനസ്സ് കരുതലിലേക്കും നീട്ടിയ ഒരു ജീവിതം. കത്തിജ്വലിച്ചു നില്ക്കുന്ന ഒരു വഴിവിളക്കുപോലെ അദ്ദേഹം നമ്മുടെ മുമ്പിൽ ശോഭിച്ചു. Good persons are like street lights. They don't shorten the distance, but they light up the path and make the walk worthwhile. പ്രകാശം കണ്ട് നാം നടന്നുപോകാൻ, അഭി. പിതാവ് പ്രകാശമായി നമ്മുടെ മുമ്പിൽ നിലനിന്നു. പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കുന്നത്, പ്രശ്നപരിഹാരത്തിലേക്കുള്ള അകലം കൂട്ടുക മാത്രമേ ചെയ്യൂവെന്ന് അദ്ദേഹം വിശ്വസിച്ചു. പുതിയ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉണ്ടാക്കുവാൻ ശ്രമിച്ചപ്പോഴൊക്കെ ഏറെ പ്രയാസങ്ങളും വെല്ലുവിളികളും നേരിട്ടുവെങ്കിലും, അവയൊന്നും സ്വപ്നസാക്ഷാത്ക്കാരത്തിന് തടസ്സമാകരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. വെല്ലുവിളികൾ ധീരതയോടെ ഏറ്റെടുക്കുമ്പോഴാണ് അവ സാക്ഷാത്ക്കാരത്തിലേക്ക് നമ്മെ നയിക്കുന്നതെന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ പഠിപ്പിച്ചു. അതേ, ആ ജീവിതം, മുമ്പെന്നതിനേക്കാൾ ഇനിയുമാണ് നമുക്ക് കൂടുതൽ പഠിക്കാനുള്ളത്. പഠിക്കുന്തോറും, കൂടുതൽ അറിയുവാൻ സാധിക്കുന്ന മഹത്ജീവിതം. അറിയുന്തോറും, എത്ര ശ്രേഷ്ഠമായ ജീവിതമായിരുന്നു അതെന്ന് തിരിച്ചറിയുന്ന നിമിഷങ്ങൾ. വാക്കുകൾക്കപ്പുറം, വിവരണങ്ങൾക്കപ്പുറമുള്ള മഹനീയ വ്യക്തിത്വം. അതാണ് നമുക്ക് നന്മയായി, സൗഭാഗ്യമായി ലഭിച്ച നമ്മുടെ വത്സലപിതാവ് ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ.

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

I. അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് 91 വർഷത്തെ അനുഗ്രഹീതമായ ജീവിതത്തിന്റെ അന്ത്യത്തിൽ ഏറെ നന്മകൾ ചൊരിഞ്ഞുകൊണ്ട് നമ്മെ വിട്ടു സ്വർഗ്ഗഭാഗ്യത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. അഭി. പിതാവിനെപ്പറ്റി എന്റെ ഇംഗ്ലീഷിൽ ഉള്ള ഓർമ്മക്കുറിപ്പുകൾ ഈ ലക്കത്തിൽതന്നെ ഉൾച്ചേർത്തിരിക്കുന്നതിനാൽ ചുരുക്കമായി മാത്രം പിതാവിനെ ഇവിടെ അനുസ്മരിക്കുന്നു. 91 വർഷത്തെ ജീവിതം; 65 വർഷത്തെ പൗരോഹിത്യ ജീവിതം, 18 വർഷം സെമിനാരി റെക്ടർ, 15 വർഷം രൂപതാദ്ധ്യക്ഷൻ എന്ന ശുശ്രൂഷ, 16 വർഷത്തോളമുള്ള വിശ്രമജീവിതം. അതിലെ അവസാന 6 വർഷങ്ങൾ പുഷ്പഗിരി ആശുപത്രിയിൽ. 200 ഓളം വൈദികരെ പരിശീലിപ്പിക്കുവാൻ ഭാഗ്യം ലഭിച്ചു. അതിൽ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവയുൾപ്പെടെയുള്ള 6 തിരുമേനിമാർ. സഭയുടെ പ്രവർത്തനങ്ങൾക്കു അതിശയകരമായ നേതൃത്വം നൽകിയ പിതാവ്. ധാരാളം മിഷനുകൾ സമാരംഭിക്കുവാൻ പ്രചോദിപ്പിച്ച പിതാവ്. അഭിമാനബോധം ഉയർത്തുവാൻ കഴിയുന്ന തലത്തിൽ തലയെടുപ്പുള്ളതും മനോഹരവുമായ സെന്റ് ജോൺസ് കത്തീഡ്രൽ പോലുള്ള ദൈവാലയങ്ങളുടെ സൂത്രധാരകൻ. ആരാധനക്രമം നവീകരിച്ച് ദൈവജനത്തിന്റെ നിത്യോപയോഗത്തിന് ലഭ്യമാക്കി ആത്മികതയെ പരിപോഷിപ്പിച്ച സഭാസ്നേഹി. മൂവാറ്റുപുഴ, ഡൽഹി, ദോഹ തുടങ്ങിയ രൂപതകൾക്കും ദൈവാലയങ്ങൾക്കും അടിസ്ഥാനമിടുവാൻ ദൈവം തെരഞ്ഞെടുത്ത ക്രാന്തദർശി. പാവങ്ങളുടെ പക്ഷം ചേരുകയും ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനുവേണ്ടി ഏറെ പ്രയത്നിക്കുകയും അവരുടെ അവകാശ സമരങ്ങളുടെ പശ്ചാത്തലത്തിൽ ഡൽഹിയിൽ അറസ്റ്റു വരിക്കുകയും ചെയ്ത മനുഷ്യസ്നേഹി. പിതാവിന്റെ പക്കൽ വന്നിട്ടുള്ള ആരെയും വെറും കൈയ്യോടെയോ കണ്ണുനീരോടുകൂടിയോ പറഞ്ഞയച്ചിട്ടില്ല. സ്നേഹത്തിൽ എല്ലാവരേയും ചേർത്തുനിർത്തി. തിരുവല്ലയുടെ നിർമ്മിതിയിൽ – അതിന്റെ ആത്മിക, ബൗദ്ധിക, സംസ്കാരിക, വിദ്യാഭ്യാസ, ആതുര, വികസന മേഖലയിൽ തന്റേതായ, അധികം ആർക്കും അവകാശപ്പെടാൻ പറ്റാത്ത, സംഭാവന നൽകി.

ദൈവം പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കുകയും തന്റെ വിശുദ്ധ ജീവിതത്തിനു പ്രതിപകരമായി നന്മപൂരിതമായ പശ്ചാത്തലത്തിൽ അനേക പിതാക്കന്മാരുടെയും, വൈദികരുടെയും, സന്യസ്തരുടെയും, ദൈവജനത്തിന്റെയും വിവിധ തുറകളിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാമുദായിക നേതാക്കളുടെ സാന്നിദ്ധ്യത്തിൽ കബറടങ്ങുവാനും ദൈവം സഹായിച്ചു. എല്ലാവർക്കും നന്ദി. പിതാവിനെ പരിചരിച്ച എല്ലാവർക്കും ഒരായിരം നന്ദി.

ഭാഗ്യവാനായ പിതാവേ, അങ്ങയെ ഇനിയും ഇമ്പമുള്ള മണവറയിൽ ഞങ്ങൾ കാണുമാറാകട്ടെ!

II. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 66-ാം ഓർമ്മത്തിരുന്നാൾ നാം കൊണ്ടാടുന്ന വേളയാണല്ലോ. പുണ്യപിതാവിനെക്കുറിച്ച് ബഹു. സൈമൺ ഇലവുത്തിങ്കൽ അച്ചൻ പുറത്തിറക്കിയ അതിമനോഹരവും ചിന്തോദീപക

വുമായ പഠന പ്രസംഗങ്ങൾ അമൂല്യമായ ഒന്നായി കണക്കാക്കുന്നു. ഈക്കാര്യങ്ങൾക്കു നേതൃത്വം നൽകിയ സുവിശേഷസംഘത്തിന്റെ ഡയറക്ടർ ബഹു. ആന്റണി കാക്കനാട്ടച്ചനെ പ്രത്യേകം അനുമോദിക്കുന്നു. മറ്റൊരു സഭാംഗമായ ബഹു. സൈമണച്ചൻ വന്ദ്യ പിതാവിനെപ്പറ്റി പ്രാർത്ഥിച്ചും പഠിച്ചും പങ്കുവയ്ക്കുന്ന ദൈവശാസ്ത്ര, ചരിത്ര, ആത്മിക വിശദീകരണം നമ്മുടെ സഭയ്ക്കും പൊതു ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്കും കൈവന്ന നിധിതന്നെ. ഈ പ്രസംഗങ്ങൾ കേട്ട് വന്ദ്യ പിതാവിന്റെ ആത്മീകതയും സഭാവീക്ഷണവും മിഷൻ ആഭിമുഖ്യങ്ങളും സ്വന്തമാക്കുവാൻ ഏവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പുണ്യപിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടനം ഏറെ ഭക്തിയോടെ നാം കൊണ്ടാടുന്നു. ഇതിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഞാൻ ഏവരെയും ക്ഷണിക്കുന്നു. ഭാരതത്തിന്റെ അന്തസ്സത്ത അതിന്റെ ആദ്ധ്യാത്മികതയിലാണ്. അത് സന്ന്യാസചര്യയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാരതത്തിലെ സുവിശേഷ സാക്ഷ്യത്തിന് നമ്മുടെ സഭയ്ക്കുള്ള ശക്തിയും അടിത്തറയും ആഭിമുഖ്യങ്ങളും വലുതാണ്. സന്ന്യാസദീക്ഷയിൽ ഊന്നിയ സഭാജീവിതമാണ് അതിന്റെ കാതൽ. ഈ ചൈതന്യത്തിൽ ആഴപ്പെട്ട് യേശുനാഥന് ഉത്തമ സാക്ഷികളാകുവാൻ പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടനം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

III. സഭയുടെ വിശ്വാസത്തെയും ആചാരങ്ങളെയും സംജ്ഞകളെയും പ്രതീകങ്ങളെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അവഹേളിക്കുന്നത് തീർത്തും മതേതര ഇന്ത്യയിൽ അക്ഷന്തവ്യമാണ് - കുറ്റകരമാണ്. ക്രൈസ്തവരെയും, മിഷണറിമാരെയും വൈദികരെയും സഭാപ്രതീകങ്ങളെയും അടച്ചാക്ഷേപിക്കുന്നത് പുരോഗമന ശാസ്ത്രമായി കുറെപ്പേർ കരുതുന്നു. രാജ്യത്തെ മറ്റേതൊരു മതസമൂഹത്തിന്റെ ചിഹ്നത്തെ, ഏതെങ്കിലും രീതിയിൽ അവഹേളിക്കുവാൻ ഏതെങ്കിലും ഒരു കലാകാരൻ മുതിരുമോ? ഒരു മനുഷ്യന്റെ അടിവസ്ത്രം ഒരു മതാചാര്യന്റെ അജപാലനപരമായ ചിഹ്നത്തിന്മേൽ തൂക്കാൻ ധൈര്യം കാണിക്കുന്നത്, എന്തുചെയ്താലും ഈ കൂട്ടർ കൊലവിളി നടത്തുകയോ, വരച്ച കൈ വെട്ടിമാറ്റുകയോ ചെയ്യില്ല എന്നുറപ്പുള്ളതുകൊണ്ടാണ്. ആക്ഷേപഹാസ്യത്തിന്റെ എല്ലാ അതിരുകളും ലംഘിക്കുന്ന തികച്ചും അശ്ലീലമാണ് ലളിതകലാ അക്കാദമിയുടെ അവാർഡിന് അർഹമായ ഈ വികലസൃഷ്ടി. ക്രിസ്ത്യാനികൾ ആദരവോടെ കാണുന്ന കുരിശിനെ തികച്ചും അശ്ലീലമായ ഒരു പ്രതീകത്തിലൂടെ അവതരിപ്പിച്ചപ്പോൾ, നാം നികുതിപ്പണം നൽകി പുലർത്തുന്ന ഒരു ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനം അതിനു അവാർഡു നൽകി ആദരിച്ചത് ഏറെ പ്രകോപനപരമാണ്. ബഹു. മുഖ്യമന്ത്രി ഈ കാര്യത്തിൽ എടുത്ത നിലപാട് തികച്ചും സ്വാഗതാർഹമാണ്. കേരളത്തിലെ ജനങ്ങൾക്കു ശരിയായി ചിന്തിക്കാൻ സാധിക്കാത്തമാതിരി ഭ്രാന്തുപിടിച്ചോ എന്ന് തോന്നിപ്പോകുകയാണ്. പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ നടുറോഡിൽ വെട്ടിയിട്ട് പെട്രോൾ ഒഴിച്ചു കത്തിക്കുക. അതും നിയമവാഴ്ച നടത്താൻ പരിശീലനം ലഭിച്ച് ഉദ്യോഗസ്ഥരായവർ. കേരളത്തിലേക്ക് ഒഴുകി എത്തുന്ന മയക്കുമരുന്നുകൾ എത്രയാണ്. ഭീകരമായ ഒരവസ്ഥ. ഇവയൊക്കെ നാം ഒരുമിച്ചു വായിക്കുമ്പോൾ ഇതു ഭ്രാന്തല്ലെങ്കിൽ പിന്നെന്താണ്. അത്തരം വികലമായ, മനോരോഗമുള്ള ഒരാൾക്കു മാത്രമെ ഇപ്രകാരം കുരിശിന്റെ പാർശ്വങ്ങളിൽ അടിവസ്ത്രം വരയ്ക്കാൻ സാധിക്കുകയുള്ളു. അതിനു അവാർഡു നൽകാൻ ശുപാർശ ചെയ്തവരുടെ മാനസിക വികലത എത്രയെന്നു ഊഹിക്കാൻ പോലും കഴിയില്ല. ക്രൈസ്തവർക്കെതിരെ സംഘടിതമായി പല കോണുകളിൽനിന്നും ആക്രമണങ്ങൾ ഉണ്ടാകുന്നു. ഇതിൽ നമുക്ക് നിലപാടുകൾ ഉണ്ടായേ മതിയാവൂ. സമാധാനകാംക്ഷികളെ പ്രകോപിപ്പിച്ച് അസ്വസ്ഥരാക്കിയാലെ തൃപ്തിപ്പെടൂ എന്നു ചിന്തിക്കുന്ന ഈ കൂട്ടർക്ക് സമൂഹത്തിൽ ഭ്രഷ്ട് കൽപ്പിക്കേണ്ടിയിരിക്കുന്നു. ഇവർ സാമൂഹിക ദ്രോഹികൾ മാത്രമാണ്. നമ്മുടെ വിയർപ്പിന്റെ വിലയിൽ സർക്കാരിനു നൽകുന്ന പണം ഇത്തരമുള്ള വികലതകൾക്കും അശ്ലീലങ്ങൾക്കും പ്രോത്സാഹനം നൽകാനുള്ളതല്ല. അതിനെതിരെ ക്രൈസ്തവർ ശക്തമായി പ്രതികരിക്കും.

■

# കാരുണ്യവും കരുതലും നല്കിയ അജപാലകൻ



**അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ കബറടക്കശുശ്രൂഷയിൽ കാതോലിക്കാബാവ നടത്തിയ പ്രസംഗം**

നമ്മിൽനിന്ന് ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്ന നമ്മുടെ വത്സലപിതാവ് ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയെക്കുറിച്ച് ചുരുക്കമായി ഇങ്ങനെ പറയാമല്ലോ: ''നമുക്ക് ദൈവകാരുണ്യവും സഭയുടെ കരുതലും നല്കിയ വലിയ ഇടയൻ''. കാരുണ്യവും കരുതലും നല്കിയ ഇടയൻ അക്ഷരാർത്ഥത്തിൽ തന്റെ പൗരോഹിത്യശുശ്രൂഷയിലും മേല്പട്ടശുശ്രൂഷയിലും ജീവിച്ച് നമുക്ക് സാക്ഷ്യമായി, പാഠമായി, അനുകരണീയ മാതൃകയായി സഭയ്ക്കും സമൂഹത്തിനും സമ്മാനിച്ച് യാത്രയായിരിക്കുന്നു. അപരിചിതമായ ഒരു സ്ഥലത്തേക്കോ, അപരിചിതമായ സന്നിധിയിലേക്കോ അല്ല, എവിടെനിന്ന് പുറപ്പെട്ടുവോ അവിടേക്ക്, ദൈവം സമ്മാനിച്ച അവിടുത്തെ ആത്മാവുമായി തിരികെ ചേരുന്നു. അഭി. തിമോത്തിയോസ് തിരുമേനി തന്റെ മേല്പട്ടശുശ്രൂഷയുടെ ആപ്തവാക്യമായി സ്വീകരിച്ചത് വി. ലൂക്കോസിന്റെ സുവിശേഷത്തിലെ അഞ്ചാം അദ്ധ്യായത്തിന്റെ അഞ്ചാം തിരുവചനമാണ്. മനുഷ്യൻ അവന്റെ സകല ബുദ്ധിയും ഉപയോഗിച്ച് ചിരപരിചിതമായിരുന്ന ജോലി നിർവ്വഹിച്ചിട്ടും ഫലം കാണാതിരുന്ന വേളയിൽ ദൈവത്തിന്റെ വചനം, ദൈവവചനത്തിന്റെ മാംസം ധരിച്ച കർത്താവായ യേശുക്രിസ്തുതന്നെ മറ്റൊരു മാർഗം പറഞ്ഞു കൊടുക്കുന്നത് നാം കാണുന്നു. ശിഷ്യന്മാർക്ക് മത്സ്യബന്ധനം പരിചിതമായ ഒരു തൊഴിലാണ്. അവരെ പ്രത്യേകിച്ച് ആരും പരിശീലിപ്പിക്കേണ്ടതില്ല. അവർ വലയിറക്കി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടപ്പോൾ, ഏറെ അദ്ധ്വാനിച്ചിട്ടും ഫലമൊന്നും കാണാതിരുന്ന സന്ദർഭത്തിൽ, ഗുരുവും നാഥനുമായവൻ, മത്സ്യങ്ങളെക്കാൾ മനുഷ്യരെ പിടിക്കുന്നതിന് നിയോഗം നല്കിയ കർത്താവ് അവരോട് പറഞ്ഞു: വള്ളത്തിന്റെ വലതുവശത്ത് വലയിടുക. പത്രോസ് പറഞ്ഞു: നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. മാർ തിമോത്തിയോസ് പിതാവിന്റെ ജീവിതത്തിന്റെ ആപ്തവാക്യം ''നീ പറഞ്ഞതനുസരിച്ച് ഞാൻ

വലയിറക്കാം'' എന്നതായിരുന്നു. ചുണ്ടേവാലേൽ ജോർജച്ചനെ/ സണ്ണിയച്ചനെ പരിചയമുള്ളവർക്ക്, ഈ ദേവാലയത്തിൽ ഇപ്പോൾ ഈ സ്വർഗ്ഗീയ യാത്രയിൽ പിതാവിനെ യാത്രയാക്കുമ്പോൾ, നിസ്സംശയം പറയുവാൻ കഴിയുന്ന ഒരു കാര്യം ഈ വചനം മാംസമായി പിതാവ് നമുക്ക് നല്കി. അത്ഭുതകരമായ ഒരു മീൻ പിടുത്തം. തിരുമേനിയുടെ ജീവിതത്തിലും ഇപ്രകാരമുള്ള അത്ഭുതകരമായ ജീവിതസാക്ഷ്യം നാം കാണുന്നു. ''നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം''. ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് തിരുമേനി ദിവംഗതനായപ്പോൾ പരിശുദ്ധ സഭ, പരിശുദ്ധ സിംഹാസനം, അത്തനാസിയോസ് തിരുമേനിയുടെ പിൻഗാമിയായി നിർദ്ദേശിച്ച് കൊണ്ടുവന്നത് അഭി. ജോർജ് ചുണ്ടേവാലേലച്ചനെയാണ്. പ്രാർത്ഥനാപൂർവ്വം, വിനയാന്വിതനായി അദ്ദേഹം അതിൽനിന്ന് ഒഴിഞ്ഞുമാറി. തന്റെ കുറവുകൾ കണ്ട് അദ്ദേഹം പറഞ്ഞു: അതിന് പ്രാപ്തിയുള്ള മറ്റാളുകൾ അത് നിർവ്വഹിക്കട്ടെ. ഞാൻ, പുരോഹിതനായി സഭ ഏല്പ്പിക്കുന്ന ശുശ്രൂഷകളൊക്കെ തുടർന്നുകൊള്ളാം. ദൈവപദ്ധതിയിൽ സുനിശ്ചിതമായ ചില ഘടകങ്ങളുണ്ട്. മാറ്റമില്ലാത്ത, മാറ്റി മറിക്കാനാവാത്ത അപ്രകാരമുള്ള ആ നിയോഗം, മാർ യൂഹാനോൻ തിരുമേനിയുടെ ദേഹവിയോഗത്തെതുടർന്ന് പരിശുദ്ധാത്മാവ് നമ്മുടെ പിതാവിന് വീണ്ടും നിയോഗം നല്കുമ്പോൾ വിനയാന്വിതനായി കർത്താവിനോട് പറഞ്ഞ വാക്കാണ് ''നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം''. ഈ ആപ്തവാക്യം വന്ദ്യപിതാവ് ജീവിതത്തിന്റെ സമർപ്പണമായി സ്വീകരിച്ചു. അതുവരെയും കണ്ടിട്ടില്ലാത്തതുപോലെ വലിയ മത്സ്യങ്ങൾകൊണ്ട് നിറഞ്ഞ വല, വലിച്ചുകയറ്റാൻ ക്ലേശിക്കുന്ന അനുഭവം. ശിഷ്യന്മാർക്ക് മാത്രമല്ല, തിരുവല്ല അതിഭദ്രാസനത്തിലൂടെ നമ്മുടെ സഭക്കും ലഭിച്ചുവെന്നത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം.

വിനയം, ദൈവഭയം, ദൈവാശ്രയം ഈ പുണ്യങ്ങൾ ഒരു മനുഷ്യനെ അത്ഭുതകരമായി ബലപ്പെടുത്തും. അതിന് ഈ വത്സലപിതാവ് മാർ തിമോത്തിയോസ് തിരുമേനി ജീവിക്കുന്ന ദൃഷ്ടാന്തമായി. 92 വർഷക്കാലം നമ്മുടെ ഇടയിൽ ജീവിച്ചു, മാതൃക നല്കി, സ്വർഗ്ഗത്തിലെ പുണ്യവാന്മാരുടെ കൂട്ടത്തിൽ ചേർക്കപ്പെട്ടിരിക്കുന്നു. ദൈവത്തെ മുറുകെ പിടിക്കുന്ന ഒരു പുരോഹിതനും, മഹാപുരോഹിതനുമായി നമ്മുടെ മുമ്പിൽ പിതാവ് ജീവിച്ചു.

പരിശുദ്ധ ദൈവമാതാവിനോട് അചഞ്ചലമായ ഒരു ആത്മബന്ധം പിതാവ് പുലർത്തിയിരുന്നത് മൈനർ സെമിനാരിയിൽ പിതാവിന്റെ ശിഷ്യന്മാരായിരുന്ന നമ്മിൽ അനേകർക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ടല്ലോ. ദീർഘസമയം ജപമാലയും, പരിശുദ്ധ അമ്മയുടെ ചിത്രത്തിന്റെ മുമ്പിലെ പ്രാർത്ഥനയും, ദേവാലയത്തിൽ പ്രവേശിക്കുമ്പോഴും തിരികെ പോകുമ്പോഴും പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായിരുന്ന Our Lady യുടെ ത്രോണോസിൽ വളരെ ഭക്തിയോടുകൂടി, അമ്മയ്ക്ക് തന്നെത്തന്നെ വിധേയപ്പെടുത്തുന്ന, അമ്മയുടെ ഒരു ഭക്തനായ ദാസനായിരുന്നു മാർ തിമോത്തിയോസ് പിതാവ്. മാതൃഭക്തനായി നമ്മുടെ മുമ്പാകെ ജീവിച്ച് മാതൃക നല്കി. പരിശുദ്ധ അമ്മ, കർത്താവിൽ ജീവിക്കുന്നതിന് നമ്മെ പഠിപ്പിക്കുന്ന ദൈവകണ്ണിയാണല്ലോ. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത് എന്ന വചനം നാം പലപ്പോഴും ഓർമ്മിക്കാറു

**തിരുവല്ല ഭദ്രാസനത്തിന്റെ വളർച്ച, ഈ വത്സലപിതാവിന്റെ കാലത്ത് അത്ഭുതകരമാണ്, അവിസ്മരണീയമാണ്. 1988 മുതൽ 2003 വരെ ഭദ്രാസനാദ്ധ്യക്ഷൻ എന്ന ശുശ്രൂഷ, 1953 മുതലുള്ള പൗരോഹിത്യശുശ്രൂഷ, 31 വർഷത്തെ മേല്പട്ടശുശ്രൂഷ എന്നിവ നാം നന്ദിയോടെ ഓർക്കുന്നു.**

ണ്ട്. സണ്ണിയച്ചൻ/ജോർജ് ചുണ്ടേവാലേലച്ചൻ/ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ ജീവിതത്തിന്റെ അത്ഭുതകരമായ, മിഴിവാർന്ന സാക്ഷ്യം അതാണ്. തിരുവല്ല ഭദ്രാസനത്തിന്റെ വളർച്ച, ഈ വത്സലപിതാവിന്റെ കാലത്ത് അത്ഭുതകരമാണ്, അവിസ്മരണീയമാണ്. 1988 മുതൽ 2003 വരെ ഭദ്രാസനാദ്ധ്യക്ഷൻ എന്ന ശുശ്രൂഷ, 1953 മുതലുള്ള പൗരോഹിത്യശുശ്രൂഷ, 31 വർഷത്തെ മേല്പട്ടശുശ്രൂഷ എന്നിവ നാം നന്ദിയോടെ ഓർക്കുന്നു. മാർ അത്തനാസിയോസ് തിരുമേനി, മാർ യൂഹാനോൻ തിരുമേനി എന്നിവരുടെ ശ്ലൈഹികശുശ്രൂഷയുടെ ചരിത്രഘട്ടത്തിനുശേഷം, നമ്മുടെ ഭദ്രാസനത്തെ കാരുണ്യവും കരുതലുംകൊണ്ട് ദീർഘവീക്ഷണത്തോടെ അഭി. പിതാവ് നയിച്ചത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം.

നമ്മൾ ഇന്ന് ആരാധന നടത്തുന്ന ഈ കത്തീഡ്രൽ ദേവാലയത്തിന്റെ പ്രാരംഭഘട്ടം, അത് ഏകദേശം പൂർത്തിയാക്കുന്ന ഘട്ടത്തിലാണ് എളിയവനായ ഞാൻ ഈ ഭദ്രാസനത്തിന്റെ

ശുശ്രൂഷ ഏറ്റെടുക്കുക. വളരെ വിശാലമായ ഒരു ബന്ധം ഈ ദേവാലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഭി. പിതാവ് ക്രമീകരിച്ചു. തന്റെ സകല പ്രാർത്ഥനയും കഴിവുകളും ഈ ദേവാലയ നിർമ്മാണത്തിൽ അനേക കുടുംബങ്ങളെ ചേർത്തുവച്ച് നിർവ്വഹിച്ചു. ഇതിന്റെ ഓരോ ജനലും കതകും, ഇതിന്റെ ഓരോ പാളിയും, നമ്മുടെ അനേക കുടുംബങ്ങളുടെ പേര് ഇവിടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അവർക്കും പിതാവിനും അതിഭദ്രാസനത്തിനും അറിയാവുന്നതുപോലെ ഒരാത്മബന്ധത്തിൽ രചിക്കപ്പെട്ടതും കുറിക്കപ്പെട്ടതുമാണ്. അഭി. പിതാവിനോട് ഞാൻ ചോദിച്ചു: ഈ വലിയ പള്ളി എങ്ങനെ പൂർത്തിയാക്കും? അദ്ദേഹം എന്നോട്, എന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു: പിതാവ്

**നമ്മുടെ നാടിന്റെ ഒരു വലിയ ശുശ്രൂഷാകേന്ദ്രമായി പുഷ്പഗിരി ഹോസ്പിറ്റൽ, മെഡിക്കൽ കോളജായി ഉയർത്തുന്നതിനുള്ള അതിന്റെ ആദ്യത്തെ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, അംഗീകാരം ലഭിക്കുമ്പോൾ വത്സലപിതാവ് പ്രാർത്ഥനയോടും, ദീർഘവീക്ഷണത്തോടും, പൂർണമായ പിന്തുണയോടുംകൂടി നിന്നു.**

ഒന്നും പേടിക്കേണ്ടാ. ഇത് തുടങ്ങിയതുപോലെ പൂർത്തിയായിക്കൊള്ളും. തുടങ്ങിയതുപോലെ പൂർത്തിയായിക്കൊള്ളും എന്നു പിതാവ് പറഞ്ഞത് പിതാവിന്റെ ആപ്തവാക്യമാണെന്ന് പൂർണ്ണമായി തിരിച്ചറിയുന്നു. അവിടുത്തെ കരംപിടിച്ച്, അവിടുത്തെ നാമത്തിൽ ആരംഭിച്ചത് അവിടുന്ന് പൂർത്തീകരിക്കും. അത്ഭുതകരമായി പൂർത്തീകരിക്കപ്പെട്ട, ഈ അതിമനോഹരമായ ദേവാലയത്തെ പിതാവ് തന്റെ സ്വപ്നമായി, മലങ്കരസഭക്കുവേണ്ടി കാണിക്കയായി സമർപ്പിച്ചു. ഈ മധ്യതിരുവിതാംകൂറിന്റെ ആരാധനാകേന്ദ്രം നമ്മുടെ സഭയ്ക്കു മാത്രമല്ല, സകല ക്രൈസ്തവ സഭകൾക്കും ഈശ്വരവിശ്വാസികൾക്കും ദൈവാരാധനയ്ക്ക്, ഭാരതീയ വാസ്തുശില്പകലയിൽ, മാർ അത്തനാസിയോസ് തിരുമേനി രൂപം കൊടുത്ത ലാറി ബേക്കറിന്റെ ഭാവനയനുസരിച്ചുള്ള പഴയ കത്തീഡ്രലിന്റെ വാസ്തുശില്പകല നഷ്ടപ്പെടുത്താതെ, അതിനേക്കാൾ ബലിഷ്ഠമായ രീതിയിൽ, മനോഹാരിത കൂടുതൽ വർദ്ധിപ്പിച്ച്, പിതാവ് നമുക്ക് സമ്മാനിച്ചു. അതിശയകരമെന്നു പറയട്ടെ, ഈ ദേവാലയത്തിലെ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അത് പൂർത്തീകരിക്കപ്പെട്ടിട്ട് നാലു ദിവസമെ ആയിട്ടുള്ളൂ. വത്സലപിതാവിനെ യാത്രയാക്കുമ്പോൾ, പണിക്കുറവ് തീർന്ന, പിതാവ് വികാരിയായി ശുശ്രൂഷിച്ച, ഇതിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ച, ശ്ലൈഹിക ശുശ്രൂഷക്കാരനെന്ന നിലയിൽ, യാത്രയാകുന്നത് പണിക്കുറവ് മുഴുവൻ തീർന്ന ഈ സെന്റ് ജോൺസ് കത്തീഡ്രൽ ദേവാലയത്തിൽ പ്രാർത്ഥന നടത്തിയാണ്.

നിന്റെ കല്പനയനുസരിച്ച് വലയിറക്കാമെന്നു പറയുമ്പോൾ സംഭവിക്കുന്ന വലിയ കരുതൽ, സ്വർഗ്ഗത്തിന്റേത്. ഈ ദേവാലയം മാത്രമല്ല, വത്സലപിതാവിന്റെ കാലത്ത് പണി തുടങ്ങി പൂർത്തീകരിക്കപ്പെട്ട ദേവാലയങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. വിശാലമായ ദേവാലയമാണ് അവയെല്ലാം. ചിലപ്പോഴൊക്കെ ചോദിച്ചിട്ടുണ്ട്. ഇത്രയും വലിയ പള്ളി ചെറിയ ഇടവകയ്ക്ക് താങ്ങുവാനാകുമോ, അതിന്റെ ആവശ്യമുണ്ടോ?. അപ്പോൾ പറയും, അവർക്കാണ് നമ്മൾ വലിയ പള്ളി കൊടുക്കേണ്ടത്. അനേകം ദേവാലയങ്ങൾ പിതാവ് തുടങ്ങി പൂർത്തിയാക്കി. നമ്മുടെ നാടിന്റെ ഒരു വലിയ ശുശ്രൂഷാകേന്ദ്രമായി പുഷ്പഗിരി ഹോസ്പിറ്റൽ, മെഡിക്കൽ കോളജായി ഉയർത്തുന്നതിനുള്ള അതിന്റെ ആദ്യത്തെ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, അംഗീകാരം ലഭിക്കുമ്പോൾ വത്സലപിതാവ് പ്രാർത്ഥനയോടും, ദീർഘവീക്ഷണത്തോടും, പൂർണമായ പിന്തുണയോടുംകൂടി നിന്നു. അഭി. യൂലിയോസ് തിരുമേനി ഡയറക്ടർ എന്ന നിലയിൽ ആ ശുശ്രൂഷ ഏറ്റെടുത്ത് പൂർത്തീകരിച്ചു. വത്സലപിതാവിന്റെ ശ്ലൈഹികമായ അനുഗ്രഹം വർത്തമാനമായ രീതിയിൽ നമുക്ക് ലഭിച്ചുകൊണ്ടേയിരുന്നു. ഒരേ സമയം ഈ ഭദ്രാസനത്തിന് മൂന്ന് കേന്ദ്രങ്ങളിൽ അജപാലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് (പാസ്റ്ററൽ സെന്റേഴ്സ്) - കട്ടപ്പനയിലും പീച്ചിയിലും തിരുവല്ലയിലും - നേതൃത്വം നല്കി. ഒരു പാസ്റ്ററൽ സെന്റർ എന്ന് ഇക്കാലത്ത് പറയുമ്പോൾ അതിൽ വലിയ ആശ്ചര്യമൊന്നുമില്ല. എന്നാൽ പിതാവ് ശുശ്രൂഷ ആരംഭിച്ച കാലഘട്ടത്തിൽ, മൂന്ന് പ്രദേശങ്ങളിൽ ഭദ്രാസനത്തിന്റെ മക്കൾക്ക് ഒരുമിച്ചുകൂടുവാൻ, സഭാപരമായ, അജപാലനപരമായ ശുശ്രൂഷകൾ ഏകോപിപ്പിച്ച് ക്രമീകരിക്കുവാൻ, അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ട പിതാവ്, ഈ അജപാലന കേന്ദ്രങ്ങൾ നമുക്കുവേണ്ടി തുറന്നത്, തുടങ്ങിയത് ഓർക്കുന്നു. തിരുവല്ലയുടെ

വികസനം, ഈ മേല്പട്ടശുശ്രൂഷയുടെ ശ്രദ്ധേയമായ പൊതുജനസമർപ്പണ ഭാഗമാണ്. തിരുവല്ലയുടെ വികസന നായകനെന്ന് സാമൂഹിക-രാഷ്ട്രീയ തലങ്ങളിലെ അനേകം പ്രതിനിധികൾ ഇന്നും ഇന്നലെയും ഒക്കെ സംസാരിച്ചത് കേട്ടു. തിരുവല്ലായ്ക്ക് വികസനത്തിന്റെ പന്ഥാവ് വാസ്തവത്തിൽ ഈ ആധുനിക കാലഘട്ടത്തിൽ തുറന്നത് മാർ തിമോത്തിയോസ് തിരുമേനിയാണ്. മാർ യൂഹാനോൻ തിരുമേനിയുടെ അനുഗ്രഹീതമായ കാലയളവിൽ, നമ്മുടെ തിരുവല്ലയിലെ പബ്ലിക് സ്റ്റേഡിയം സ്വപ്നമായിരുന്നത്, യാഥാർത്ഥ്യമാക്കുന്നതിന് അന്നത്തെ വികാരി ജനറാൾ ജോർജ് ചുണ്ടേവാലേലച്ചൻ നല്കിയ നേതൃത്വമാണ്. ഇന്ന് അത് വലിയ അനുഗ്രഹമായി നാടിന് ലഭിച്ചിരിക്കുന്നു. തിരുവല്ലായിലെ അശരണരായ ആളുകളെ താമസിപ്പിച്ച്, അവരെ ശുശ്രൂഷിക്കുന്നതിനുള്ള അഭയഭവന്റെ തുടക്കത്തിൽ ഒന്നാമൻ മാർ തിമോത്തിയോസ് തിരുമേനി ആണെന്നത് ഒരുപക്ഷേ ഇന്ന് അനേകർക്ക് ഓർമ്മയിൽ കിട്ടുന്നില്ലായിരിക്കാം. പിതാവിന്റെ ശ്രദ്ധയും കരുതലുമാണ്, കാരുണ്യവും കരുതലുമാണ്, അഭയഭവന്റെ ആരംഭം. തിരുവല്ല വൈ.എം.സി.എ. യുടെ സജീവമായ പ്രവർത്തനം പിതാവിന്റെ നേതൃത്വത്തിൽ നല്കപ്പെട്ടത് ഓർക്കുന്നു. തിരുവല്ലയുടെ നാഴികക്കല്ലെന്നു വിശേഷിപ്പിക്കാവുന്ന, ഈ കത്തീഡ്രൽ ദേവാലയം, പുഷ്പഗിരി മെഡിക്കൽ കോളജ് എന്നിവ നമ്മുടെ ദേശത്തിന്റെ വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

തിമോത്തിയോസ് പിതാവിന്റെ മനസ്, ഒരു എക്യുമെനിക്കൽ മനസ്സായിരുന്നുവെന്ന് വത്സലപിതാവിനെ അറിയാവുന്നവർക്ക് നിസ്സംശയം പറയാം. ചുരുങ്ങിയത്, ആഴ്ചയിൽ ഒരിക്കലെങ്കിലും, നമുക്കേവർക്കും പ്രിയങ്കരനായിരുന്ന വന്ദ്യ ദിവ്യശ്രീ കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ, മൈനർ സെമിനാരിയിലെ കൊച്ചുമുറിയിൽ ചുണ്ടേവാലേലച്ചനെ കാണാൻ വന്നിരുന്നത് സജീവമായി ഓർമ്മയിലുണ്ട്. ചുണ്ടേവാലേലച്ചനെ കാണാൻ വരുന്ന കോർഎപ്പിസ്കോപ്പ, അവർ ഒരുമിച്ച് പ്രാർത്ഥിക്കും. എല്ലാ സഭകളുമായും, പിതാവിന് ഒരു വലിയ ബന്ധമുണ്ടായിരുന്നു. തിരുവല്ലയിലെ ഐക്യവാരപ്രാർത്ഥനയുടെ ചടുലമായ പ്രവർത്തന കാലഘട്ടമായിരുന്നു ജോർജ് ചുണ്ടേവാലേലച്ചൻ ഈ ഇടവകയുടെ വികാരിയായിരുന്നപ്പോഴും, പായിപ്പാട് ഇടവകയുടെ വികാരിയായിരുന്നപ്പോഴുമുള്ള ശുശ്രൂഷ. മറ്റ് പിതാക്കന്മാരുമായുള്ള ബന്ധം പിതാവ് വലിയ ശ്രദ്ധയിൽ കരുതി. മലങ്കര ഓർത്തഡോക്സ് സഭയുടെ കാലം ചെയ്ത ബസേലിയോസ് മാർത്തോമ്മാ ദ്വിതീയൻ മെത്രാപ്പോലിത്തായോടും, ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടും, മാർതോമ്മാ സഭയിലെ വലിയ മെത്രാപ്പോലിത്താ തിരുമേനിയോടും അഭി. പിതാവ് വലിയ ആത്മബന്ധം പുലർത്തിയിരുന്നു. ദക്ഷിണേന്ത്യൻ മഹായിടവകയുടെ അതാത് കാലത്തെ മേലദ്ധ്യക്ഷന്മാരുമായി വത്സലപിതാവിന് ഹൃദയപൂർവ്വമായ ബന്ധമുണ്ടായിരുന്നു. കത്തോലിക്കാസഭയിലെ അഭി. പിതാക്കന്മാരോട്, ചങ്ങനാശ്ശേരിയിലെയും, കോട്ടയത്തെയും നമുക്ക് ഏറ്റം അടുപ്പമുള്ള അയൽക്കാർ, പാലാ രൂപത, നമുക്ക് ഏറ്റം മിഷനറിമാരെ നല്കിയിട്ടുള്ള സീറോ മലബാർ സഭയിലെ അഭി. പിതാക്കന്മാരെല്ലാവരോടും പ്രത്യേകമായ ബന്ധം ഉണ്ടായിരുന്നു. പ്രായാധിക്യം ഉണ്ടെങ്കിലും അഭി. പള്ളിക്കാപറമ്പിൽ പിതാവ് ഇവിടെ എത്തി പ്രാർത്ഥിച്ചത് ആ വലിയ ആത്മബന്ധത്തിലാണ്. തലശ്ശേരി രൂപതയുടെ വിരമിച്ച മെത്രാപ്പോലിത്ത വലിയമറ്റം പിതാവ് ഏറെ ദൂരം യാത്രചെയ്ത് വന്നത് ആ ബന്ധത്തിലാണ്. ലത്തീൻ സഭയിലെ അഭി. പിതാക്കന്മാരോട്, പ്രത്യേകമായി കൊല്ലം രൂപതയോടുമൊക്കെ അഭി. പിതാവ് വലിയ ബന്ധം പുലർത്തി. വിജയപുരം രൂപതയുമായും അടുത്ത ബന്ധം ഉണ്ടായിരുന്നു.

തിരുവല്ലയിൽ ഐക്യക്രിസ്തുമസ്സ് ആഘോഷം യാഥാർത്ഥ്യമാക്കിയത് ജോർജ് ചുണ്ടേവാലേലച്ചനാണ്. ഈ മനസ്സ് എല്ലാ കാലത്തും, എക്യുമെനിക്കൽ മനോഭാവത്തിൽ നിറഞ്ഞുനിന്ന അനുഭവം നമുക്ക് നല്കിയിട്ടുണ്ട്. ഭാരതസഭയുടെയും കേരള കത്തോലിക്കാസഭയുടെയും സജീവമായ ശുശ്രൂഷയിൽ വത്സലപിതാവ് നേതൃത്വം നല്കിയിട്ടുണ്ട്. സി.ബി.സി.ഐ.യുടെ ഒന്നാമത്തെ വൈസ്പ്രസിഡന്റായി പിതാവ് സേവനം അനുഷ്ഠിക്കുമ്പോഴാണ് കാരിത്താസ് ഇന്ത്യയുടെ ചെയർമാനായി പ്രവർത്തിക്കുക. രണ്ട് പ്രധാനപ്പെട്ട സംഭവങ്ങൾ ആ കാലഘട്ടത്തിൽ ഉണ്ടായി. മഹാരാഷ്ട്രയിലെ ലാത്തോറിൽ നടന്ന ഭൂകമ്പവുമായി ബന്ധപ്പെട്ട ദുരനുഭവങ്ങൾക്ക് പരിഹാരം കാണുന്നതിന് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടത്തിയ വലിയ സാമൂഹികപ്രവർത്തനം. പുനരധിവാസപ്രവർത്തനങ്ങളുൾപ്പെടെ, നൂറുകണക്കിന് കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന വലിയ പദ്ധതിക്ക് നമ്മുടെ ഈ വത്സലപിതാവാണ് കാരുണ്യവും കരുതലും നല്കി നേതൃത്വം കൊടുത്തത് എന്നത് നമുക്ക് അഭിമാനത്തോടെ, സന്തോഷത്തോടെ ഓർക്കാം.

ദളിത് ക്രൈസ്തവരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഡൽഹിയിൽ ഒരു പൊതുസമ്മേള

**വികാരിയായിരുന്ന പള്ളികളിൽ ഇപ്പോ ഴും, കാലങ്ങൾക്കുശേഷവും അവിടുത്തെ കുഞ്ഞുങ്ങൾ, അവരുടെ തലമുറകളിലെ മക്കൾ പിതാവിന്റെ ശുശ്രൂഷയെക്കുറിച്ച്, മാതാപിതാക്കളിൽനിന്ന് കേട്ട് പങ്കുവ യ്ക്കുന്നത് എനിക്കറിയാം. അവി ടെയെല്ലാം ആളുകളെ പേരുചൊല്ലി വിളിക്കുന്ന ചുണ്ടേവാലേലച്ചൻ.**


നം നടന്നു. പിതാവ് അന്ന് സി.ബി.സി.ഐ.യുടെ വൈസ്പ്രസിഡന്റാണ്. കത്തോലിക്കാമെത്രാന്മാരിൽ, അന്ന് അവിടെ അറസ്റ്റ് വരിച്ച്, ദളിത് മുന്നേറ്റത്തിന്റെ വലിയ പ്രചാരകനായി തീർന്നത് നമ്മുടെ ഈ വത്സലപിതാവാണ്. ബഹു. ചെറിയാൻ താഴമണ്ണച്ചനാണ് പിതാവിനെ അവിടെ കൊണ്ടുപോയത്. പോയ വഴിക്ക് പിതാവ് ചോദിച്ചു: എവിടേക്കാ എന്നെ വിളിച്ചുകൊണ്ടു പോകുന്നത്? പ്രസംഗിക്കാനോ വല്ലതും ആണോ? അപ്പോൾ താഴമണ്ണച്ചൻ പറഞ്ഞു: പ്രസംഗിക്കാനൊന്നുമല്ല. അവർ അറസ്റ്റുചെയ്യും. പിതാവ് ചെയ്യാനൊന്നുമില്ല. ദളിത് ക്രൈസ്തവരുടെ വലിയ മുന്നേറ്റത്തിന്, പിതാവിനെ സംബന്ധിച്ച് അത് ഔപചാരികമായ ഒരു ചടങ്ങല്ല. പിതാവ് നമ്മുടെ കത്തീഡ്രൽ ദേവാലയമുൾപ്പെടെ, വിവിധ ദേവാലയങ്ങളിലെ പാവപ്പെട്ട കുടുംബങ്ങളിലെ മക്കൾക്ക് പഠിക്കുവാനുള്ള വലിയ കരുതൽ നല്കിയ ഒരു ശുശ്രൂഷയുണ്ട്. അത് ഒരിക്കലും അവരും അടുത്ത തലമുറകളും മറക്കുകയില്ല. വലിയ നന്മ നല്കിയ ഒരനുഭവം. കെ.സി.ബി.സി.യുടെ സെക്രട്ടറിയായും വൈസ് പ്രസിഡന്റായും പിതാവ് ശുശ്രൂഷിച്ചിട്ടുള്ളത് ഓർക്കുന്നു. ഇടവകകളെ സ്നേഹിച്ച ഇടയനാണ് തിമോത്തിയോസ് പിതാവ്. വികാരിയായിരുന്ന പള്ളികളിൽ ഇപ്പോഴും, കാലങ്ങൾക്കുശേഷവും അവിടുത്തെ കുഞ്ഞുങ്ങൾ, അവരുടെ തലമുറകളിലെ മക്കൾ പിതാവിന്റെ ശുശ്രൂഷയെക്കുറിച്ച്, മാതാപിതാക്കളിൽനിന്ന് കേട്ട് പങ്കുവയ്ക്കുന്നത് എനിക്കറിയാം. അവിടെയെല്ലാം ആളുകളെ പേരുചൊല്ലി വിളിക്കുന്ന ചുണ്ടേവാലേലച്ചൻ. അച്ചനെ കാണാൻ വരുന്ന ഇടവകയിലെ ആളുകൾ, സെമിനാരിയിൽ വരുമ്പോൾ അവരോട് സംസാരിക്കുന്നതും, ഇടപെടുന്നതുമൊക്കെ കാണുമ്പോൾ, അതൊക്കെ പഠിച്ച കാലഘട്ടത്തിലെ നല്ല ഓർമ്മകളാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എളിയ ശുശ്രൂഷകനായി, അദ്ധ്യക്ഷനായി പിതാവിനോടുള്ള ആദരവ് ഇവിടെ അറിയിക്കുമ്പോൾ, എന്റെ ഗുരുഭൂതൻ എന്ന നിലയിൽ, വൈദിക പരിശീലനത്തിന്റെ ഒന്നാം ദിവസം മുതൽ മൂന്നുവർഷക്കാലം പിതാവ് നല്കിയിട്ടുള്ള വലിയ ആത്മീയമായ ശക്തിപ്പെടുത്തൽ, വലിയ പ്രോത്സാഹനം, കരുതൽ അത് കൃതജ്ഞതയോടെ ഓർക്കുകയാണ്. 200 ളം വൈദികരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത പിതാവിന്റെതന്നെ ശിഷ്യന്മാരായ 6 പിതാക്കന്മാർ മലങ്കരസഭയിൽ ശുശ്രൂഷിക്കുമ്പോൾ, നിങ്ങളോടൊപ്പം ഞാനും അഭിമാനത്തോടെ ഓർക്കുന്നു. പിതാവ് നല്കിയ വൈദികജീവിതത്തിന്റെ ആദ്യപാഠങ്ങൾ ജീവിതത്തിന് ബലം നല്കി, കർത്താവിനെ അടുത്തറിയുന്നതിനുള്ള ആത്മവിശ്വാസം നല്കി, ചൈതന്യം നല്കി.

ജനങ്ങൾക്ക് കാരുണ്യം, തന്റെ ഭദ്രാസനത്തിന്, തന്റെ സഭാമക്കൾക്ക് കരുതൽ. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ കാരുണ്യവും കരുതലും നല്കിയ ആത്മീയതയും, സാമൂഹികമായ വളർച്ചയും, അടിസ്ഥാന സൗകര്യങ്ങളും, ആരാധനയ്ക്കുള്ള ക്രമീകരണങ്ങളും, ഭദ്രാസനത്തിന്റെ സാമ്പത്തികമായ അടിത്തറയും, പൊതുസമൂഹത്തിലെ പാവങ്ങൾക്ക് ജാതിമതഭേദമെന്യേ കരുതലും നല്കിയ ഈ വത്സലപിതാവ് യാത്രയാകുന്നു. നിങ്ങൾ ഹൃദയത്തിൽ കുറിച്ചു വയ്ക്കുക. പിന്നീട് പ്രാർത്ഥനയിൽ ഓർക്കുക. വന്ദ്യ തിമോത്തിയോസ് പിതാവിനെ ഓർക്കാൻ എന്റെ മനസ്സിൽ മറ്റ് വാക്കുകളില്ല. ദൈവത്തിന്റെ കാരുണ്യം, തന്റെ ജനത്തിന് കരുതൽ നല്കിയ ഇടയൻ. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതിയെന്ന് പരി. അമ്മയെക്കുറിച്ച് പറഞ്ഞത് പിതാവിന്റെ ആപ്തവാക്യത്തിന്റെ അനുസരണയാണ്. വള്ളത്തിന്റെ വലതുവശത്ത് വലയിടുക. നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. പിതാവ് വലയിറക്കി, കർത്താവ് പറഞ്ഞ കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചു. അത് സംഭവിച്ചു. ഞങ്ങൾക്ക് മിശിഹാതമ്പുരാന്റെ കാരുണ്യവും, ഇടയന്റെ കരുതലും നല്കിയ, ഭാഗ്യവാനായ മാർ തിമോത്തിയോസ് പിതാവേ, അങ്ങ് സമാധാനത്തോടെ പോയാലും. ബലഹീനരായ ഞങ്ങൾക്കുവേണ്ടി, അങ്ങ് നിരന്തരം ദൈവതിരുസന്നിധിയിൽ അപേക്ഷിക്കണമെ.

■

# HIS EXCELLENCY MOST REV. GEEVARGHESE MAR TIMOTHEOS



**Most Rev. Dr. Thomas Mar Koorilos**
Metropolitan Archbishop of Tiruvalla

His Excellency Most Rev. Geevarghese Mar Timotheos, the senior most Bishop of Syro Malankara Catholic Church, who paved the warp and woof of Thiruvalla bid farewell to us. His Episcopal period can be denoted as the golden age of the Archdiocese of Tiruvalla. The abundance of love and blessings during the tenure of His Excellency are beyond words. I was fortunate to know him more personally and could assist him in all the services as his secretary from the very first day of his nomination as Bishop. The dynamic leadership and the excellent services rendered by him influenced the tremendous growth of our Church and society. He was the most vigilant curator, always willing to extend his prayerful support to his people. "He who keeps Israel shall neither slumber nor sleep" is very fitting for shepherd Mar Timotheos.

Born (02/02/1928) in a blessed family as the eldest son of Rev. Fr. Jacob Chundevalel and Annamma, Amayanoor, he was fascinated to priesthood and joined the minor seminary, Tiruvalla. He did Philosophy and Theology at Kandy Sri Lanka. After his priestly ordination (24/08/1953) from the Papal Seminary, he started his service at Vazhapally, presently headquarters of Muvattupuzha diocese. As a priest he was regarded with deep affection by the people. As Rector, he served the diocese for 18 years. He



was Rector for almost all the priests of Bathery, Muvattupuzha, Puttoor and Tiruvalla (about 200 students). His Excellency served the diocese as a Rector, Vicar General and Administrator, which led him to the office of the Bishop (19/05/1988).

The Cathedral hall with all its technical perfections and artistic beauty was his thoughtful initiation as early 1979. The Public stadium of Tiruvalla took its shape in the space provided by the Archdiocese of Tiruvalla. Tiruvalla diocese also witnessed unprecedented growth during this period. Many missions were started, churches were renovated and Sunday school halls were built. His Excellency stood with the poor and the downtrodden and started hostels for Dalit students at Chunkkapara, Mannar and Thirumoolapuram. Educational aid also given to poor students. His Excellency took the initiative to start Abhayabhavan at Thiruvalla, which is an ecumenical endeavor to take care of the sick and elderly men and women who have no one to take care of them. He was able assist Sr. Dr. Litty and her community by establishing the Providence home at Kakkanad. Being the Chairman of Caritas India and Vice President of CBCI, he extended great help to the victims of earthquake in Maharashtra and in Gujarat. He also received arrest in the protest march for Dalit rights in 1999.

His Excellency Mar Timotheos made many remarkable footsteps in the educational field. He took the brave decision to upgrade Pushpagiri hospital to Pushpagiri Medical College and thus making the highly expensive educational scenario open to children of common man. Yet another landmark in the beginning of the prestigious MACFAST College in Tiruvalla, to business and other technical institutions, Teachers Training Institute, Chengaroor, Higher secondary Schools, CBSE Schools and other institutions were started during his tenure.

St. John’s Cathedral, the magnificent architectural and artistic monument of Tiruvalla, was his unique contribution. The ecumenical Christmas, a celebration involving the active participation of different Christian communities was also contribution of His Excellency. The clergy home at Pallimala, for the retired priests, Pastoral Centre at 3 places, Santhinilayam at Tiruvalla, Jyothis at Kattapana and Darsana at Peechi are all the fruits of his foresightedness. His Excellency was fortunate enough to be the mentor of many Priests and also 6 Bishops including the Major Archbishop Catholicos of the Syro Malankara Catholic Church.

For three days, the mortal remains of His Excellency was kept in the Cathedral for viewing. The last part of the funeral began at 2.00 pm on 06th June 2019, officiated by the Head and Father of the Syro Malankara Catholic Church, His Beatitude Moran Mor Baselios Cardinal Cleemis, Major Archbishop Catholicos and assisted by His Beatitude Most Rev. George Cardinal Alencherry, the Major Archbishop of the Syro-Malabar Church and His Grace Most Rev. Dr. Maria Calist Soosa Pakiam, Chairman of the Kerala Catholic Bishops’ Council and many bishops from all Churches and many civic dignitaries. By 5 pm the burial service was complete.

His Excellency Most Rev. Geevarghese Mar Timotheos was an embodiment of love and compassion. He extended his hands and hearts to all without leaving anyone outside. We learn a lot of lessons from this great luminary and great shepherd who fully and totally gave himself up to God and to His People. He leaves a great space which is hard to fill in. We remain with the hope of seeing him in the company of His Great Saints. May his soul rest in peace!

# നിത്യപുരോഹിതനായ യേശുവിന്റെ തിരുഹൃദയത്തോട് ചേർന്ന ശ്രേഷ്ഠാചാര്യൻ!

മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ
സ്തേഫാനോസ് മെത്രാപ്പോലിത്താ





പൗരോഹിത്യത്തിന്റെ എല്ലാ നന്മകളും കൃപകളും നിറഞ്ഞിരുന്ന തിമോത്തിയോസ് പിതാവിന്റെ വേർപാട് ഏറെ ദുഃഖം ഉളവാക്കുന്നു. നിത്യപുരോഹിതനായ യേശു ജീവിച്ചതും പ്രസംഗിച്ചതുമായ പൗരോഹിത്യം ഈ കാലഘട്ടത്തിൽ മാതൃകയാക്കി ജീവിച്ച വന്ദ്യപിതാവിന്റെ ധന്യജീവിതം എത്രയോ ശ്രേഷ്ഠമായിരുന്നു. വിശുദ്ധ വചനത്തിന്റെയും കൂദാശാനുഷ്ഠാനങ്ങളുടെയും അരൂപിയിൽ ജീവിച്ച വന്ദ്യപിതാവിന്റെ ശ്രേഷ്ഠ ഇടയശുശ്രൂഷ അനേകായിരങ്ങൾക്ക് ആത്മീയശക്തി പകർന്നു. തിരുവല്ലാ അതിഭദ്രാസനം എന്ന വിശാലമായ കുടുംബത്തിലെ എല്ലാ വ്യക്തികളുടൈയും കുടുംബങ്ങളുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സർവ്വതോന്മുഖമായ നന്മയും വളർച്ചയും വന്ദ്യപിതാവിന്റെ സ്വപ്നമായിരുന്നു. ആത്മീയവളർച്ചയും ഭൗതികവളർച്ചയും സ്വായത്തമാക്കുവാൻ സർവ്വരെയും പ്രോത്സാഹിപ്പിച്ച വന്ദ്യപിതാവ്, സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ എപ്പോഴും കരുണാമയനും ഔദാര്യസ്തനുമായിരുന്നു. വന്ദ്യ തിമോത്തിയോസ് പിതാവിന്റെ വ്യക്തിപ്രഭാവം വർണ്ണനാതീതമാണ്. എനിക്ക് ഗുരുവും പിതാവുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന് പ്രാർത്ഥനയിലും കൃതജ്ഞതയിലും ചാലിച്ച ബാഷ്പാഞ്ജലികൾ! മലങ്കര സുറിയാനി സഭ അമേരിക്ക-കാനഡ ഭദ്രാസനത്തിന്റെ അനുശോചനങ്ങൾ!

# ചോദിച്ചവരാരും നല്കാതിരുന്നിട്ടില്ല, ചോദിച്ചവർക്കാർക്കും കിട്ടാതെയുമിരുന്നിട്ടില്ല



**മോൺ. ചെറിയാൻ താഴമൺ**
**മുഖ്യ വികാരിജനറാൾ**

കാലം ചെയ്ത അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്തയാണ് വൈദികപരിശീലനത്തിനായി സെമിനാരിയിൽ എനിക്ക് പ്രവേശനം നല്കിയതും, ആദ്യ നാല് വർഷം രൂപീകരണം നല്കിയതും, വൈദികാഭിഷേകം സ്വീകരിക്കുന്നതുവരെ പരിശീലനം നല്കിയതും. അദ്ദേഹത്തിന്റെ ആത്മാവ് ദേഹം വെടിഞ്ഞ് നിത്യതയിലേക്ക് പറന്നകന്ന നിമിഷത്തിൽ അദ്ദേഹത്തിന്റെ കിടക്കക്കരികിൽ നിറമിഴികളോടെ ആയിരുന്നപ്പോൾ എന്റെ മനസ്സിലേക്ക് കടന്നുവന്ന ചിന്ത ഇപ്രകാരമായിരുന്നു: ‘‘കയ്യിൽ കിട്ടിയതെല്ലാം ആവശ്യക്കാർക്കു കൊടുത്തു തീർത്തതിൽ സംതൃപ്തി കണ്ടെത്തുകയും, കണ്ടുമുട്ടിയവരുടെയെല്ലാം ഹൃദയത്തിൽ ഇടം കണ്ടെത്തുകയും ചെയ്ത പിതാവ് കിട്ടുന്നതിനെക്കാൾ കൊടുക്കുന്നതിൽ ആനന്ദവും സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. വന്ദ്യപിതാവ് വൈദികനായിരുന്നപ്പോഴും, മെത്രാപ്പോലിത്താ ആയിരുന്നപ്പോഴും അദ്ദേഹത്തിന്റെ വാസസ്ഥലത്ത് സഹായം തേടി വരുന്നവരുടെ നീണ്ടനിര കാണാമായിരുന്നു. സഹായം തേടി വന്നിരുന്നവർ പ്രതീക്ഷിച്ചതിൽ കവിഞ്ഞ ഔദാര്യം അദ്ദേഹത്തിൽനിന്നു സ്വീകരിച്ചാണ് മടങ്ങിയിരുന്നത്. ആർക്കും നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ലെന്നത് നഗ്ന യാഥാർത്ഥ്യം.



ആവശ്യക്കാർക്കുവേണ്ടി ഔദാര്യമതികളെ കണ്ടെത്താനും അപരന്റെ ആവശ്യം അവരുടെ പക്കൽ അവതരിപ്പിച്ച് സഹായം തേടാനും അദ്ദേഹത്തിന് അശേഷം മടിയില്ലായിരുന്നു. തനിക്കുവേണ്ടി ആരോടും ഒന്നും ചോദിക്കാത്ത അദ്ദേഹം സാധുക്കൾക്കുവേണ്ടി ആരുടെ മുൻപിലും കൈനീട്ടാൻ തയ്യാറായിരുന്നു. അദ്ദേഹം ചോദിച്ചവരാരും നല്കാതിരുന്നിട്ടില്ല, അദ്ദേഹത്തോട് ചോദിച്ചവർക്കാർക്കും ലഭിക്കാതെയുമിരു

**ആവശ്യക്കാർക്കുവേണ്ടി ഔദാര്യമതികളെ കണ്ടെത്താനും അപരന്റെ ആവശ്യം അവരുടെ പക്കൽ അവതരിപ്പിച്ച് സഹായം തേടാനും അദ്ദേഹത്തിന് അശേഷം മടിയില്ലായിരുന്നു.**

ന്നിട്ടില്ല. എവിടെയോ വായിച്ച ഒരു ഭാഗം ഈ അവസരത്തിൽ മനസ്സിൽ തെളിയുന്നു: ''വൃക്ഷങ്ങൾ ഫലം കായ്ക്കുന്നത് സ്വയം അനുഭവിക്കാനല്ല, മറ്റ് ജീവികൾക്കാഹരിക്കുന്നതിനാണ്. നദികൾ ജലവുമായി പ്രവഹിക്കുന്നത് സ്വന്തം ദാഹം തീർക്കാനല്ല, ലോകത്തിന് പ്രയോജനം ചെയ്യുന്നതിനാണ്. ജീവദായകമായ പാൽ മനുഷ്യർക്കു നല്കുന്നതിനുവേണ്ടിയാണ് പശുക്കൾ ജീവിക്കുന്നത്. ഇതുപോലെ മനുഷ്യശരീരം കിട്ടിയ നാം ലോകോപകാരാർത്ഥം ജീവിക്കണം''. തന്നെ അന്നമാക്കുന്ന മനുഷ്യരുടെ സന്തോഷമാണല്ലോ നെല്ലിനു നിർവൃതി നല്കുന്നത്. അഭി. മാർ തിമോത്തിയോസ് പിതാവിന്റെ ജീവിതവും ഇപ്രകാരമുള്ള ഒരു നിർവൃതിയായിരുന്നു. പരോപകാരത്തിന്റെ പര്യായമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അന്യർക്കു ഗുണം ചെയ്വതിനായി ആയുസ്സും വപുസ്സും ആത്മതപസ്സും ധന്യത്വമോടെ ബലി ചെയ്തവരെയാണല്ലോ ലോകം എന്നും അംഗീകരിക്കുന്നതും ആദരിക്കുന്നതും. മാർ തിമോത്തിയോസ് പിതാവ് സമൂഹത്തിന്റെ ആകമാനം ആദരവും അംഗീകാരവും നേടിയതും ഇതുകൊണ്ടുതന്നെയായിരുന്നു. ജീവിതം ഒരു ചൂളയായിരുന്നപ്പോൾ അതിൽനിന്നും പ്രവഹിച്ച ചൂടും വെളിച്ചവും ജീവജാലങ്ങൾക്കു നല്കിയ സൂര്യനും, സൂര്യതാപത്തെ ശിരസ്സിലേറ്റി വഴിയാത്രക്കാർക്കു തണൽ നല്കിയ വൃക്ഷവും പരോപകാരത്തിന്റെ പ്രകൃതിയിലെ മാതൃകകളല്ലേ? ചുറ്റും പ്രകാശം പരത്തി സ്വയം എരിഞ്ഞടങ്ങുന്ന മെഴുകുതിരിയും പരോപകാരത്തിന്റെ പവിത്ര മാതൃകയല്ലേ? മാർ തിമോത്തിയോസ് പിതാവിൽ ഈ സാദൃശ്യങ്ങളെല്ലാം അന്വർത്ഥമാണ്. ഒൻപത് പതിറ്റാണ്ടിലധികം നീണ്ട അദ്ദേഹത്തിന്റെ ജീവിതം ധന്യമായത്, അത് അനേകരുടെ ജീവനും ജീവിതത്തിനും ഉതകിയിരുന്നതുകൊണ്ടാണ്. മലയാളത്തിന്റെ മഹാകവി കുമാരനാശാന്റെ ഒരു ഈരടി ഇവിടെ ഓർമ്മവരുന്നു:

**ജീവിതം ഒരു ചൂളയായിരുന്നപ്പോൾ അതിൽനിന്നും പ്രവഹിച്ച ചൂടും വെളിച്ചവും ജീവജാലങ്ങൾക്കു നല്കിയ സൂര്യനും, സൂര്യതാപത്തെ ശിരസ്സിലേറ്റി വഴിയാത്രക്കാർക്കു തണൽ നല്കിയ വൃക്ഷവും പരോപകാരത്തിന്റെ പ്രകൃതിയിലെ മാതൃകകളല്ലേ?**


''അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ''

വി. മത്തായിയുടെ സുവിശേഷം 24: 45–47 ൽ യേശുനാഥനും പറയുന്നു, വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരെന്ന്. ''തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. ഞാൻ നിന്നോടു പറയുന്നു, യജമാനൻ അവനെ തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കും''. ഇതാ വിശ്വസ്തനും വിവേകിയുമായ കർതൃദാസൻ നമ്മുടെ വത്സലപിതാവ് തന്റെ യജമാനന്റെ നിയമനം ലഭിച്ച് യാത്രയായിരിക്കുന്നു. കനം തൂങ്ങുന്ന കതിർക്കുലകളുമായി തല താഴ്ത്തി നില്ക്കുന്ന നെൽച്ചെടിയോട് കവി ഓതുന്നത് ഓതിക്കൊണ്ടവസാനിപ്പിക്കട്ടെ;

''തല പോലുമഹോ പരമാർത്ഥമായ് വെടിയാൻ കിടക്കുന്ന സാധു നെല്ലേ തവചേവടിയിൽ കുമ്പിടട്ടെ, പടുവാം സ്വാർത്ഥ പരായണൻ മനുഷ്യൻ''


അപരനുവേണ്ടി സർവ്വതും വ്യയം ചെയ്ത് നിസ്വനായ് നിതൃത പൂകിയ വന്ദ്യ പിതാവേ, തവ ചേവടിയിൽ കുമ്പിടുന്നു മക്കൾ ഞങ്ങൾ.

# അജഗണത്തെ അടുത്തറിഞ്ഞ **ആചാര്യശ്രേഷ്ഠൻ**





ഫാ. ഡോ. ഐസക് പറപ്പള്ളിൽ





മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സീനിയർ മെത്രാപ്പോലിത്തായും, തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷനുമായിരുന്ന ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്ത (92) ജൂൺ 4-ാം തീയതി അതിരാവിലെ 3.30 ന് കാലം ചെയ്തു. സഭയ്ക്കും അതിഭദ്രാസനത്തിനും പൊതുസമൂഹത്തിനും വലിയ സംഭാവനകൾ നൽകിയ മഹത്വ്യക്തിയാണ് അദ്ദേഹം. 1988 ആഗസ്റ്റ് 6 ന് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി, പതിനഞ്ച് വർഷങ്ങൾ അതിഭദ്രാസനത്തെ ശ്രേഷ്ഠാചാര്യപദവിയിലൂടെ ഊർജ്ജസ്വലമായി ശുശ്രൂഷിച്ച്, പുരോഗതിയിലേക്കും വളർച്ചയിലേക്കും നയിച്ചു. സഭയ്ക്ക് പുറത്തും വിശാലമായ ബന്ധങ്ങൾ സ്ഥാപിച്ച വ്യക്തിയായിരുന്നു അദ്ദേഹം. വിവിധ സഭാമേലദ്ധ്യക്ഷന്മാരുമായും സമുദായ നേതാക്കന്മാരുമായും വലിയ അടുപ്പം അദ്ദേഹം കാത്തുസൂക്ഷിച്ചു. മറ്റ് മതസ്ഥരെയും തന്റെ സ്നേഹത്തിൽ ചേർത്തുനിർത്തി. അകത്തോലിക്കാ-അക്രൈസ്തവ സമൂഹങ്ങൾക്കെല്ലാം ഏറെ സ്വീകാര്യനായിരുന്നു അദ്ദേഹം. ഉന്നതമായ സ്ഥാനങ്ങൾ ഓരോ പ്രാവശ്യവും തന്നെ തേടിയെത്തുമ്പോഴും വിനയാന്വിതനായി, ശുശ്രൂഷാമനോഭാവത്തോടെ അതെല്ലാം ഏറ്റെടുത്തു. മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരി ജനറാൾ, അഡ്മിനിസ്ട്രേറ്റർ തുടങ്ങിയ

പദവികളെല്ലാം ഏറ്റം സ്തുത്യർഹമായി അദ്ദേഹം നിർവ്വഹിച്ചു. 1993-1996 വരെ കെ.സി.ബി.സി.യുടെ സെക്രട്ടറി, 1994 മുതൽ 2 പ്രാവശ്യം സി.ബി.സി.ഐ. വൈസ് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചു. 1978 ൽ മെത്രാനാകുവാൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഒഴിഞ്ഞുമാറിയ അദ്ദേഹം, വീണ്ടും പത്ത് വർഷങ്ങൾക്കുശേഷം 1988 ൽ അഭിവന്ദ്യ യൂഹാനോൻ പിതാവിന്റെ പിൻഗാമിയായും, അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ മെത്രാനായും ചുമതലയേറ്റു. ആകാരത്തിൽ വലിയവനായിരുന്ന തിരുമേനി, വിശാല ഹൃദയംകൊണ്ടും വലിയവനായിരുന്നു. വൈദികരെയും, സന്യസ്തരെയും, അല്മായരെയും, യുവജനങ്ങളെയും, കുഞ്ഞുങ്ങളെയുമെല്ലാം ഇടയനടുത്ത പിതൃവാൽസല്യത്തിൽ തന്റെ ഹൃദയത്തോട് ചേർത്തു നിർത്തി. 'നിന്റെ വാക്ക് അനുസരിച്ച് ഞാൻ വലയിടാം' എന്ന മുദ്രാവാക്യവുമായി ശുശ്രൂഷാമേഖല അനുഗൃഹീതമാക്കി.

1928 ഫെബ്രുവരി 2-ാം തീയതി മായൽത്തോദിനത്തിൽ, പുറങ്കാവ് തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായുടെയും കാർത്തികപള്ളിൽ പുത്തൻപീടികയിൽ അന്നമ്മയുടെയും സീമന്തപുത്രനായി ജനിച്ചു. അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളിയിൽ ജോർജ് എന്ന പേരിൽ മാമ്മോദീസ സ്വീകരിച്ചു. വീട്ടിലെ വിളിപ്പേര് സണ്ണിയെന്നായിരുന്നു. അമയന്നൂർ സർക്കാർ എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും, മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ (ഇപ്പോഴത്തെ ഇൻഫന്റ് ജീസസ് സ്കൂൾ) മിഡിൽ സ്കൂൾ പഠനവും, കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നടത്തി. കത്തോലിക്കാസഭയെപ്പറ്റി നന്നായി പഠിക്കുവാൻ ഇടയായ ചുണ്ടേവാലേൽ ബഹു. ജേക്കബ് കശ്ശീശ്ശായും

**'വൈദികനാകാനാണ് നിന്നെക്കുറിച്ചുള്ള ദൈവികപദ്ധതി' എന്ന് അഭി. സേവേറിയോസ് തിരുമേനി പഠനകാലയളവിൽ സൂചിപ്പിച്ചതാണ്, തന്റെ ജീവിതത്തിന്റെ വഴിത്തിരിവ് എന്ന് അഭി. തിമോത്തിയോസ് തിരുമേനി പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്.**

കുടുംബവും 1940 ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ബഹു. ഏബ്രഹാം മാരേട്ട് (വല്യ മാരേട്ടച്ചൻ) ആണ് കത്തോലിക്കാസഭയിലേക്ക് കുടുംബത്തെ ചേർത്തത്. 'വൈദികനാകാനാണ് നിന്നെക്കുറിച്ചുള്ള ദൈവികപദ്ധതി' എന്ന് അഭി. സേവേറിയോസ് തിരുമേനി പഠനകാലയളവിൽ സൂചിപ്പിച്ചതാണ്, തന്റെ ജീവിതത്തിന്റെ വഴിത്തിരിവ് എന്ന് അഭി. തിമോത്തിയോസ് തിരുമേനി പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. 1943 ൽ പത്താം ക്ലാസ് ജയിച്ച ജോർജിനെ അഭി. സേവേറിയോസ് തിരുമേനി വൈദിക പരിശീലനത്തിന് സ്വീകരിച്ചു. ചെറുപുഷ്പഗിരി മൈനർ സെമിനാരിയിൽ പരിശീലനം ആരംഭിക്കുകയും, തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി 1945ൽ സിലോണിലെ കാൻഡി സെമിനാരിയിലേക്ക് പോകുകയും ചെയ്തു. 1953 ഓഗസ്റ്റ് 24 ന് കാൻഡി സെമിനാരിയിൽവച്ച് ബിഷപ്പ് ഗ്ലെനിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ഡിസംബറിൽ നാട്ടിലെത്തിയ അദ്ദേഹം പിന്നീട് കോതമംഗലം, നെല്ലിമറ്റം, മാതൃഇടവകയായ അമയന്നൂർ എന്നിവിടങ്ങളിൽ വികാരിയായി. 1956 ൽ രൂപതാ പ്രൊക്കുറേറ്റർ, 1958 ൽ മൈനർ സെമിനാരി റെക്ടർ എന്നീ ശുശ്രൂഷകൾക്കുശേഷം 1963 ൽ ഉപരിപഠനത്തിനായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലേക്ക് പോയ അദ്ദേഹം, പഠനം കഴിഞ്ഞ് 1967 ൽ തിരിച്ചെത്തി. 1980 വരെ വീണ്ടും മൈനർ സെമിനാരി റെക്ടർ, 1980 മുതൽ സെന്റ് ജോൺസ് കത്തീഡ്രൽ വികാരി, 1984 ഫെബ്രുവരി 16 മുതൽ ഭദ്രാസനത്തിന്റെ വികാരി ജനറാൾ എന്നീ ചുമതലകൾ വഹിച്ചു. അഭി. ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ നിര്യാണത്തെത്തുടർന്ന്, 1987 ഏപ്രിൽ 29 ന് ഭദ്രാസന അഡ്മിനിസ്ട്രേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു. 1988 മെയ് 19 ന് ഭദ്രാസനാദ്ധ്യക്ഷനായി നിയമനം. 1988 ജൂൺ 26 ന് മാതൃഇടവകയായ അമയന്നൂർ പള്ളിയിൽവച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് റമ്പാൻസ്ഥാനവും, 1988 ഓഗസ്റ്റ് 6 ന് തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാഭിഷേകവും സ്വീകരിച്ചു.

ഭദ്രാസനത്തിന്റെ ശുശ്രൂഷകൾ കൂടുതൽ സജീവവും ഫലപ്രദവുമാകുവാൻ, 1997 ജൂലൈ 17-ാം തീയതി ചക്കാലപ്പടിക്കൽ മാമ്മനച്ചനെ സഹായമെത്രാനായി നിയമിച്ച്, തോമസ് മാർ കൂറിലോസ്

എന്ന പേരിൽ മെത്രാഭിഷേകം നൽകി. കൂടെ താമസിപ്പിച്ച് പരിശീലനം നൽകിയതിനു ശേഷം അധികാരവും ചുമതലകളും പങ്ക് വയ്ക്കുന്നതിന്റെ ഭാഗമായി, ഭദ്രാസനത്തിന്റെ വടക്കൻ മേഖല വിഭജിച്ച് മൂവാറ്റുപുഴ ഭദ്രാസനം സ്ഥാപിക്കുകയും, 2003 ഫെബ്രുവരി 6-ാം തീയതി, സഹായമെത്രാനായിരുന്ന കൂറിലോസ് തിരുമേനിയെ അതിന്റെ പ്രഥമ ഇടയനായി ചുമതല ഏൽപ്പിക്കുകയും ചെയ്തു. പതിനഞ്ച് വർഷക്കാലം ദീർഘദൃഷ്ടിയോടെ ഭദ്രാസനത്തെ നയിച്ച അദ്ദേഹത്തിന്റെ കാലയളവ് വലിയ നേട്ടങ്ങളുടെ സമയമായിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളജ്, ഡന്റൽ കോളജ്, ഫാർമസി കോളജ്, നഴ്സിംഗ് കോളജ്, മാക്ഫാസ്റ്റ് കോളജ് എന്നിവയോടൊപ്പം, പാമ്പാടി വിമലാംബിക, കുമരകം മരിയഭവൻ, കോട്ടൂർ എ.എം.ജി., ചക്കുപള്ളം മേരിമാതാ, മാലം മൗണ്ട് മേരി, മേരിഗിരി മരിയൻ എന്നീ സ്കൂളുകളും, ചെങ്ങരൂർ മാർ സേവേറിയോസ് ബിഎഡ് & എം.എഡ് കോളജ്, ശാന്തിനിലയത്തിന്റെ പുതിയ ബ്ലോക്ക്, പള്ളിമല ശാലോം ഭവൻ, പീച്ചി ദർശന പാസ്റ്ററൽ സെന്റർ, കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്റർ, സെന്റ് ജോൺസ് കത്തീഡ്രലിന്റെ പുതിയ ദൈവാലയം, അനേകം പുതിയ ദൈവാലയങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. അദ്ദേഹത്തിന്റെ കാലത്ത് സ്ഥാപിച്ച പള്ളികൾ, സ്ഥാപനങ്ങൾ, വൈദികമന്ദിരങ്ങൾ എല്ലാംകൂടി 90 ളം ഉണ്ടെന്നത് അദ്ദേഹത്തിന്റെ ശുശ്രൂഷാവേദിയുടെ വിസ്തൃതി വെളിവാക്കുന്നു. അഭി. തിമോത്തിയോസ് പിതാവിലൂടെ 200ളം വൈദികർ പരിശീലനവും 100ൽ പരം വൈദികർ പൗരോഹിത്യവും സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട ദളിത് ക്രൈസ്തവ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള ഹോസ്റ്റലുകൾ, ബോധനവഴിയുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവയും അദ്ദേഹത്തിന്റെ ശ്രമഫലമാണ്. തിരുവല്ലായുടെ നാനാവിധ വികസനത്തിൽ ശ്രദ്ധേയമായ പങ്ക് വഹിച്ച വ്യക്തിയാണ് തിരുമേനി. പാവങ്ങളുടെ പിതാവെന്ന് അറിയപ്പെട്ടിരുന്ന അദ്ദേഹം, തിരുവല്ലായിൽ അഭയമില്ലാത്തവർക്കായി മുത്തൂരിൽ അഭയഭവൻ എന്ന സ്ഥാപനം നിർമ്മിക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിച്ചു. അതിഭദ്രാസനത്തിന്റെ ഉടമസ്ഥതയിൽ, പുഷ്പഗിരി ആശുപത്രിക്ക് സമീപമുണ്ടായിരുന്ന മൂന്ന് ഏക്കർ സ്ഥലം തിരുവല്ല നഗരസഭയ്ക്ക് സൗജന്യമായി വിട്ടുനല്കി. തിരുവല്ലായുടെ തിലകക്കുറിയായി ശോഭിക്കുന്ന സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിന്റെയും, സെന്റ് ജോൺസ് ഹാളിന്റെയും, വൈദികവസതിയുടെയും നിർമ്മാണത്തിലും, സഭയുടെ അഭിമാനമായ പുഷ്പഗിരി മെഡിക്കൽ കോളജിന്റെ വികസനത്തിലും അഭിവന്ദ്യ തിരു

**പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. എല്ലാ ദിവസവും ദീർഘനേരം പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിക്കുമായിരുന്നു. വലിയ മരിയഭക്തനായിരുന്ന അദ്ദേഹം, തറയിൽ മുട്ടുകുത്തി, കൈകൾ വിരിച്ചുപിടിച്ച് ജപമാല ചൊല്ലുന്നത് നിരന്തരം കാണാമായിരുന്നു.**

മേനി കാണിച്ച ദീർഘവീക്ഷണം എത്ര വലുതും അതിശയകരവുമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും, ദരിദ്രരെയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് വലിയ ഔദാര്യത്തോടെ അഭി. പിതാവ് സഹായിച്ചിരുന്നു. 75 വയസ്സ് പൂർത്തിയായപ്പോൾ, 2003 മാർച്ച് 19 ന് അദ്ദേഹം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽ നിന്ന് വിരമിച്ചു. തുടർന്ന് പള്ളിമലയിൽ, വിശ്രമജീവിതം നയിക്കുന്ന വൈദികരോടൊത്ത് താമസം ആരംഭിച്ചു. ആരോഗ്യസ്ഥിതി കൂടുതൽ മോശമായപ്പോൾ 2014 ജൂലൈ 17 ന്, സഭയിലെ എല്ലാ പിതാക്കന്മാരുടെയും സാന്നിധ്യത്തിൽ പുഷ്പഗിരി ചാപ്പലിൽവച്ച് അഭി. പിതാവിന് കന്തീലാ ശുശ്രൂഷ നടത്തി. 2017 ഫെബ്രുവരി 2-ാം തീയതി നവതി ആഘോഷവും, പൗരോഹിത്യത്തിന്റെ സുവർണ ജൂബിലിയും പുഷ്പഗിരിയിൽവച്ച് നടത്തപ്പെട്ടു.

പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. എല്ലാ ദിവസവും ദീർഘനേരം പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിക്കുമായിരുന്നു. വലിയ മരിയഭക്തനായിരുന്ന അദ്ദേഹം, തറയിൽ മുട്ടുകുത്തി, കൈകൾ വിരിച്ചുപിടിച്ച് ജപമാല ചൊല്ലുന്നത്

നിരന്തരം കാണാമായിരുന്നു. എത്ര മണിക്കൂർ വേണമെങ്കിലും അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. ഓരോ സമയത്തും, ഓരോ ആവശ്യങ്ങൾക്കും നടത്തേണ്ട പ്രസംഗങ്ങൾ മുൻകൂട്ടി കുറിപ്പുകളാക്കി സൂക്ഷിച്ചിരുന്നു. നന്നായി ഒരുങ്ങി മാത്രമേ അദ്ദേഹം പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. ലിറ്റർജി കമ്മീഷൻ ചെയർമാനായിരുന്ന അദ്ദേഹം, ആരാധനാകാര്യങ്ങളിൽ വലിയ നിഷ്ഠയും ചിട്ടയും കൃത്യതയും പുലർത്തിയിരുന്നു.

തിരുവല്ലായ്ക്ക് ആത്മീയപ്രഭ ചൊരിഞ്ഞ ശ്രേഷ്ഠാചാര്യനായിരുന്നു അദ്ദേഹം. സഭകൾ തമ്മിലുള്ള ഐക്യത്തിനും വിശിഷ്യ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും വലിയ നേതൃത്വം നല്കി. സഭൈക്യത്തിന്റെ വക്താവു കൂടിയായിരുന്ന അദ്ദേഹമാണ് തിരുവല്ലായിൽ എക്യുമെനിക്കൽ അഷ്ടദിന പ്രാർത്ഥനാവാരം, സംയുക്ത ക്രിസ്മസ് ആഘോഷം, വിവിധ സഭകളിലെ വൈദികരുടെ കൂട്ടായ്മ എന്നിവ ആരംഭിച്ചത്. തിരുവല്ലായിലെ പൊതുപ്രവർത്തനരംഗത്തെല്ലാം അദ്ദേഹം ശ്രദ്ധാകേന്ദ്രമായിരുന്നു. അഭി. ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി, തിമോത്തിയോസ് തിരുമേനിയെ ഓർമിക്കുന്നത് ഇപ്രകാരമാണ്: 'മാന്യതയോടും സൗമ്യതയോടുംകൂടി മറ്റുള്ളവരോട് ഇടപെടുവാൻ എപ്പോഴും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മറ്റുള്ളവരെ നോവിക്കാൻ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല. സംവാദങ്ങളിലും മറ്റും അദ്ദേഹത്തിന്റെ ഈ മനോഭാവം ഏറെ ശ്രദ്ധാർഹമായിരുന്നു. ആരെയും പഴിക്കാതെ, ആരോടും രോഷം കൊള്ളാതെ, തികഞ്ഞ ശാന്തതയോടെയാണ് അദ്ദേഹം ചർച്ചകളിലും മറ്റും പങ്കെടുത്തിരുന്നത്. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കാനുള്ള തുറവി അദ്ദേഹത്തിനുണ്ടായിരുന്നു'.


തിമോത്തിയോസ് പിതാവിന്റെകൂടെ 20 വർഷങ്ങൾ ഡ്രൈവറായും, തുടർന്നുള്ള വിശ്രമ കാലയളവിൽ 10 വർഷത്തോളം സേവനം ചെയ്യുകയും ശുശ്രൂഷിക്കുകയും ചെയ്ത മാത്യു ആന്റണി (രാജു) പറയുന്നതിങ്ങനെ: ''യാത്ര പോകുമ്പോൾ പിതാവ് കാറിൽ കയറിയാലുടനെ പ്രാർത്ഥിച്ച് മാത്രമെ യാത്ര തുടങ്ങുകയുള്ളൂ. അതിനാൽ യാത്രയിൽ ഒരിക്കലും പിതാവിന്റെ വാഹനം വഴിയിൽ കേടാകുകയോ തടസ്സങ്ങൾ ഉണ്ടാകുകയോ ചെയ്തിട്ടില്ല. ദൂരയാത്രകളിൽ എന്റെ താമസം, ഭക്ഷണം എന്നീ കാര്യങ്ങൾ പിതാവ് ശ്രദ്ധിക്കുമായിരുന്നു. പിതാവ് കിടക്കാൻ പോകുന്നതിനു മുമ്പ്, എനിക്ക് കിടക്കാനുള്ള സൗകര്യം കിട്ടിയോ, ഭക്ഷണം കഴിച്ചോ എന്നുള്ള വിവരങ്ങൾ ചോദിക്കുമായിരുന്നു''. സ്വന്തം കുടുംബവുമായും പിതാവിന് നല്ല ബന്ധമുണ്ടായിരുന്നു. വല്ലപ്പോഴുമൊക്കെ അമയന്നൂരുള്ള വീട്ടിൽ പോയി കുശലാന്വേഷണം നടത്തിയിരുന്നു. സഹോദരൻ ഫാ. ജോൺ ചുണ്ടേവാലേൽ, ജോയി, സഹോദരി സി. അപ്പളോണിയാ, ഡോ. ഗ്രെയ്സി എന്നിവരുടെ മരണം അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചിരുന്നു. മറ്റൊരു സഹോദരിയായ സി. ജെയിൻ, മറ്റ് കുടുംബാംഗങ്ങൾ എന്നിവരുമായും പിതാവ് നല്ല സ്നേഹബന്ധം പുലർത്തിയിരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഇതാദ്യമാണ് ഒരു മെത്രാൻ 90 വയസ്സിനു മുകളിൽ വരെ ജീവിച്ചിരുന്നത്. എന്നു മാത്രമല്ല മാർ ഈവാനിയോസ് തിരുമേനി മുതൽ ഇന്നുവരെയുള്ള, കാലം ചെയ്തവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ തിരുമേനിമാരെയും അടുത്ത് കാണുവാനും സംസാരിക്കുവാനും ഭാഗ്യം ലഭിച്ച വ്യക്തിയാണ് തിമോത്തെയോസ് തിരുമേനി. പിതാവ് അത് കൂടെക്കൂടെ പറയുകയും ചെയ്യുമായിരുന്നു. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ, അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, അഭി. ഏബ്രഹാം മാർ യൂലിയോസ് തിരുമേനി, കാലം ചെയ്ത ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി, അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി, അഭി. ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനി എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. അഭി. പിതാവ് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും, പൊതുസമൂഹത്തിനും, എക്യുമെനിക്കൽ രംഗത്തും, മതസൗഹാർദ്ദത്തിനും നല്കിയ എല്ലാ നന്മകളെയും സേവനങ്ങളെയും നമുക്ക് നന്ദിയോടെ ഓർക്കാം. അദ്ദേഹത്തിന്റെ പാവനാത്മാവിന് നിത്യശാന്തി നേർന്ന് സ്വർഗ്ഗീയ മദ്ധ്യസ്ഥത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

''പോവുക ശാന്ത്യാ മഹിതാചാര്യാ
നാഥൻ സ്തുതി പാടാൻ നിന്നെ
ചേർത്തതിനാലെ
നീ സേവിച്ചൊരു സ്രഷ്ടാവായോൻ
സ്വർഗ്ഗരാജ്യത്തിൽ മോദിപ്പിച്ചീടും തേ''

# വിശ്വസ്തതയുടെ

# 25 വർഷങ്ങൾ



മാത്യു ആന്റണി (രാജു)

അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെകൂടെ 25 വർഷക്കാലം സേവനം ചെയ്യുവാനും ശുശ്രൂഷിക്കുവാനും എന്നെ അനുവദിച്ച പരമകാരുണികനായ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എളിമയുടെയും ഹൃദയനൈർമ്മല്യത്തിന്റെയും വിളനിലമായ വന്ദ്യ തിരുമേനി ഒരിക്കൽപോലും എന്നോട് ദേഷ്യപ്പെട്ട് സംസാരിച്ചിട്ടില്ല. യാത്ര പോകുമ്പോൾ പിതാവ് കാറിൽ കയറിയാലുടനെ പ്രാർത്ഥിച്ചു മാത്രമേ യാത്ര തുടങ്ങൂ. അതിനാലാകും യാത്രയിൽ ഇതുവരെ പിതാവിന്റെ വാഹനം വഴിയിൽ കേടായിക്കിടക്കുകയോ വഴിയിൽ തടസ്സങ്ങൾ ഉണ്ടാകുകയോ ചെയ്തിട്ടില്ല.

തന്നോടൊപ്പം യാത്രചെയ്യുന്നവരുടെ കാര്യങ്ങളിൽ തന്നെക്കാൾ ഏറെ ശ്രദ്ധ പുലർത്തിയിരുന്നു. എല്ലാവരേയും വ്യക്തിപരമായി അറിയുകയും അതിലുപരി സ്നേഹിക്കുകയും ചെയ്തിരുന്നു. തന്റെ മുൻപിൽ വരുന്ന ആരെയും വെറും കൈയ്യോടെ വന്ദ്യപിതാവ് അയച്ചിരുന്നില്ല.

ബഹു. വൈദികരും, സിസ്റ്റേഴ്സും പിതാവിന് എന്നും പ്രിയപ്പെട്ടവരായിരുന്നു. എല്ലാവരേയും സന്തോഷത്തോടെ സ്വീകരിക്കുകയും ആവശ്യങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്തിരുന്നു. ഏതൊരു പൊതുപരിപാടിയിലും തന്റെ വ്യക്തിമുദ്ര പതിക്കുന്നതിൽ വളരെയധികം ശ്രദ്ധാലുവായിരുന്നു. പ്രാർത്ഥനയുടെ പര്യായമായ അഭി. തിരുമേനി, ഒന്നിനെക്കുറിച്ചും പരാതി പറയാത്ത സ്നേഹത്തിന്റെ മൂർത്തിഭാവമായിരുന്നു. എന്റെ പിതാവിന് കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ...!!!

**അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ കബറടക്കത്തോട് അനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പിതാക്കന്മാർക്കു പുറമേ ആദരാഞ്ജലികൾ അർപ്പിച്ച പ്രമുഖർ**

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി** (എറണാകുളം - അങ്കമാലി)
**ആർച്ചുബിഷപ്പ് സൂസാപാക്യം** (തിരുവനന്തപുരം ലത്തീൻ അതിരൂപത)
**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം** (ചങ്ങനാശ്ശേരി)
**ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്** (തൃശ്ശൂർ)
**ആർച്ചുബിഷപ്പ് മാത്യു മൂലക്കാട്ട്** (കോട്ടയം)
**മാർ സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ** (വിജയപുരം)
**മാർ മാത്യു അറക്കൽ** (കാഞ്ഞിരപ്പള്ളി)
**മാർ ജോസ് പുളിക്കൽ** (കാഞ്ഞിരപ്പള്ളി)
**മാർ ജോർജ് പുന്നക്കോട്ടിൽ** (കോതമംഗലം)
**മാർ വിൻസെന്റ് സാമുവേൽ** (നെയ്യാറ്റിൻകര)
**മാർ ജേക്കബ് മനത്തോടത്ത്** (പാലക്കാട്)
**മാർ ജോസഫ് കല്ലറങ്ങാട്ട്** (പാല)
**മാർ പോളി കണ്ണൂക്കാടൻ** (ഇരിഞ്ഞാലക്കുട)
**മാർ സ്റ്റീഫൻ അത്തിപ്പൊഴിയിൽ** (ആലപ്പുഴ)
**മാർ പോൾ ആന്റണി മുല്ലശ്ശേരി** (കൊല്ലം)
**മാർ ജോസ് പൊരുന്നേടം** (മാനന്തവാടി)
**മാർ സെൽവിസ്റ്റർ പൊന്നുമുത്തൻ** (പുനലൂർ)
**മാർ ക്രിസ്തുദാസ് ആർ.** (തിരുവനന്തപുരം)
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ** (പാല)
**ആർച്ചുബിഷപ്പ് മേജാർജ് വലിയമറ്റം** (തലശ്ശേരി)
**യോവാക്കിം മാർ കൂറിലോസ്** (കൊട്ടാരക്കര)
**കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്** (ചിങ്ങവനം)
**കുര്യാക്കോസ് മാർ ഈവാനിയോസ്** (ചിങ്ങവനം)
**ജോഷ്വാ മാർ നിക്കൊദേമൂസ്** (നിലയ്ക്കൽ, റാന്നി)
**ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ** (തിരുവല്ല)
**തോമസ് മാർ തിമോത്തിയോസ്** (റാന്നി)
**മാത്യൂസ് മാർ തിമോത്തിയോസ്** (ചെങ്ങന്നൂർ)
**അലക്സിയോസ് മാർ എവുസേബിയോസ്** (മാവേലിക്കര)
**റൈറ്റ്. റവ. തോമസ് സാമുവേൽ** (തിരുവല്ല)
**പൗലോസ് മാർ ബർണബാസ്** (തിരുവനന്തപുരം ം)

**സാമൂഹ്യ–രാഷ്ട്രീയ രംഗത്തെ പ്രമുഖർ**

**ആന്റോ ആന്റണി എം.പി.**
**കൊടിക്കുന്നിൽ സുരേഷ് എം.പി.**
**എ.എം. ആരിഫ് എം.പി.**
**രമേശ് ചെന്നിത്തല എം.എൽ.എ.**
**മാത്യു ടി തോമസ് എം.എൽ.എ.**
**രാജു ഏബ്രഹാം എം.എൽ.എ.**
**സജി ചെറിയാൻ എം.എൽ.എ.**
**വീണാ ജോർജ് എം.എൽഎ.**
**അഡ്വ. മോൻസ് ജോസഫ് എം.എൽ.എ.**
**തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.**
**കെ. അനന്തഗോപൻ**
**റവ. ഫാ. മാത്യു ചന്ദ്രൻക്കുന്നേൽ**
**അന്നപൂർണ്ണാദേവി**
**സതീഷ് കൊച്ചുപറമ്പിൽ**
**ജോർജ് മാമ്മൻ കൊണ്ടൂർ**
**ഡോ. കെ.സി. ജോസഫ് എക്സ്. എം.എൽ.എ.**
**ചെറിയാൻ പോളച്ചിറയ്ക്കൽ**
**എം.പി. ഗോപാലകൃഷ്ണൻ**
**അഡ്വ. പ്രകാശ് പി. തോമസ്**
**റവ. ഫാ. കെ. എം. ജോർജ്**
**സഖറിയാ പനയ്ക്കാമറ്റം കോർഎപ്പിസ്ക്കോപ്പാ**
**കുമ്മനം രാജശേഖരൻ**
**അഡ്വ. സതീഷ് ചാത്തങ്കേരി**
**എൻ.എം. രാജു**
**ഫ്രാൻസിസ് ജോർജ് എക്സ്. എം.പി.**
**പി.സി. തോമസ്**
**പ്രൊഫ. കവിയൂർ ശിവപ്രസാദ്**
**മാലേത്ത് സരളാദേവി എക്സ്. എൽ.എ.**
**പി.ജെ. കുര്യൻ എക്സ്. എം.പി.**
**ജോസഫ് എം.പുതുശ്ശേരി എക്സ് എം.എൽഎ.**
**പി. സി. വിഷ്ണുനാഥ്**

# അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവിന്റെ കബറടക്കവുമായി ബന്ധപ്പെട്ട ഫോട്ടോകൾ
































# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ

# ജീവിതവും കൂദാശാ ദർശനവും



ഫാ. ഡോ. തോമസ് പണിക്കർ



മാർ ഈവാനിയോസ് തിരുമേനി 1953 ജൂലൈ 15-ാം തീയതി കാലയവനികയ്ക്കുള്ളിൽ മറയുമ്പോൾ എനിക്കു 10 വയസ്സുമാത്രം. കാരിച്ചാൽ പള്ളിയിൽ രണ്ടു വർഷംമുമ്പ് വന്നപ്പോൾ കണ്ട നേരിയ ഓർമ്മ മാത്രം. എന്റെ വത്സല പിതാവ് തിരുമേനിയുടെ മരണവാർത്ത അറിഞ്ഞ് കരഞ്ഞുകൊണ്ട് തിരുവനന്തപുരത്തേക്കു പോയത് നന്നായി ഓർക്കുന്നു. തിരുമേനിയെക്കുറിച്ച് ഞാൻ കൂടുതൽ അറിഞ്ഞത് എന്റെ പിതാവിൽ നിന്നാണ്. അച്ചായുടെ ആരാധനക്രമത്തെക്കുറിച്ചുള്ള പഠനക്കുറിപ്പുകളിൽ തിരുമേനിയുടെ ചിന്തകളും ബോദ്ധ്യങ്ങളും തെളിഞ്ഞുകാണാം. വിസ്മയത്തോടെ മാത്രമേ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തെ നമുക്കു നോക്കിക്കാണാനാവൂ. അത്രമാത്രം ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അനന്യസാധാരണമായ ധീഷണാവിലാസവും, നിശ്ചയദാർഢ്യവും, അചഞ്ചലമായ ധൈര്യവും ആരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. ഒരു രാജാവിന്റെ ഭരണപാടവത്തോടും, യോദ്ധാവിന്റെ ധീരതയോടും, യതീന്ദ്രന്റെ സംയമനത്തോടും, വിശുദ്ധന്റെ പാവനതയോടും, ദൈവദൂതന്റെ വ്യക്തിപ്രഭാവത്തോടുംകൂടെ ആ മഹാത്മാവ് നിരന്തരം പ്രവർത്തിച്ചു.


### ജീവിതത്തിലെ ചില വഴിത്തിരിവുകൾ

ദൈവദാസന്റെ ജീവിതത്തിലെ ചില വഴിത്തിരിവുകൾ അദ്ദേഹത്തെ ഐക്യത്തിന്റെ പ്രവാചകനും, പുനരൈക്യപ്രസ്ഥാനത്തിന്റെ ശിൽപിയുമാക്കി മാറ്റി. മാവേലിക്കര പുതിയകാവിൽ പണിക്കരുവീട്ടിൽ തോമ്മാപണിക്കരുടെയും അന്നമ്മയുടെയും മകനായി 1882 സെപ്റ്റംബർ 21-ാം തീയതി ജനിച്ച തിരുമേനിയുടെ ജീവിതത്തിലെ ആദ്യത്തെ വഴിത്തിരിവ് 14 വയസ്സുള്ള ഒരു ബാലനായിരിക്കുമ്പോഴാണ്. അന്ന് ഒരു ദിവസം ശക്തമായ കാറ്റും മഴയുമുള്ള രാത്രിയിൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനി പുതിയകാവ് പള്ളിയിൽ വന്നു. വീട്ടിനാൽ ശെമ്മാശനെ വിളിച്ചുകൊണ്ടുവരാൻ വഴുവാടി വരെ പോകുവാൻ ആർക്കെങ്കിലും സാധിക്കുമോയെന്ന് അവിടെ കൂടിയിരുന്നവരോടു തിരുമേനി ചോദിച്ചു. അവരിൽ ആരും ഒന്നും പറഞ്ഞില്ല. അപ്പോഴാണ് ബാലനായ പി.റ്റി.ജോർജ്ജ് മുമ്പോ

ട്ടുവന്ന് തിരുമേനിയുടെ കൈമുത്തിയശേഷം പറഞ്ഞത്: തിരുമേനീ, അടിയൻ പോകാം. തിരുമേനിയുടെ കൽപ്പന അനുസരിച്ച് ബാലൻ ഏകദേശം മൂന്നു കിലോമീറ്റർ ദൂരെയുള്ള വഴുവാടിയിൽ പോയി വീട്ടിനാൽ ശെമ്മാശനെയുംകൂട്ടി തിരികെവന്നു. ഇതിൽ അതീവ സന്തുഷ്ടനായ തിരുമേനി ബാലനെ സഭാശുശ്രൂഷയ്ക്കായി എടുക്കണമെന്ന് അന്നുതന്നെ നിശ്ചയിച്ചു.

## ആദ്യത്തെ എം എ ബിരുദധാരിയായ വൈദികൻ

സ്കൂൾവർഷാരംഭത്തിൽ, പിതൃസഹോദരനായ സ്കറിയാകത്തനാർ ബാലനെ കോട്ടയത്തു കൊണ്ടുപോയി ദിവന്നാസ്യോസ് തിരുമേനിയെ ഭരമേൽപ്പിച്ചു. പഴയസെമിനാരിയിലെ ബോർഡിംഗിൽ താമസിച്ച് ഗീവർഗീസ് പഠനം തുടർന്നു. ഈ കാലയളവിൽ മാതാപിതാക്കളെ



യും കുടുംബത്തെയും ഉപേക്ഷിച്ച് ദൈവശുശ്രൂഷയ്ക്കായി തന്നെത്തന്നെ പ്രതിഷ്ഠിക്കാൻ ഗീവർഗീസ് തീരുമാനിച്ചു. പഠനത്തിലെന്നപോലെ സ്വഭാവത്തിലും ഗീവർഗീസ് എല്ലാവരുടെയും പ്രശംസ ആർജ്ജിച്ചു. 1900 ജനുവരി 9-ാം തീയതി പുത്തൻകാവു പള്ളിയിൽവച്ച് പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയിൽനിന്ന് ദൈവദാസൻ ശെമ്മാശുപട്ടം സ്വീകരിച്ചു. പഠനം തുടർന്ന ശെമ്മാശൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് 1907-ൽ എം.എ ബിരുദം പ്രശസ്തമാംവിധം സമ്പാദിച്ചു. 1908 ആഗസ്റ്റ് 15ന് പരുമലപള്ളിയിൽവച്ച് കശ്ശീശ്ശാപട്ടം സ്വീകരിച്ച ഗീവർഗീസ് മലങ്കരസഭയിലെ ആദ്യത്തെ എം എ ബിരുദധാരിയായ വൈദികനെന്ന നിലയിൽ എം എ അച്ചൻ എന്ന് അറിയപ്പെട്ടിരുന്നു. തുടർന്ന് 1908 മുതൽ 1913 വരെ എം എ അച്ചൻ കോട്ടയം എം.ഡി സെമിനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു.

## സെറാമ്പൂർ കോളേജിലെ പ്രൊഫസർ

എം.ഡി സെമിനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പലായിരിക്കുമ്പോഴാണ് ദൈവദാസന്റെ ജീവിതത്തിലെ രണ്ടാമത്തെ വഴിത്തിരിവുണ്ടാകുന്നത്.

കൽക്കട്ടായ്ക്കു സമീപമുള്ള സെറാമ്പൂരിൽവച്ച് ഭാരതത്തിലെ അകത്തോലിക്കാ സഭാപ്രതിനിധികളുടെ ഒരു സമ്മേളനം നടന്നു. അക്കൂട്ടത്തിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിക്കും ഒരു ക്ഷണക്കത്ത് ലഭിക്കുകയുണ്ടായി. അതനുസരിച്ച് എം എ അച്ചനെയുംകൂട്ടി തിരുമേനി സെറാമ്പൂരിനു പോകുകയും ഒരാഴ്ച നീണ്ടുനിന്ന പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. ഈ അവസരത്തിൽ അച്ചന്, സെറാമ്പൂർ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ഹൗവൽസുമായി പരിചയപ്പെടുവാൻ അവസരം

**അച്ചന്റെ പാണ്ഡിത്യവും വാഗ്‌വിലാസവും ഡോക്ടർ ഹൗവൽസിനെ ഒത്തിരി ആകർഷിച്ചു. തന്നിമിത്തം, കോളേജിലെ ഒരു പ്രൊഫസറായി എം എ അച്ചനെ നിയമിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.**

ലഭിച്ചു. അച്ചന്റെ പാണ്ഡിത്യവും വാഗ്‌വിലാസവും ഡോക്ടർ ഹൗവൽസിനെ ഒത്തിരി ആകർഷിച്ചു. തന്നിമിത്തം, കോളേജിലെ ഒരു പ്രൊഫസറായി എം എ അച്ചനെ നിയമിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എം ഡി സെമിനാരി പ്രിൻസിപ്പാളിനേക്കാൾ വളരെ ഉയർന്ന സ്ഥാനവും ശമ്പളവും ലഭിക്കുന്ന ഒരു ഉദ്യോഗമാണ് അതെന്നറിഞ്ഞിട്ടും മെത്രാപ്പോലീത്തായാണ് അത് തീരുമാനിക്കേണ്ടത് എന്ന മറുപടിയാണ് എം എ അച്ചൻ നൽകിയത്. കുറെ നാളത്തെ ആത്മസംഘർഷത്തിനൊടുവിൽ തൽക്കാലത്തേക്കെങ്കിലും എം ഡി സെമിനാരി ഉപേക്ഷിച്ച്, വട്ടശ്ശേരിൽ തിരുമേനിയുടെ അനുവാദത്തോടെ 1913-ൽ

കെ.ഏ യാക്കോബ് (മാർ തിയോഫിലോസ് തിരുമേനി) ശെമ്മാശനെയുംകൂട്ടി ഫാദർ പി.റ്റി ഗീവർഗീസ് സെറാമ്പൂരിലേക്കു പോയി. 1912 -ൽ നടന്ന മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിൽ മുഖ്യ പങ്കുവഹിച്ചത് ഫാദർ പി.റ്റി ഗീവർഗീസ് ആയിരുന്നു.

സെറാമ്പൂർ കോളേജിൽ ഉന്നതമായ പദവിയിൽ ആയിരിക്കുമ്പോഴും എം എ അച്ചന്റെ ചിന്ത സ്വന്തം സഭയെക്കുറിച്ചും സഭയുടെ ഉന്നമനത്തെക്കുറിച്ചുമായിരുന്നു. വട്ടിപ്പണക്കേസും മറ്റു വ്യവഹാരങ്ങളുമായി സമുദായം കലുഷിതമായ നിലയിലായിരുന്നു. സമുദായത്തിലെ അംഗങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതി ആയിരുന്നു അച്ചന്റെ ആദ്യലക്ഷ്യം. അതിനുവേണ്ടി, സഭയിലെ അനേകം യുവതീയുവാക്കളെ സെറാമ്പൂരിൽ കൊണ്ടുപോയി ഉന്നത വിദ്യാഭ്യാസം നൽകി. കോളേജിൽ ശമ്പളമായിട്ടും പരീക്ഷാ പേപ്പർ മൂല്യനിർണ്ണയത്തിനും മറ്റുമായും അച്ചനു ലഭിച്ച ഗണ്യമായ തുക അതിനുവേണ്ടി ചെലവഴിച്ചു. കേരളത്തിൽനിന്നു വന്നവരുടെ പഠനകാര്യങ്ങളിൽ മാത്രമല്ല ആത്മീയവും സഭാപരവുമായ കാര്യങ്ങളിലും അച്ചൻ വേണ്ട ശ്രദ്ധ ചെലുത്തി. അച്ചന്റെ സ്വാധീനം ഉപയോഗിച്ച് സർവ്വകലാശാലയിൽ സുറിയാനിഭാഷ ഒരു ഐശ്ചിക വിഷയമാക്കാനും സാധിച്ചു. സമുദായോന്നമനത്തിനുള്ള ആഗ്രഹം ഒരു മിഷനറിസമൂഹ രൂപവൽക്കരണത്തിലേക്ക് അദ്ദേഹത്തെ ആകർഷിച്ചുകൊണ്ടിരുന്നു. അതിനുവേണ്ട പ്രവർത്തനങ്ങൾ സെറാമ്പൂരിൽവച്ചുതന്നെ അദ്ദേഹം ആരംഭിച്ചു. സുവിശേഷവേല വേണ്ടവിധം നടത്താൻ സന്യാസ ജീവിതത്തിന്റെ ആവശ്യവും ഈ കാലയളവിൽ അദ്ദേഹത്തിനു ബോധ്യപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായിരുന്നു ഇത്. പുനരൈക്യത്തിന്റെ പാതയിലേക്ക് അദ്ദേഹത്തെ നയിച്ചത് ഇതാണ്.

**കേരളത്തിൽനിന്നു വന്നവരുടെ പഠനകാര്യങ്ങളിൽ മാത്രമല്ല ആത്മീയവും സഭാപരവുമായ കാര്യങ്ങളിലും അച്ചൻ വേണ്ട ശ്രദ്ധ ചെലുത്തി. അച്ചന്റെ സ്വാധീനം ഉപയോഗിച്ച് സർവ്വകലാശാലയിൽ സുറിയാനിഭാഷ ഒരു ഐശ്ചിക വിഷയമാക്കാനും സാധിച്ചു.**

## ബഥനി സന്യാസാശ്രമം

ദൈവസേവനത്തേക്കാൾ ദൈവസമ്പാദനം അത്യുത്തമമെന്നു മനസ്സിലാക്കിയ എം എ അച്ചൻ സന്യാസാശ്രമം സ്ഥാപിക്കാനുള്ള പരിശ്രമം തുടങ്ങി. അനേകം സന്യാസാശ്രമങ്ങൾ സന്ദർശിച്ചു. സന്യാസത്തെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ വായിച്ചു. അവയിൽ നല്ലപങ്കും കത്തോലിക്കാസന്യാസികൾ രചിച്ചവയായിരുന്നു. അതിനും പുറമേ, മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമവും രവീന്ദ്രനാഥ് ടാഗോറിന്റെ ശാന്തിനികേതനും സന്ദർശിച്ച് ഭാരതീയ സന്യാസത്തിന്റെ കാര്യങ്ങളും മനസ്സിലാക്കി. സെറാമ്പൂരിൽ വച്ചുതന്നെ ആശ്രമത്തിനു പ്രാരംഭമിടുന്നതിന് അദ്ദേഹം നിശ്ചയിച്ചു. താനും തന്റെകൂടെ താമസിച്ചിരുന്ന ശെമ്മാശന്മാരും സന്യാസപരമായ ജീവിതം നയിക്കുവാൻ ആരംഭിച്ചു. സന്യാസ ജീവിതത്തിന് അനുയോജ്യമായ ഒരു സ്ഥലം വടശ്ശേരിക്കരയ്ക്കടുത്ത് പെരുനാട്ടിൽ ലഭ്യമായപ്പോൾ ബഥനി ആശ്രമം എന്ന പേരിൽ മിശിഹാനുകരണ സന്യാസസമൂഹം 1919-ൽ കേരളത്തിൽ ആരംഭിച്ചു. അങ്ങനെ സെറാമ്പൂർ കോളേജിലെ ഉന്നതമായ പദവിയും ഗണ്യമായ ശമ്പളവും ഉപേക്ഷിച്ച് എം എ അച്ചൻ ആശ്രമജിവിതത്തിലേക്കു വന്നു. ആഗോള കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് 1930 ആഗസ്റ്റ് 20-ന് പെരുനാട്ടിലെ മുണ്ടൻമലയോടും (ഏകദേശം 500 ഏക്കർ) ബഥനി ആശ്രമത്തോടും പുശ് ബശ്ലോമ്മൊ പറഞ്ഞ് ദൈവദാസൻ ഇറങ്ങിപ്പോന്നു.

## ദൈവദാസന്റെ കൂദാശാ ദർശനം

ഏതു വിഷയത്തെപ്പറ്റിയും സരസമായും സുദീർഘമായും മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രസംഗിക്കുന്നതിനുള്ള അസാധാരണമായ കഴിവ് മാർ ഈവാനിയോസ് തിരുമേനിക്കുണ്ടായിരുന്നു. ശെമ്മാശൻ ആയിരുന്ന അവസരത്തിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ച് കൂദാശകളെപ്പറ്റി പ്രസംഗിച്ചതിനാൽ കൂദാശാ ശെമ്മാശൻ എന്ന പേരിലാണ് ആ കാലയളവിൽ ദൈവദാസൻ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത്, വി.കുർബാനയെക്കുറിച്ചും വി.കുമ്പസാരത്തെക്കുറിച്ചും അദ്ദേഹം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. കൂദാശകളെപ്പറ്റിയുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ചില കാഴ്ചപ്പാടുകളാണ് ഇവിടെ ചുരുക്കത്തിൽ വിവരിക്കുന്നത്.

രക്ഷ ക്രിസ്തു വഴിയാണ്. നമ്മൾ രക്ഷ പ്രാപിക്കണമെങ്കിൽ ക്രിസ്തുവിനോടു ചേരണം. നാം മിശിഹായോടു യോജിക്കുന്നത് സഭയിൽ നിലനില്ക്കുന്നതിനാലത്രേ. ക്രിസ്തു മരണശേഷം

ഉയിർത്തെഴുന്നേറ്റ് മഹത്വീകരിക്കപ്പെട്ട ശരീരത്തോടുകൂടി സ്വർഗ്ഗാരോഹണം ചെയ്തു. അതേ സമയംതന്നെ, ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്ന് ശിഷ്യന്മാരോട് കർത്താവ് അരുളിച്ചെയ്തു. അതായത്, ഉയിർത്തെഴുന്നേറ്റ ശരീരത്തോടുകൂടെ അവിടുന്ന് നമ്മിൽ വസിക്കുന്നു. തന്റെ ശരീരം സഭയായി ലോകത്തിൽ വ്യാപിച്ചിരിക്കുന്നു. സഭയാണ് മിശിഹായുടെ ശരീരം. സഭയോടു നാം ചേരുമ്പോഴാണ് മിശിഹായോടു ചേരുന്നത്. അതുകൊണ്ടാണ് കൃംതാ രാത്രി പ്രാർത്ഥനയിൽ നാം ഇപ്രകാരം പാടുന്നത്.

കർത്താ തന്നൊടു സംസാരിക്കേണ്ടുന്നവ
രെല്ലാം സഭയുൾ പൂകട്ടെയിതാ താനതിൽ
മേവീടുന്നു.

നാം ആത്മീകമായും ശാരീരികമായും ഉള്ള രീതിയിൽ നമ്മുടെ ആത്മാവിലും ശരീരത്തിലും മിശിഹായുടെ ആത്മാവിനെയും ശരീരത്തെയും സ്വീകരിക്കണം. ഇങ്ങനെ ആത്മീയവും ശാരീരികവുമായുള്ള വിധത്തിൽ അതായത് പ്രത്യക്ഷവും അപ്രത്യക്ഷവുമായ മിശിഹായെ നമ്മിലേക്കു സ്വീകരിക്കുന്നതിനായി മിശിഹാതന്നെ കല്പിച്ചു നിശ്ചയിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉണ്ട്. അവയ്ക്ക് രഹസ്യങ്ങൾ (റോസൊ) അല്ലെങ്കിൽ കൂദാശകൾ എന്നു പറയുന്നു. ഉദാഹരണമായി വി. കുർബ്ബാനയെപ്പറ്റി തിരുമേനി ഇപ്രകാരം പറയുന്നു. മിശിഹായുടെ ശരീരത്തോടും ആത്മാവോടും നമ്മുടെ ആത്മാവും ശരീരവും യോജിക്കുന്നതിനായി മിശിഹാതന്നെ നിശ്ചയിച്ചിട്ടുള്ളതാകുന്നു വി. കുർബാന. ഇതു വെറും മാനസികമല്ല. അപ്പത്തെയും വീഞ്ഞിനെയും വാഴ്ത്തി ഇതെന്റെ ശരീരമെന്നും ഇതെന്റെ രക്തമെന്നും കല്പിക്കയും, ഞാൻ വരുന്നതുവരെ ഇപ്രകാരം ചെയ്യണമെന്ന് ആജ്ഞാപിക്കയും, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്ന് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

**അപ്പത്തെയും വീഞ്ഞിനെയും വാഴ്ത്തി ഇതെന്റെ ശരീരമെന്നും ഇതെന്റെ രക്തമെന്നും കല്പിക്കയും, ഞാൻ വരുന്നതുവരെ ഇപ്രകാരം ചെയ്യണമെന്ന് ആജ്ഞാപിക്കയും, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്ന് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.**

## കൂദാശകൾ കർത്താവിന്റെ തിരുവിലാവിൽനിന്ന്

കൂദാശകളെല്ലാം ഫലം പ്രാപിക്കുന്നത്, അവ കർത്താവിന്റെ തിരുവിലാവിൽനിന്ന് ഉത്ഭവിക്കുന്നതിനാലാണ്. ആത്മാവിന്റെ രക്ഷയ്ക്ക് ആവശ്യമായ എല്ലാ കരുണയും കൃപയും കർത്താവിന്റെ തുറക്കപ്പെട്ട ചങ്കിൽനിന്ന് ഒഴുകുന്നു. അവിടുത്തെ രക്തം നിനക്കുവേണ്ടി ഒഴുക്കിയിരിക്കുന്നു. ഈ രക്തം നിന്റെ ആത്മാവിലേക്ക് ഒഴുകി നിന്നെ ശുദ്ധീകരിക്കുന്നു. അതിന്റെ ശക്തി നിന്നിൽ പ്രവർത്തിക്കണം. മാരകമായ രോഗം ഉണ്ടാകുമ്പോൾ, അതിനുള്ള സിദ്ധൗഷധം നിന്റെ വീട്ടിൽ ഉണ്ടായതുകൊണ്ട് പ്രയോജനമില്ല. അതു നീ എടുത്തു പ്രയോഗിക്കണം. എന്നാലേ നിനക്കു സൗഖ്യം ലഭിക്കൂ. ക്രിസ്തു രക്ഷയുടെ മാർഗ്ഗം തുറന്നിട്ടിരിക്കുന്നു. എന്നാൽ നീ രക്ഷ പ്രാപിച്ചു കഴിഞ്ഞിട്ടില്ല. രക്ഷയുടെ നീർച്ചാലുകൾ നിന്നിലേക്ക് ഒഴുകാൻ നിന്റെ ആത്മാവിലേക്ക് കൈത്തോടുകൾ വെട്ടിക്കൊടുക്കണം. ആ കൈത്തോടുകളാണ് വി.കൂദാശകൾ; സർവ്വപ്രധാനമായി കുമ്പസാരം. മറ്റു കൈത്തോടുകളിലേക്ക് വഴി തുറന്നുകൊടുക്കുന്നത് കുമ്പസാരമെന്ന കൂദാശയാണ്. നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവർക്കു പാപമോചനാധികാരം നൽകി (യോഹ 20:21-23). പരസ്യജീവിതകാലത്ത് കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം പത്രോസിനു പ്രത്യേകമായും (മത്താ 16:19) ശ്ലീഹന്മാർക്കു പൊതുവായും (മത്താ 18:18) നൽകി. ആദിമസഭയിൽത്തന്നെ കുമ്പസാരം നിലവിൽവന്നു (അ.പ്ര 19:18).

ദൈവദാസന്റെ വീക്ഷണത്തിൽ വി.കുമ്പസാരവും വി.കുർബാനയും ആത്മാവിന്റെ കുളിയും ഊണുമാണ്. കുളിക്കാനുള്ള വെള്ളമാണ് മിശിഹായുടെ തിരുരക്തം. അതു ശേഖരിച്ചു വയ്ക്കുന്ന കുളമാണ് കുമ്പസാരം. കൂടെക്കൂടെയുള്ള കുമ്പസാരം കൂടാതെ ആത്മീയജീവിതം അഭിവൃദ്ധിപ്പെടുവാൻ പ്രയാസമാണ്. ആയുസ്സിലെ അവസാനത്തെ കുമ്പസാരം എന്നപോലെ ഓരോ കുമ്പസാരത്തിനും ഒരുങ്ങേണ്ടതാണ്. ആത്മശോധനയെക്കുറിച്ചും ഏറ്റുപറച്ചിലിനെക്കുറിച്ചും വിശദമായി തിരുമേനി എഴുതിയിട്ടുണ്ട്. സത്യമായും താഴ്മയോടും പാപങ്ങൾ ഏറ്റുപറയണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു.

# അന്നക്കുട്ടിയിൽനിന്ന് വിശുദ്ധ അൽഫോൻസായിലേക്ക്

**(തിരുനാൾ ജൂലൈ 28)**



ഫാ. ഡോ. ആന്റണി ചെത്തിപ്പുഴ




ജൂലൈ 28 ഇൻഡ്യയുടെ ചെറുപുഷ്പം എന്നറിയപ്പെടുന്ന വി. അൽഫോൻസായുടെ തിരുനാൾ സഭാമക്കൾ ആഘോഷിക്കുന്ന സുന്ദരസുദിനം. അനേകായിരങ്ങൾ വിശുദ്ധയുടെ മാദ്ധ്യസ്ഥം തേടി ഭരണങ്ങാനത്തും കുടമാളൂരിലും എത്തുന്ന സുദിനം.

ഒരു സാധാരണ ഗ്രാമീണ ബാലിക വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയത് എങ്ങനെയെന്ന് ആശ്ചര്യത്തോടും വിസ്മയത്തോടുംകൂടി മാത്രമെ മനസ്സിലാക്കാനാവൂ. 109 വർഷങ്ങൾക്കുമുമ്പ് 1910 ആഗസ്റ്റ് മാസം 19-ാം തീയതി കുടമാളൂരിൽ മുട്ടത്തുപാടത്ത് ജോസഫ്-മറിയാമ്മ ദമ്പതികളുടെ അഞ്ചുമക്കളിൽ ഇളയ മകളായി അന്നക്കുട്ടി ജനിച്ചു. മൂത്ത സഹോദരൻ ചെറുപ്പത്തിലെ മരിച്ചു. പെറ്റമ്മയുടെ പരിചരണവും വാത്സല്യവും ലഭിക്കാതെ പീഡാസഹനങ്ങൾ നിറഞ്ഞ ജീവിതയാത്രയ്ക്ക് അന്നക്കുട്ടി ആരംഭം കുറിച്ചു. ബാലാരിഷ്ടതകൾ തുടർച്ചയായി അവളെ അലട്ടിക്കൊണ്ടിരുന്നു. 1917 മെയ് 24-ാം തീയതി 7-ാമത്തെ വയസ്സിൽ അന്നക്കുട്ടിയെ ആർപ്പൂക്കര തൊണ്ണംകുഴി എൽ.പി. സ്കൂളിൽ ചേർത്തു. ചെറുപ്പത്തിൽത്തന്നെ ചെറിയ ചെറിയ പുണ്യപ്രവൃത്തികൾ ചെയ്യാൻ അവൾ ശ്രമിച്ചു. കുടുംബപ്രാർത്ഥനയിൽ സജീവമായി പങ്കുകൊണ്ടു. പ്രാർത്ഥനാമുറി ഭംഗിയായി അലങ്കരിച്ചു. എൽ.പി. സ്കൂളിൽ പഠിപ്പിച്ച നീലകണ്ഠപിള്ള സാർ പറഞ്ഞതിങ്ങനെ: 'ആ മുഖശ്രീ ഞാൻ മറക്കില്ല'.

മൂന്നു വർഷത്തെ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം മുട്ടുചിറയിലുള്ള മുരിക്കൻ വീട്ടിലേക്ക് താമസംമാറി. മുരിക്കൻ വീട്ടിലെ പേരമ്മ അന്നമ്മയായിരുന്നു അവളുടെ വളർത്തമ്മ. മുട്ടുചിറയിൽ തുടർ വിദ്യാഭ്യാസം ആരംഭിച്ചു. 'അന്നക്കുട്ടിയെ ഒരു കാര്യത്തിലും ഒരിക്കലും കുറ്റപ്പെടുത്തേണ്ടിവന്നിട്ടില്ല'. പഠിപ്പിച്ച അദ്ധ്യാപകന്റെ സാക്ഷ്യം. അന്നക്കുട്ടി സദാ പ്രസന്നവദയും, സൗമ്യശീലയും, വിനയവതിയുമായിരുന്നു. സംസാരത്തിലും പ്രവൃത്തിയിലും സ്നേഹചൈതന്യം തുളുമ്പി നിന്നിരുന്നു. മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും ശ്രദ്ധിക്കുന്നതും പറഞ്ഞു നടക്കുന്നതും അവൾ ഇഷ്ടപ്പെട്ടില്ല. വി. കുർബാനസ്വീകരണം അവൾക്കേറെ സന്തോഷപ്രദമായിരുന്നു. പരി. ദൈവമാതാവിനോട് പ്രത്യേകം ഭക്തി പുലർത്തിയിരുന്നു. 'എന്റെ കുഞ്ഞിന് ഒരു കുറവും വരരുത്. ആരും അവളെപ്പറ്റി ഒരു കുറ്റവും പറഞ്ഞുകൂടാ. എവിടെ ചെന്നാലും അവളെ അകറ്റി നിർത്തരുത്'. ഇതായിരുന്നു വളർത്തമ്മ അന്നമ്മയുടെ വാക്കുകൾ. പേരമ്മയുടെ പരിശീലനത്തെപ്പറ്റി പില്ക്കാലത്ത് അൽഫോൻസതന്നെ പറയുന്ന വാക്കുകളിങ്ങനെ: 'എന്റെ അമ്മ എന്നെ ശാസിച്ചു വളർത്തിയതിനാലാണ് ഞാൻ ഈ വിധമായിത്തീർന്നത്. എന്തെങ്കിലും നിസ്സാരമായ ഒരു കുറ്റം ചെയ്താൽ അമ്മ എന്നെ കഠിനമായി ശകാരിക്കും'. പേരപ്പൻ പൗലോച്ചൻ പറയുന്നു: 'അവൾ എന്റെ വീടിന് അലങ്കാരവും മാതൃകയുമായിരുന്നു.'

ജീവിതാരംഭത്തിൽത്തന്നെ വിശുദ്ധമായ ജീവിതം നയിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. അൽഫോൻസാമ്മയുടെ വാക്കുകൾ: 'ചെറുപ്പത്തിൽ വീട്ടിൽവച്ച് ഇപ്പോഴത്തേതിനേക്കാൾ നന്നായിട്ടാണ് ഞാൻ ജീവിച്ചത്. അന്നു കൂടുതൽ ദൈവസ്നേഹം എനിക്കുണ്ടായിരുന്നു. യാതൊരു കുറ്റവും ചെയ്യാതിരിക്കുവാൻ ഞാൻ സൂക്ഷിക്കും. ആണ്ടുകുമ്പസാരത്തിൽ പറയുന്നതിന് പ്രത്യേകിച്ച് ഒന്നും ഇല്ലായിരുന്നു. ഒരു പുണ്യവതിയാകണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. വി. കൊച്ചുത്രേസ്യയുടെ ഒരു ചരിത്രം വായിക്കാനിടയായ ശേഷമാണ് അങ്ങനെ തോന്നി തുടങ്ങിയത്. വീടിന്റെ അടുത്തുള്ള കർമ്മലീത്താമഠത്തിൽ ഒരമ്മയെ കാണുമ്പോഴൊക്കെ 'കുഞ്ഞ്' പുണ്യവതിയാകണമെന്ന് ഉപദേശിച്ചിരുന്നു. അതു കേൾക്കുമ്പോൾ എന്റെ ആശ ഇരട്ടിച്ചിരുന്നു. ഇപ്പോഴത്തേക്കാൾ നന്നായിട്ടും ഹൃദയം തുറന്നുമാണ് ഞാൻ പ്രാർത്ഥിച്ചിരുന്നത്'.

അന്നക്കുട്ടിക്ക് കല്യാണാലോചനകൾ പലതും വന്നു, വഴിമാറി. അവൾ തന്റെ ഹൃദയം നേരത്തെതന്നെ യേശുവിന്റെ തിരുഹൃദയത്തിനു

സമർപ്പിച്ചു കഴിഞ്ഞിരുന്നു. 'എന്റെ കുഞ്ഞിനെ ഇനി ഒരിടത്തും അയയ്ക്കുന്നില്ല. അവൾ എന്റെകൂടെ താമസിച്ചു കൊള്ളട്ടെ' പേരമ്മ പറഞ്ഞു. 1925 ജനുവരി 21-ാം തീയതി ചങ്ങനാശ്ശേരി മെത്രാൻ മാർ തോമസ് കാളാശേരിയിൽനിന്ന് സ്ഥൈര്യലേപനം സ്വീകരിച്ചു. 1925 ജൂൺ 8 ന് 7-ാം ക്ലാസ് പഠനം പൂർത്തിയാക്കി മുട്ടുചിറ ഗവൺമെന്റ് എൽ.പി. സ്കൂളിനോടു വിടപറഞ്ഞു. 1927 ൽ ഭരണങ്ങാനത്തെ ഫ്രാൻസിസ്കൻ ക്ലാരമഠത്തിൽ ചേർന്നു. സമൂഹത്തിലെ അംഗമായി. 1928 ൽ അൽഫോൻസ് ലിഗോരിയുടെ തിരുനാൾ ദിവസം അന്നക്കുട്ടി സന്യാസ ശിരോവസ്ത്രവും 'അൽഫോൻസ' എന്ന പേരും സ്വീകരിച്ചു.

1929 ൽ ഹയർ പരീക്ഷയ്ക്കു പഠിക്കുവാൻ വാഴപ്പള്ളി ആരാധനാമഠം വക എസ്.എച്ച്. സ്കൂളിൽ ചേർന്നു. സഭാവസ്ത്രസ്വീകരണത്തിന് ഒരുക്കമായുള്ള ധ്യാനം ആരംഭിക്കുന്നതിനുമുമ്പ് മദർ സുപ്പീരിയറോട് പറഞ്ഞ വാക്കുകൾ: ''കർത്താവിന്റെ ഒരു ഉത്തമ മണവാട്ടിയായി തീരുന്നതിനും നല്ല ഫ്രാൻസിസ്കൻ കന്യാസ്ത്രീയായി ജീവിക്കുന്നതിനും മദർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും, എന്നിലുണ്ടാകുന്ന തെറ്റുകളെ എന്റെ ഇഷ്ടാനുഷ്ടങ്ങൾ നോക്കാതെ തിരുത്തുകയും ചെയ്യണമെ. എനിക്കു കുരിശുകൾ ധാരാളം ഉണ്ടാകും. അവയെല്ലാം മിശിഹായ്ക്കു യോജിച്ചവിധം സഹിക്കുവാൻ പ്രാർത്ഥിക്കണമെ''.

1930 മെയ് 19 ന് സഭാവസ്ത്ര സ്വീകരണം നടന്നു. അവൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയും വി. ക്ലാരയും തുടങ്ങിവച്ച ക്ലാര സന്യാസസമൂഹത്തിലെ അംഗമായി. ക്രൂശിതനായ ക്രിസ്തുവിനെ ആത്മനാഥനായി അവൾ സ്വീകരിച്ചു. അവിടുത്തോടു ജീവിതാവസാനംവരെ വിശ്വസ്തയായിരുന്നു കൊള്ളാമെന്ന് അവൾ വാഗ്ദാനം ചെയ്തു. ശിശുവിനെപ്പോലെ നിഷ്കളങ്കയായിരുന്നു അവൾ. മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിൽ അവൾ ഏറെ ശ്രദ്ധാലുവായിരുന്നു. പഠനത്തിൽ മികവു പുലർത്തി. ദുഃഖാനുഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി അവളെ വേട്ടയാടിക്കൊണ്ടിരുന്നു. ശാരീരികവും മാനസികവുമായി പീഡകൾ ഏറെ അലട്ടിക്കൊണ്ടിരുന്നു. അവൾ പറഞ്ഞു: 'ഒരു പുണ്യവതിയാകണമെന്ന ആഗ്രഹത്തോടെയാണ് ഞാൻ മഠത്തിൽ ചേർന്നത്. ഇത്രയേറെ വിഷമതകളിൽകൂടി കടന്നു പോകുന്ന ഞാൻ ഒരു പുണ്യവതിയായില്ലെങ്കിൽ പിന്നെ എന്തിനു ജീവിക്കുന്നു'.

1932 മെയ് മുതൽ ഒരു ഗുരുനാഥയായിട്ടാണ് നാം അൽഫോൻസാമ്മയെ കാണുക. കുട്ടികളുടെ സ്വഭാവരൂപീകരണം അവളുടെ ലക്ഷ്യമായിരുന്നു. തന്റെ കഴിവുകൾ സമൂഹത്തിന്റെ നന്മയ്ക്കായി അവൾ വിനിയോഗിച്ചു. 1936 ആഗസ്റ്റ് 12-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി. താൻ പൂർണ്ണമായും ദൈവത്തിന്റേതാകുക. അതാണവൾ ആഗ്രഹിച്ചത്. അതിനാണവൾ പ്രവർത്തിച്ചത്. വലിയ കാര്യങ്ങൾ അവൾ ചെയ്തിട്ടില്ല. പ്രാർത്ഥന കഴിഞ്ഞാൽ, അനുദിന ജീവിതത്തിലെ ചെറിയ ചെറിയ കാര്യങ്ങളാണ് അവളെ വലിയവളാക്കിയത്. കൊച്ചുത്രേസ്യായെപ്പോലെ അവളുടെ വിളി കർത്താവിനെ സ്നേഹിക്കാനും സഭയെ സ്നേഹിക്കാനുമാണ് എന്നവൾ തിരിച്ചറിഞ്ഞു. ദൈവസ്നേഹമുണ്ടെങ്കിൽ പരസ്നേഹവുമുണ്ട്. 73 വർഷങ്ങൾക്കുമുമ്പ് 1946 ജൂലൈ 28-ാം തീയതി സിസ്റ്റർ അൽഫോൻസ നിത്യതയിലേക്ക് യാത്രയായി. ചരമപ്രസംഗവേളയിൽ ആദ്ധ്യാത്മിക പിതാവ് ഫാ. റോമൂളൂസ് സി.എം. ഐ. ഇപ്രകാരം പറഞ്ഞു: 'ദൈവം തിരുമനസ്സാകുന്നുവെങ്കിൽ ഈ ഭരണങ്ങാനം ഭാരതത്തിലെ ലിസ്യൂ ആയി മാറും'. 2008 ഒക്ടോബർ 12 ന് അൽഫോൻസ വിശുദ്ധരുടെ ഗണത്തിൽ ചേർക്കപ്പെട്ടു. അനേകായിരങ്ങൾ വിശുദ്ധയുടെ മാതൃകയും മാദ്ധ്യസ്തവും തേടി ഭരണങ്ങാനത്തും കുടമാളൂരിലും എത്തുന്നു. വിശുദ്ധ അൽഫോൻസാ നമുക്ക് മാതൃകയും മാദ്ധ്യസ്ഥയുമാണ്.

വിശുദ്ധരെ പുണ്യവാനെന്നും പുണ്യവതിയെന്നും നാം വിളിക്കുന്നു. പുണ്യം ചെയ്തവരാണ് പുണ്യവാന്മാരും പുണ്യവതികളും. എന്താണ് പുണ്യം? നന്മ ചെയ്യാനുള്ള മനസ്സിന്റെ ഒരുക്കവും തഴക്കവുമാണ് പുണ്യം. നിരന്തരമായ പരിശീലനത്തിലൂടെയാണ് പുണ്യങ്ങൾ സമ്പാദിക്കുക. സ്നേഹമാണല്ലൊ അടിസ്ഥാന പുണ്യം. സ്നേഹവും സ്നേഹത്തിൽനിന്ന് ഉരുത്തിരിയുന്ന മറ്റും പുണ്യങ്ങളുമാണ് ജീവിതത്തെ പൂർണ്ണതയിലേക്കു നയിക്കുന്നത്. അനുസരണം, ക്ഷമ, ബഹുമാനം, എളിമ, വിനയം, സമാധാനം, ദാരിദ്ര്യം, സഹനം, സംയമനം എന്നിങ്ങനെ നിരവധി പുണ്യങ്ങൾ അനുദിനം അഭ്യസിക്കുമ്പോഴാണ് പുണ്യപാതയിൽ ചരിക്കുവാൻ സാധിക്കുക. ദുർഗുണങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തെ ദുർബലമാക്കുന്നു. അഹങ്കാരം. കോപം, മാത്സര്യം, അസൂയ, ശത്രുത എന്നിങ്ങനെ നിരവധി ദുർഗുണങ്ങളുണ്ട്. വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർ ദുർഗുണങ്ങളെ തോല്പിച്ച് പുണ്യങ്ങളിൽ ജീവിതത്തെ രൂപപ്പെടുത്തുന്നു. വിശുദ്ധ അൽഫോൻസായുടെ ജീവിതം ഇതാണ് നമുക്കു നല്കുന്ന മാതൃക. സാധാരണ സാഹചര്യങ്ങളിൽ ജനിച്ച അന്നക്കുട്ടി വിശുദ്ധ അൽഫോൻസയായി രൂപപ്പെട്ടത് ഇപ്രകാരം സുകൃതങ്ങളാൽ, പുണ്യങ്ങളാൽ അലംകൃതമായ ജീവിതം നയിച്ചുകൊണ്ടാണ്. വിശുദ്ധ അൽഫോൻസയുടെ ജീവിതം നമുക്കു മാതൃകയും മാദ്ധ്യസ്ഥവുമാകട്ടെ. തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

# ദുക്റോനോ ദ് മാർത്തോമ്മോ

## ജൂലൈ 3



ഫാ. ഡോ. തോമസ്കുട്ടി
പതിനെട്ടിൽ

ഭാരതത്തിന്റെ അപ്പസ്തോലനും, പുണ്യവാനും, സഹദായും നമ്മുടെ പിതാവുമായ വി. തോമാശ്ലീഹായുടെ ഓർമ്മ ഒട്ടനവധി വിശ്വാസചിന്തകൾ നമ്മിൽ അങ്കുരുപ്പിക്കുന്നു.

തോമസ് ഒരു പിടിവാശിക്കാരനാണ്! അവന്റെ വാശി ഒന്നേയുള്ളൂ: എനിക്കും മുറിവേറ്റവനെ തൊടണം! ശാഠ്യക്കാരനെന്നോ, സംശയാലുവെന്നോ, അവിശ്വാസിയെന്നോ ഒക്കെ നിങ്ങൾ അവനെ തെറ്റിദ്ധരിച്ചു കൊള്ളുക! സത്യം പറഞ്ഞാൽ അവനാണ് വിശ്വാസി. അവൻ ധൈര്യശാലിയാണ്! തികഞ്ഞ തീഷ്ണമതിയാണ്!




ദൈവാനുഭവത്തെ തൊട്ടറിയാൻ തോമസ് തീവ്രമായി ആഗ്രഹിച്ചു. അത് അവന്റെ നിർബന്ധമാകാം! അവന്റെ അവകാശമാകാം! “എന്റെ ഗുരുവിന്റെ കരം പിടിക്കണം, അവന്റെ പാർശ്വത്തിൽ കൈ ചേർക്കണം. അവന്റെ ഹൃദയത്തിന്റെ സ്പന്ദനം അറിയണം”. അറിവിനേക്കാൾ, അനുഭവത്തിന്റെ ബലമാണ് അവന് ആവശ്യം. സ്നേഹത്തിന്റെ ഒരു കടുംപിടുത്തമായി വേണം ഇതിനെ കാണാൻ.

ഒരു കാര്യം ശരിയാണ്: ഒരു തെറ്റുപറ്റി. ഗുരുവിന്റെ മരണം ഉണ്ടാക്കിയ മുറിവും, അനാഥത്വവും, ശൂന്യതാബോധവും മനസ്സിനെ വേട്ടയാടിയപ്പോൾ - ഒരല്പ സുരക്ഷിതതീരം തേടി അലഞ്ഞു - ഒന്നു കൂട്ടം വിട്ടുപോയി. കൂട്ടായ്മ വിട്ടപ്പോൾ - ഒറ്റപ്പെട്ടുപോയി. തന്മൂലം ഗുരുദർശന സൗഭാഗ്യം നഷ്ടമായി. തന്റെ ശിഷ്യന്റെ മനസ്സ് വായിച്ചറിയുന്ന ഗുരു, ആണിപ്പഴുതുകളും, മുറിവുണങ്ങാത്ത തിരുവിലാവുമായി അവനു പ്രത്യക്ഷപ്പെട്ടു. തന്റെ പാർശ്വത്തിൽ കൈ വയ്ക്കാൻ ആണിപ്പഴുതിൽ വിരലിടാൻ - യേശു തോമസിനെ ക്ഷണിച്ചു.

തോമസ് കർത്താവിനെ കണ്ടു! ഗുരുദർശനം തോമസിന്റെ ഹൃദയത്തിൽ ആഴമുള്ള ചാലുകൾ കീറി. ഉത്ഥിതൻ തോമസിന്റെ ജീവിതത്തിൽ ആഴങ്ങൾ സൃഷ്ടിച്ചു. മൃത്യുഞ്ജയമായ വിലാവിൽനിന്നും ഒരു സ്നേഹം ഒഴുകി വന്ന് തോമസിനെ വലയം ചെയ്തു. താൻ തൊടും മുമ്പേ - തന്നെ തൊട്ട ഗുരുവിനെ നോക്കി, നെഞ്ചുപൊട്ടി, ഹൃദയം ത്രസിപ്പിക്കുന്ന ആ വിശ്വാസം ശ്ലീഹാ വിളിച്ചു പറഞ്ഞു: എന്റെ കർത്താവും, എന്റെ ദൈവവുമേ! ലോകം കണ്ടതിൽ ഏറ്റവും ശക്തമായ വിശ്വാസപ്രഖ്യാപനം! വേദനിക്കപ്പെട്ട ഗുരുശിഷ്യബന്ധം ഇവിടെ വീണ്ടും ഇണക്കിചേർത്തു! ഈ നിമിഷം ഒരു സ്വർണ്ണമുദ്രയായി മാറി. ഉത്ഥിതനെക്കുറിച്ചുള്ള അറിവ് അനുഭവമായി മാറി. സചേതനമായ വചനവും പേറി - തന്റെ ഗുരുവിനുവേണ്ടി നിരവധി പ്രയാണങ്ങളും പുറപ്പാടുകളും നടത്താൻ ഈ പുണ്യം നിറഞ്ഞ നിമിഷം തോമസിനു കരുത്തേകി.

ഈ തോമസ് പലസ്തീനായിലെ ഗലീലയിൽ നിന്നുള്ള മുക്കുവനാണ്. ഒരു മുക്കുവന് ചില പ്രത്യേകതകൾ ഉണ്ട്.

* അവൻ ചങ്കൂറ്റമുള്ളവനാണ്. കാറ്റിനോടും, തിരമാലകളോടും, കടലിനോടും മല്ലടിക്കാനുള്ള ചങ്കൂറ്റവും ധൈര്യവും.

* അവൻ സഹിഷ്ണതയും ക്ഷമയുമുള്ളവനാണ്. വലയെറിഞ്ഞ് പ്രതീക്ഷയോടെ കാത്തിരിക്കണം.

* അവൻ തന്റെ തൊഴിലിൽ പ്രാവീണ്യവും അറിവും ഉള്ളവനാണ്. കടലിനെക്കുറിച്ചും വെള്ളത്തെക്കുറിച്ചും അവന് അറിയാം. എവിടെ, എപ്പോൾ, എങ്ങനെ വല വീശണം എന്ന് അവന് അറിവും അനുഭവമുണ്ട്.

* മുക്കുവൻ ദൈവപരിപാലനയിൽ ആശ്രയിക്കുന്നവനാണ്. ആർത്തിരമ്പുന്ന കടലിലും, ഇരുളിലും, കോളിലും, അവന്റെയും, തന്റെ കുടുംബത്തിന്റെയും ഏക ആശ്രയം ദൈവം മാത്രമാണ്. ദൈവാശ്രയം മാത്രമാണ്. ഈ ചങ്കൂറ്റവും, ധൈര്യവും, സഹിഷ്ണതയും, ദൈവാശ്രയവുമെല്ലാം ഈ തോമസിലുമുണ്ട്.

തോമാശ്ലീഹായെക്കുറിച്ചുള്ള പഠനങ്ങൾ വിലയിരുത്തുന്ന ചില സത്യങ്ങളുണ്ട്. യേശുവിനോടു കൂടെയുള്ള സഹവാസത്തിൽ തോമസിന്റെ അധരങ്ങൾ മൂന്നു മൊഴികൾ ഉരുവിടുന്നുണ്ട്. യേശു തമ്പുരാന്റെ മൂന്നു വലിയ പ്രഖ്യാപനങ്ങൾക്കു കാരണക്കാരൻ ഈ തോമസാണ്.

– യോഹന്നാന്റെ സുവിശേഷം 11:16 ൽ ലാസറിന്റെ മരണം അറിഞ്ഞുകൊണ്ട് യൂദായിലേയ്ക്ക് പോകാൻ തയ്യാറായപ്പോൾ, അവിടെയുള്ള ജനം യേശുവിനെ കല്ലെറിയുമെന്നും വധിക്കുമെന്നും മറ്റു ശിഷ്യന്മാർ പറഞ്ഞപ്പോൾ ധീരതയോടെ തോമസ് പറഞ്ഞു: നമുക്കും അവനോടൊപ്പം പോയി സഹിക്കാം – അവനോടൊപ്പം പോയി മരിക്കാം. ഈ അവസരത്തിലാണ് യേശു പറയുന്നത്: ''ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു''. അവൻ പുനരുത്ഥാനവും ജീവനുമാണെങ്കിൽ ജീവൻ പണയംവച്ചും അവനെ അനുഗമിക്കാം. അവർ ഒരുമിച്ചു ഗുരുവിനോടു ചേർന്നു യാത്രയായി – ഒന്നിച്ചു സഹിക്കാൻ-മരിക്കാൻ- ഉയിർക്കാൻ....

– വീണ്ടും യോഹ. 14:4-5 ൽ ''കർത്താവേ നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്ക് അറിയില്ല. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും'' എന്നു ചോദിക്കുന്ന സത്യാന്വേഷകനായ ഒരു തോമസിനെ നമ്മൾ കാണുന്നു. ഈ തോമസിന്റെ ചോദ്യത്തിന് മറുപടിയായി യേശു ഒരു വലിയ ദൈവികസത്യം ലോകത്തിനു വെളിപ്പെടുത്തുന്നു. ഞാനാണ് വഴിയും സത്യവും ജീവനും. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്കു വരുന്നില്ല. അവൻ വഴിയും സത്യവും ജീവനുമാണെങ്കിൽ, പിതാവിലേക്കുള്ള സത്യവും സജീവവുമായ ഏക വഴി യേശുവാണെങ്കിൽ, മരണത്തെ അവഗണിച്ചും അവനെ അനുഗമിക്കാൻ തോമസ് തയ്യാറായി.

– മൂന്നാമതായി യോഹ. 20 ൽ അവന്റെ ആണിപ്പാടു കാണാനുള്ള ശാഠ്യത്തിനും, ഞാൻ നിനക്കാരാണ് എന്ന ചോദ്യത്തിനും തോമസ് നൽകിയ മറുപടിയാണ് – നീ എനിക്ക് ദൈവവും, എന്റെ കർത്താവുമാണ്.... ''തോമസേ, നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ''. തന്റെ കർത്താവും ദൈവവുമായവനുവേണ്ടി രക്തസാക്ഷിയുടെ മേലങ്കിയിടാൻ ധൈര്യപൂർവ്വം ഇറങ്ങിത്തിരിച്ച് തോമസ് ഇന്ത്യവരെയും എത്തിച്ചേർന്നു. ഇന്നും ഉത്ഥിതന്റെ മുറിവുകളെ സ്പർശിക്കാൻ അവൻ നമ്മെ ക്ഷണിക്കുന്നു. സ്നേഹത്തോടെ, വിശ്വാസത്തോടെ അവന്റെ മുറിപ്പാടുകളെ തൊടാൻ – തലോടാൻ – വിശ്വസിക്കാൻ കൃപ തരാൻ തോമാശ്ലീഹായോടു പ്രാർത്ഥിക്കാം. ഉത്ഥിതനായവൻ എന്റെ കർത്താവും ദൈവവുമാണെന്ന് നമുക്കും പ്രഖ്യാപിക്കാം. അവൻ പിതാവിങ്കലേക്കുള്ള വഴിയും സത്യവും ജീവനുമാണെന്ന് ഏറ്റുപറയാം. അവൻ പുനരുത്ഥാനവും ജീവനുമെങ്കിൽ ജീവൻ കൊടുത്തും അവനെ അനുഗമിക്കാം. ഈ ദുക്റാന തിരുന്നാളിൽ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

മാർതോമ്മാ നിന്നിൽ മോദിക്കും സഭ നിൻ സ്മരണേ സ്തുതി പാടും

ഈശനു നീ പ്രീതിയണച്ചതിനാൽ

തൻ രാജ്യേ സിദ്ധരോടൊന്നായ് ആമോദം തേ നല്കീടും.

ഘോഷിക്കുന്നൊരു കൂട്ടത്തെ

സന്തോഷിപ്പിച്ചീടേണം സന്ദർശിച്ചേകൂ സഹായം.

# ക്രിസ്തീയ കുടുംബം ഭൂമിയിലെ സ്വർഗ്ഗം



റവ. ഫാ. മാത്യു ആലുംമൂട്ടിൽ

മലങ്കര സുറിയാനി കത്തോലിക്കാസഭ 2019 ജൂലൈ 7-ാം തീയതി കുടുംബദിനമായി ആചരിക്കുകയാണ്. 2019 ഒക്ടോബറിൽ കൂടുവാനിരിക്കുന്ന രണ്ടാമത് സഭാ അസംബ്ലിയുടെ വിഷയം ''കൃപ നിറയുന്ന കുടുംബങ്ങൾ'' എന്നതാണ്. 2014 ലും 2015 ലും രണ്ടു സിനഡുകൾ റോമിൽ സമ്മേളിച്ചിരുന്നു. രണ്ടിന്റേയും വിഷയം ഒന്നായിരുന്നു - കുടുംബം. ഇവയെല്ലാം സൂചിപ്പിക്കുന്നത് ഈ കാലയളവിൽ കുടുംബങ്ങളെ വലിയ പ്രാധാന്യത്തോടെ സഭ കാണുന്നു എന്നതാണ്. അതിനാൽ സഭയോടു ചേർന്ന് ഈ കുടുംബ ദിനാചരണത്തിൽ ക്രിസ്തീയ കുടുംബത്തിന്റെ വിളി, ദൗത്യം, വെല്ലുവിളി എന്നിവയെപ്പറ്റി ഹ്രസ്വമായി ചിന്തിക്കുന്നത് അനുഗ്രഹീതമായിരിക്കുമെന്ന് കരുതുന്നു.

**കുടുംബം - അനാദിയിൽ**

മൂന്നു ചിത്രങ്ങളാണ് ക്രിസ്തീയ കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനസിൽ തെളിയുന്നത്. അവയിൽ ആദ്യത്തേതാണ് അനാദിയിലെ കുടുംബം. അത് ദൈവകുടുംബമാണ് - ഏക ദൈവത്തിലെ മൂന്നു ദൈവികാളുകളുടെ കൂട്ടായ്മയായ കുടുംബം. ദൈവം മൂന്നാളുകളുടെ കൂട്ടായ്മയാണെന്ന് യേശുതന്നെ വെളിപ്പെടുത്തിയ നിത്യസത്യമാണ്: ''ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നും പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും (യോഹ: 15:26). ദൈവനാമത്തിൽ ജനതകളെ സ്നാനപ്പെടുത്തുമ്പോൾ അത് ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (മത്താ.28:20)'' ആയിരിക്കണമെന്ന് യേശു പ്രത്യേകം നിഷ്ക്കർഷിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെ പ്രവൃത്തികളെ നമ്മിൽ സമന്വയിപ്പിച്ചു പ്രസ്താവിക്കുന്നു: ''പിതാവു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കുന്നു. പരിശുദ്ധാത്മാവ് അവാച്യമായ നെടുവീർപ്പുകളാൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു'' (റോമാ.8:6-30). ക്രിസ്തീയ ദർശനത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക ദൈവം സ്നേഹത്തിന്റെ കൂട്ടായ്മയും, ക്രിസ്തീയ കുടുംബം അതിന്റെ ഭൂമിയിലെ പ്രകാശനവുമാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ സത്യത്തിനുമേൽ വീശുന്ന വെളിച്ചം ഇപ്രകാരമാണ്ഃ ''ദൈവം അവിടുത്തെ അത്യഗാധ രഹസ്യത്തിൽ ഏകാന്തതയല്ല, പ്രത്യുത ഒരു കുടുംബമാണ്. എന്തെന്നാൽ അങ്ങിൽതന്നെ അവിടുത്തേക്ക് പിതൃത്വവും പുത്രത്വവും കുടുംബത്തിന്റെ സത്തയായ സ്നേഹവും ഉണ്ട്. ദൈവിക കുടുംബത്തിലെ ആ സ്നേഹമാണ് പരിശുദ്ധാരൂപി. (1979 -ൽ ലോസ് ആഞ്ചലസിൽ വി.കുർബ്ബാനമദ്ധ്യേ മാർപാപ്പ ചെയ്ത പ്രസംഗത്തിൽനിന്ന്). വിശുദ്ധ പൗലോസ് ശ്ലീഹാ ദൈവത്തിലെ ഈ ത്രിമാന കൂട്ടായ്മ കുടുംബ ബന്ധങ്ങളിലെ പാരസ്പര്യത്തിൽ പ്രതിഷ്ഠിക്കുന്നത് ശ്രദ്ധേയമാണ്. ദമ്പതികളുടെ പരസ്പര സമർപ്പണത്തെ ക്രിസ്തുവിന് സഭയോടുള്ള ജീവാർപ്പണത്തിന്റെ മഹാരഹസ്യത്തിൽ ഉൾച്ചേർക്കുന്നു (എഫേ.5:21-33). അതിനാൽ അത്യന്തികമായി പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേയ്ക്കുള്ള ദൈവവിളിയാണ് വിവാഹം. അതിൽ നിലനിൽക്കുവാനും ഭൂമിയിൽ പ്രകാശിതമാക്കുവാനുമുള്ള ദൗത്യമാണ് വിവാഹത്തിൽ ദമ്പതികൾ ഏറ്റെടുക്കുന്നത്. അത് മഹത്തരമാണ്. കാരണം, അതിന്റെ ആന്തരിക മനോഹാരിതയും മാഹാത്മ്യവും കുടുംബത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കിത്തീർക്കുന്നു.

**കുടുംബം - ആദിയിൽ**

ആദിയിലെ കുടുംബം ഏദനിൽ ദൈവം സ്ഥാപിച്ച ആദ്യ കുടുംബമാണ്. ദൈവമാണ് കുടുംബ സ്ഥാപകൻ. കുടുംബം അവിടുത്തെ മഹാദാനമാണ്. ദൈവത്തിന്റ ഛായ (കൂട്ടായ്മ)യിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ സ്ത്രീയും പുരുഷനുമുണ്ട്. അവർ ഒരേപോലെ പരാമർശിക്ക

പ്പെട്ടിരിക്കുന്നത് (ഉല്പ.1: 27) ശ്രദ്ധേയമാണ്. ദൈവത്തിന്റെ സത്തയിലും പരസ്പരം സമത്വത്തിലുമാണ് അവർ സൃഷ്ടിതമായിരിക്കുന്നതെന്ന് അത് വ്യക്തമാക്കുന്നു. ആദം സൃഷ്ടികൾക്ക് മകുടമാണ്. എല്ലാ ജീവജാലങ്ങളുടെയും അധിപൻ എന്ന നിലയിൽ അവയ്ക്കെല്ലാം പേരിട്ടതും അവൻതന്നെ. പക്ഷെ അവൻ ഏകനാണെന്ന് ദൈവം കണ്ടു. അവന് മാത്രം സഹവാസത്തിന് യോജിച്ച ഇണയില്ല. ഇത് ''നന്നല്ല'' എന്നു പറഞ്ഞ ദൈവം കൂട്ടിച്ചേർത്തു. ''അവന് ചേർന്ന ഇണയെ ഞാൻ നൽകും (ഉല്പ 2:18). ദൈവം സ്ത്രീയെ നൽകുമ്പോൾ അവൾ – സൃഷ്ടികളിൽ അവൾ മാത്രം – അവന്റെതന്നെ ഭാഗമാണെന്ന് അവൻ തിരിച്ചറിയുന്നു: '' ഇതാ! എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും''. അവനു ചേർന്ന ഇണയെ കിട്ടിയിരിക്കുന്നു. ഇനിയും സഹവാസവും പാരസ്പര്യവും സാദ്ധ്യം! അവർ ഇരുവരും പൂർണ്ണരാക്കപ്പെട്ടിരിക്കുന്നു. ഓരോ വിവാഹത്തിലും സംഭവിക്കുന്നത് ഇതുതന്നെയാണ്. ഗ്രീക്ക് പുരാണം പരാമർശിക്കുന്നുണ്ട്: ''ലോകാരംഭത്തിൽ സ്ത്രീയും പുരുഷനും ഏക വ്യക്തിയായിരുന്നു. അപ്പോൾ അവരുടെ ആഹ്ളാദത്തിന് അതിരുകളില്ലായിരുന്നു. അസൂയ പൂണ്ടവരുടെ പരാതിപ്രകാരം സിയൂസ് ദേവൻ മിന്നലയച്ച് അവരെ രണ്ടായി ഭേദിച്ചുകളഞ്ഞു. അന്നുമുതൽ ഇരുവരും തങ്ങളുടെ ഇണയെ തേടുകയാണ്''. ഇതാ! ഓരോ വിവാഹത്തിലും ദൈവം യോജിച്ച ഇണയെ പരസ്പരം നൽകുന്നു. സ്ത്രീപുരുഷ സ്നേഹത്തെ വിവാഹ കൂദാശ എന്ന ദൈവികപീഠത്തിൽ പ്രതിഷ്ഠിച്ച് ക്രിസ്തു അതിനെ അവിഭക്തമാക്കുന്നു: ''ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപെടുത്താതിരിക്കട്ടെ. പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരമായിത്തീരും (മത്താ. 19:5,6)''. ശരീരം ഏകമായിരിക്കുന്നിടത്ത് ആത്മാവും ഒന്നായിരിക്കും. അതിനാൽ ദമ്പതികൾക്കിടയിൽ രണ്ട് എന്നൊന്നില്ല. ഞാൻ, എന്റെ'എന്ന സ്വത്വം, നീ, നിന്റെ എന്ന ജീവിത പങ്കാളിയുടെ സത്തയിൽ ലയിക്കുമ്പോഴാണ് വിവാഹത്തിന്റെ താളലയങ്ങൾ ശ്രുതി മധുരമാകുന്നത്. രണ്ട് അരുവികൾ വ്യത്യസ്ത വഴികളിലൂടെ ഒഴുകി ഒരു പുഴയായിത്തീർന്ന് സാഗരത്തിൽ സംഗമിക്കുംപോലെ വ്യത്യസ്ത സ്ഥലങ്ങളിൽ ജനിച്ചുവളർന്ന രണ്ട് യുവമിഥുനങ്ങൾ ഹൃദയപൂർവ്വം പരസ്പരം ലയിച്ച് മരണം വേർപെടുത്തുംവരെ ഒന്നായി ജീവിക്കുന്ന വിവാഹബന്ധം എത്ര ശ്രേഷ്ഠമാണ്. ദമ്പതികൾക്ക് ഒരേ ലക്ഷ്യം, ഒരേ പ്രത്യാശ, ഒരേ ശുശ്രൂഷ, ഒരേ അനുഷ്ഠാനം, ഒരേ അഭിവാഞ്ഛ, ഒരേ ജീവിതസരണി. ഒരേ ശരീരത്തിൽ രണ്ടുപേരായ അവർ സഹവർത്തിതരും സഹശുശ്രൂഷകരുമാണ്. അവരുടെ ജീവിതത്തിന്റെ ശ്രേഷ്ഠത വർണ്ണനാതീതമെന്ന് ആദിമസഭയിലെ പണ്ഡിതനായ തെർത്തുല്യൻ പ്രസ്താവിക്കുന്നു: ''ദൈവത്താൽ വിളിക്കപ്പെട്ടതും സ്വർഗ്ഗത്താൽ സാക്ഷ്യപ്പെടുത്തപ്പെട്ടതും മാലാഖമാരാൽ വിളംബരം ചെയ്യപ്പെട്ടതും സഭയാൽ സംയോജിക്കപ്പെട്ടതും അനുഗ്രഹങ്ങളാൽ മുദ്രവയ്ക്കപ്പെട്ടതുമായ വിവാഹത്തിന്റെ അതുല്യ മഹത്വത്തെ എങ്ങനെ വർണ്ണിക്കാനാവും? അത് ദമ്പതികൾ ജീവിച്ചനുഭവിക്കേണ്ടതാണ്. അവരുടെ കുടുംബം കാണുന്നവർക്ക് ''ഇവിടെയാണ് ദൈവം വസിക്കുന്നത്. ഇവിടമാണ് ഭൂമിയിലെ സ്വർഗ്ഗം'' എന്നു പറയുവാൻ സാധിക്കണം. ഇത് കേവലം കാൽപനികമായ സ്വപ്നാശംസയല്ല. പ്രായോഗികമായി നിറവേറിയ യാഥാർത്ഥ്യമാണ്. ആദിമസഭയിലെ കുടുംബം കണ്ടിട്ട് മറ്റുള്ളവർ പ്രകീർത്തിച്ചു: ''നോക്കൂ: അവർ എങ്ങിനെ പരസ്പരം സ്നേഹിക്കുന്നു''. അന്ന്, പരസ്പരം സ്നേഹിച്ചും പങ്കുവച്ചും ആഹ്ളാദിച്ചും ദൈവകൂട്ടായ്മയുടെ പരമമായ പാരസ്പര്യത്തിന്റെ ജീവിതം നയിച്ച ഓരോ കുടുംബവും, വിവാഹവേദിയിൽ തെളിക്കുന്ന ഭദ്രദീപം പോലെ ലോകത്തിൽ പ്രകാശിതമായിരുന്നു. വിവേകവതികളുടെ കരങ്ങളിൽ എണ്ണ വറ്റാതെ തെളിഞ്ഞു നിൽക്കുന്ന വിളക്കുപോലെ ദമ്പതികൾ തങ്ങളുടെ കുടുംബത്തെ പ്രകാശിതമാക്കുമ്പോൾ അത് ഭൂമിയിലെ സ്വർഗ്ഗമായിത്തീരുന്നു.

## കുടുംബം – തിരുക്കുടുംബമാതൃകയിൽ

നസ്രത്തിലെ യേശുവിന്റെ കുടുംബമാണ് ക്രിസ്തീയ കുടുംബങ്ങളുടെ രൂപമാതൃക. വിശുദ്ധനായ യൗസേപ്പും ദൈവമാതാവായ മറിയവും ദൈവം തന്നെയായ യേശുവും ചേർന്ന് കെട്ടിപ്പടുത്ത ഭൂമിയിലെ സ്വർഗ്ഗഭവനം. കമനീയവും പ്രശാന്തവുമായ ഭാവങ്ങളാണ് തിരുക്കുടുംബ ചിത്രങ്ങളിൽ കാണുന്നത്. എന്നാൽ പ്രതിസന്ധികളുടെ പരമ്പര നേരിട്ടു മുന്നോട്ടു നീങ്ങിയതാണ് തിരുക്കുടുംബത്തിന്റെ യഥാർത്ഥ ചിത്രം. തന്റേതല്ലാത്ത കുഞ്ഞിനെ ഗർഭം ധരിച്ചതായി കാണപ്പെടുന്ന പ്രതിശ്രുത വധുവിനെ ഉപേക്ഷിക്കാൻ ഒരുങ്ങുന്ന വരൻ. തുടങ്ങുംമുമ്പു തന്നെ തകരുന്ന ജീവിതം. പ്രശ്നപരിഹാരത്തിന് സ്വർഗ്ഗം മാലാഖയെ അയക്കേണ്ടിവന്നു. ശിശു ജനിക്കുന്നതോടെ, വധിക്കുവാൻ കൽപനയിടുന്ന രാജാവ്. രാത്രിയുടെ മറവിൽ അദ്ഭുത ശിശുവിനെയും കൈകളിലേന്തി ഈജിപ്തിലേക്ക് ഓടേണ്ടിവന്ന മാതാപിതാക്കൾ. ദൈവാഹ്വാന പ്രകാരം പ്രവാസം മതിയാക്കി തിരിച്ചുവരുന്നതാകട്ടെ, ജന്മനാടിനു വെളിയിൽ മറ്റൊരു മറുനാട്ടിൽ – നസ്രത്തിൽ. 12–ാം വയസ്സിൽ ദൈവാലയത്തിൽ യേശുവിനെ കാണാതെപോയ മാതാപിതാക്കളുടെ വേദന ഹൃദയഭേദകമാണ്. 8–ാം ദിവസം യേശുവിന്റെ ദൈവാലയ സമർപ്പണസമയം മറിയത്തെ നോക്കി ഭക്തനായ ശെമയോൻ പ്രവചിച്ചത്

ഒന്നൊന്നായി നിറവേറുകയാണ്: ''നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും''. വാൾ കടന്ന് ഹൃദയം തകർന്നപ്പോഴൊന്നും മറിയത്തിന് പരാതിയില്ല. പരിഭവമില്ല, ധ്യാനമനനങ്ങൾ മാത്രം. മൗന സങ്കീർത്തനം പോലെ! എല്ലാം കുടുംബത്തിനുവേണ്ടി. കുരിശിൽ, മരണമില്ലാത്ത ദൈവമായ തന്റെ അരുമ മകൻ മരിക്കുന്നത് ആ അമ്മ ചാരെ നോക്കിനിന്നു. ശരീരത്തിൽ യേശു അനുഭവിച്ചത് ഹൃദയത്തിൽ അമ്മ ഏറ്റുവാങ്ങി. മരിച്ച ശരീരം മടിയിൽ കിടത്തി മകന്റെ മുഖത്തേക്കു നോക്കിയപ്പോൾ മറിയത്തിന്റെ കണ്ണുകളിൽ ഘനീഭവിച്ച കണ്ണുനീർത്തുള്ളികളിൽ കുടുംബത്തിനുവേണ്ടി കണ്ണുനീരൊഴുക്കുന്ന സകലരുടെയും സങ്കടങ്ങളുടെ സാന്ദ്രതയുണ്ട്. മറിയത്തിന്റെ മഹാസഹനവും, യൗസേപ്പിന്റെ സംരക്ഷണവും, യേശുവിന്റെ വിധേയത്വവും കുടുംബത്തിലെ ദൈവോന്മുഖതയും കഠിനാദ്ധ്വാനവും ചിട്ടയും ക്രമവും സ്നേഹവും ലാളിത്യമാർന്ന ജീവിതശൈലിയുമാണ് നസ്രത്തിലെ കുടുംബത്തെ തിരുക്കുടുംബമാക്കിയത്. നമ്മുടെ കുടുംബത്തേയും തിരുക്കുടുംബമാക്കുവാൻ - ഭൂമിയിലെ സ്വർഗ്ഗമാക്കുവാൻ മറ്റു മാർഗ്ഗങ്ങളില്ല.

## കുടുംബം - പ്രാർത്ഥനയിൽ

നസ്രത്തിലെ കുടുംബത്തിൽ യേശു നേരിട്ട് സന്നിഹിതനായിരുന്നു. ഇന്ന് നമ്മുടെ ഭവനങ്ങളിൽ യേശുസാന്നിദ്ധ്യം ഉണ്ടാകുന്നത് പ്രാർത്ഥന വഴിയാണ്. ''ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു വളരുന്നു.'' എന്നത് ഫാ. പെയ്റ്റൻ എന്ന പാശ്ചാത്യ മിഷനറി നമ്മെ പഠിപ്പിച്ച സുവർണ്ണപാഠമാണ്. പ്രഭാത സ്തുതികളും സന്ധ്യാരാധനയുംകൊണ്ട് ഭവനങ്ങൾ അലംകൃതമായിരുന്നു. ഗാർഹികസഭയുടെ അവിരാമമായ പ്രാർത്ഥനയാണ് ഭാരതസഭയുടെ കെട്ടുറപ്പിനും വളർച്ചക്കും നിദാനമായിരുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പ്രസ്താവിക്കുകയുണ്ടായി. ലോകത്തിന്റെ ഇതര ഭാഗങ്ങളിൽനിന്ന് അവിടെ സന്നിഹിതരായിരുന്നവർ അതെപ്പറ്റി അതിശയിക്കുകയും പ്രശംസിക്കുകയും ചെയ്തു. ലോകം നമിച്ച ആ ശ്രേഷ്ഠ പാരമ്പര്യത്തിന് ഇന്നിതാ കോട്ടം തട്ടിയിരിക്കുന്നു. ബ്രസീലിലെ റിയോഡി ജെനീറോയിൽ 1876 -ൽ ഒരു വിവാഹം നടന്നു. ജെറോനിമോയും സീലിയയും ആയിരുന്നു ദമ്പതികൾ. യഥാക്രമം എഞ്ചിനീയറും അഭിഭാഷകയുമായ സമ്പന്നർ. ദൈവവും പ്രാർത്ഥനയും കുടുംബങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട കാലയളവിൽ അവർ ഇരുവരും ദൈവത്തെ കൂട്ടുപിടിച്ച് പ്രാർത്ഥനയിലൂടെ വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗമായി കുടുംബജീവിതം ആരംഭിച്ചു. അവർക്ക് 13 മക്കൾ ജനിച്ചു. കുടുംബാംഗങ്ങൾക്ക് ഒരു കാര്യത്തിൽ മാത്രമേ മത്സരം ഉണ്ടായിരുന്നുള്ളൂ. കൂടുതൽ സമയം പ്രാർത്ഥിക്കുന്നതിൽ, കൂടുതൽ വിശുദ്ധി നേടുന്നതിൽ. തത്ഫലമായി മക്കളിൽ 3 പേർ വൈദികരായി. 3 പേർ സന്യസ്തരും. മാതാപിതാക്കൾ ദൈവദാസരായി ഉയർത്തപ്പെട്ടു. അവരുടെ വിശുദ്ധ പദവിയിലേക്കുള്ള സഭയുടെ നാമകരണ നടപടി തുടരുന്നു. പ്രാർത്ഥനയിലും വിശുദ്ധിയിലും നിഷ്ഠവെച്ച കുടുംബത്തിന്റെ ഔന്നത്യം! കൊച്ചുത്രേസ്യാ പുണ്യവതിയുടെ കുടുംബം സുവിദിതമാണല്ലോ. ബാല്യത്തിൽ തന്നെ തന്റെ മാതാപിതാക്കളെപ്പറ്റി അവൾ പറഞ്ഞത് ഇപ്രകാരമാണ്: ''അവർ പ്രാർത്ഥിക്കുന്നത് മാലാഖമാർ പ്രാർത്ഥിക്കുന്നതുപോലെയാണ്''. അത് കണ്ട് പ്രാർത്ഥിക്കുവാൻ പഠിച്ച കൊച്ചുത്രേസ്യയും, അപ്രകാരം പ്രാർത്ഥിച്ച മാതാപിതാക്കളും ഒരുപോലെ വിശുദ്ധരായിത്തീർന്നു. പ്രാർത്ഥന കുടുംബത്തെ വിശുദ്ധിയിലേക്ക് നയിക്കുന്നു; ഭൂമിയിലെ സ്വർഗ്ഗമാക്കുന്നു.



സ്വിറ്റ്സർലൻഡിലെ ക്രോഅറ്റോസ് കത്തോലിക്കാ കുടുംബം... 30 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ 16 കുട്ടികൾ... 4 മുതൽ 29 വയസ്സ് വരെ പ്രായമുള്ള മക്കളോടൊപ്പം മാതാപിതാക്കൾ...

## കുടുംബം - ആരാധനയിൽ

കുടുംബാരാധന പൂർണ്ണമാകുന്നത് ത്രോണോസിലെ ആരാധനയിലാണ്. വിശുദ്ധ കുർബാന ജീവിതത്തിന്റെ അടിസ്ഥാനവും മകുടവുമാണല്ലോ. അടിസ്ഥാനത്തിനു കോട്ടം തട്ടിയാൽ മകുടം തകിടം മറിയും. സർവതും തകരും. തിരുക്കുടുംബത്തിലെ യേശുസാന്നിദ്ധ്യം പോലെ നമ്മുടെ

കുടുംബങ്ങളിൽ യേശു സന്നിഹിതമാകുന്നതിനുള്ള സുവർണ്ണ മാർഗ്ഗമാണ് വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ സ്വീകരണവും. പുനരൈക്യ പ്രസ്ഥാനം അതിന്റെ 100-ാം വാർഷികം ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ കാലയളവിൽ ഒരു കുടുംബത്തിൽനിന്ന് ഒരാളെങ്കിലും ദിവസേന വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നത് ഉത്തമമായിരിക്കും. ഇപ്പോൾ അനേകം കുടുംബങ്ങൾ അങ്ങിനെ സംബന്ധിക്കുന്നുണ്ടല്ലോ. എല്ലാ കുടുംബങ്ങളും അനുദിനം കുർബാനയുടെ ശക്തിബലംകൊണ്ട് നിറയുകയും സ്നേഹാഗ്നിയിൽ ജ്വലിക്കുകയും ചെയ്യുന്നത് ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്നതിന് സഹായകമായിരിക്കും. 1194- ൽ ജർമ്മനിയിൽ ഔഗ്സ്ബൂർഗ്ഗിലെ ഒരു വീട്ടിൽ വിശുദ്ധ കുർബാനയോട് വലിയ ഭക്തിയുള്ള ഒരു വീട്ടമ്മ ജീവിച്ചിരുന്നു. ആഗ്രഹിക്കുമ്പോഴെല്ലാം വീട്ടിൽവച്ച് ദിവ്യകാരുണ്യനാഥന്റെ മുമ്പാകെ പ്രാർത്ഥിക്കണമെന്ന് അവൾ ആഗ്രഹിച്ചു. അതിനായി ഒരു തിരുവോസ്തി കരസ്ഥമാക്കുന്നതിൽ അവൾ വിജയിക്കുകയും ചെയ്തു. അത് മെഴുകുചെപ്പിൽ അടച്ച് വീട്ടിലെ ചില്ലലമാരയിൽ ഭദ്രമായി സൂക്ഷിച്ചു. വീടിന് അവർ 'അപ്പ' ത്തിന്റെ ഭവനം (ബേത്‌ലഹേം) എന്ന് പേരു നൽകി. ക്രിസ്തുവിനൊപ്പം ഭവനത്തിൽ ജീവിക്കുമ്പോൾ അത് ഭൂമിയിലെ സ്വർഗ്ഗമാകുമെന്ന് അവർ അനുഭവിച്ചറിഞ്ഞു. കുടുംബം ആനന്ദഭരിതവും അനുഗ്രഹീതവുമായിത്തീർന്നു. ഏതാനും മാസങ്ങൾക്കുശേഷം തിരുവോസ്തി പരിശോധിക്കേണ്ടിവന്നപ്പോൾ രക്തമൊലിക്കുന്ന യേശു-മാംസമായി അത് മാറിക്കഴിഞ്ഞിരുവെന്നു കണ്ടെത്തി. ദിവ്യകാരുണ്യഭക്തനായ ദൈവദാസൻ ഫുൾട്ടൻ ജെ ഷീൻ തിരുമേനി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: ''വിശുദ്ധ കുർബാനയിൽനിന്ന് കുടുംബങ്ങളിലേക്ക് ദൈവിക ജ്ഞാനവും വിശുദ്ധിയും സ്നേഹവും ഒഴുകിയെത്തുന്നു.'' വിശുദ്ധ കുർബാന വഴി യേശു കുടുംബങ്ങളിൽ ജീവിക്കുന്ന പ്രധാന വ്യക്തിയായിത്തീരട്ടെ. അങ്ങിനെ കുടുംബം ഭൂമിയിലെ സ്വർഗ്ഗമാകട്ടെ.

### കുടുംബം - വിശുദ്ധിയിൽ

2021 ജൂൺ 23 മുതൽ 27 വരെ റോമിൽ ലോക കുടുംബസമ്മേളനം കൂടുകയാണ്. അതിന്റെ പ്രമേയം ''കുടുംബത്തിലെ സ്നേഹം വിശുദ്ധിയിലേക്കുള്ള വിളിയും പാതയും'' എന്നതായിരിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ നിശ്ചയിച്ചിരിക്കുന്നു. സഭയുടെ സമാകർഷക പുണ്യമായ വിശുദ്ധിയുടെ ലെൻസിലൂടെ കുടുംബജീവിതത്തെ നോക്കി കാണാനാവും പ്രസ്തുത സമ്മേളനം ശ്രമിക്കുക. വിവാഹകൂദാശയിൽ ദമ്പതികൾ ഏറ്റെടുത്തിരിക്കുന്ന കടമ കുടുംബത്തെ വിശുദ്ധിയിൽ പടുത്തുയർത്തുക എന്നതാണല്ലോ. അവരെ നോക്കി സഭ പ്രാർത്ഥിക്കുന്നു: '' ലില്ലി പുഷ്പങ്ങളെക്കാൾ സൗരഭ്യമേറിയ പരിപാകതയാൽ തങ്ങളുടെ മനഃസാക്ഷിയെ നയിക്കുവാൻ ഇവർക്ക് ഇടയാകട്ടെ. പാവനമായ വിവാഹത്തിന്റെ നിർമ്മലപാതയെ നശിപ്പിക്കുന്ന ദുഷ്ടാത്മാക്കളിൽനിന്ന് ദൈവം ഇവരെ സംരക്ഷിക്കട്ടെ''. വിശുദ്ധി എന്ന ചിന്ത അപ്രത്യക്ഷമാകുകയും അശുദ്ധിയാൽ ഭൂമിയുടെ മുഖം കറുത്തിരുളുകയും ചെയ്യുന്ന ഈ കാലയളവിൽ കുടുംബങ്ങളെ വിശുദ്ധിയിൽ വളർത്തേണ്ടതുണ്ട്. ദമ്പതികൾ ഇക്കാര്യത്തിൽ ശ്രദ്ധ തിരിക്കട്ടെ.

വിയറ്റ്നാമിൽ സൈഗണിലെ മെത്രാനായിരുന്ന ഫ്രാൻസിസ് സേവ്യർ ഒൗയെൻ വാൻ ത്വാൻ തിരുമേനിയെ മതപീഡനത്തിനിരയാക്കി കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 13 വർഷത്തേക്ക് ജയിലിലടച്ചു. പീഡന നടുവിൽ തിരുമേനി നൽകുന്ന നല്ലൊരു സാക്ഷ്യം ഉണ്ട്: ''ജീവിതം നെയ്തിരിക്കുന്നത് ഓരോ സെക്കന്റു കൊണ്ടാണ്. അതിനാൽ ഓരോ സെക്കന്റും ഞാൻ വിശുദ്ധീകരിക്കും. ജയിൽമോചനംവരെ കാത്തുനിൽക്കില്ല. അടുത്ത സെക്കന്റിലേക്ക് മാറ്റിവയ്ക്കുകയുമില്ല. അങ്ങനെയാണ് ഭവനത്തിൽ എന്റെ അമ്മ എന്നെ പഠിപ്പിച്ചത്. എന്റെ ജീവിതം യേശുവിനോടുള്ള വിശുദ്ധവും നവീനവും ശാശ്വതവും നിരന്തരവുമായ ഒരു ഉടമ്പടിയാണെന്ന് ബാല്യത്തിൽത്തന്നെ അമ്മയിൽനിന്ന് ഞാൻ പഠിച്ചു. അവൾ എന്നെ ഗർഭം ധരിച്ചതു മുതൽ പഠിപ്പിക്കാൻ തുടങ്ങിയെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. ഞങ്ങൾ കുട്ടികൾ ഉറങ്ങിയിരുന്നത് അമ്മ പറഞ്ഞ ബൈബിൾ കഥകളും രക്തസാക്ഷികളുടെ വീരചരിതവും മൃദുസംഗീതം പോലെ കേട്ടുകൊണ്ടാണ്. വിശ്വാസഘാതകരാൽ കൊല ചെയ്യപ്പെട്ട സ്വന്തം മക്കളെ സംസ്കരിച്ച ധീരവനിതയായിരുന്നു എന്റെ അമ്മ. ഘാതകർക്ക് മാപ്പു നൽകി അവരെ സ്നേഹത്തോടെ സ്വാഗതം ചെയ്തിരുന്ന ഞങ്ങളുടെ കുടുംബം ജീവിക്കുന്ന സുവിശേഷം തന്നെയായിരുന്നു''.

''ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'' എന്ന അപ്പോസ്തലിക പ്രബോധനംവഴി ഫ്രാൻസിസ് മാർപാപ്പ എല്ലാവരെയും വിശുദ്ധിയിൽ ജീവിക്കാൻ വിളിക്കുന്നു. വിശുദ്ധി ആർക്കോവേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടില്ല. മാമോദീസാ സ്വീകരിച്ച സകലരും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. ''തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ'' (എഫേ :1:4) കർത്താവ് മാമോദീസാവഴി ഓരോരുത്തരേയും തിരഞ്ഞെടുത്തിരിക്കുന്നു. ദൈവം ആദിയിൽതന്നെ നൽകിയ ആഹ്വാനമാണിത്. ''എന്റെ മുമ്പിൽ കുറ്റമറ്റവനായി വർത്തിക്കുക (ഉല്പ 17:1)''. കുടുംബങ്ങളുടെ സർവാകർഷകമുഖമായി മാർപാപ്പ വിശുദ്ധിയെ അവതരിപ്പിക്കുന്നു. വിശുദ്ധിപോലെ അതിന്റെ അവതരണവും ലളിത

സുന്ദരമാണ്. ഒരുദാഹരണം നോക്കൂ: 'ഒരു സ്ത്രീ സാധനങ്ങൾ വാങ്ങാൻ പോകുന്നു. അയൽക്കാരിയെ കാണുന്നു. സല്ലാപം ആരംഭിക്കുകയായി. ആരെയുംപറ്റി മോശം പറയില്ലെന്ന് ആദ്യ സ്ത്രീ മനസ്സിൽ തീരുമാനിക്കുന്നു. അത് വിശുദ്ധിയിലേക്കുള്ള ചുവടുവയ്പാണ്. ക്ഷീണിച്ചു വീട്ടിൽ തിരിച്ചെത്തുമ്പോൾ കുട്ടികളിലൊരാൾ സംസാരിക്കാൻ കാത്തുനിൽക്കുന്നു. ക്ഷീണിതയെങ്കിലും ക്ഷമയോടും സ്നേഹത്തോടും കൂടി അവനെ ശ്രവിക്കുന്നു. വിശുദ്ധിയുടെ രണ്ടാം പടവ് അവൾ കയറിയിരിക്കുന്നു. പിന്നീട് അവൾ ഉത്കണ്ഠാകുലയായപ്പോൾ കന്യകാമറിയത്തെ അനുസ്മരിച്ച് ജപമാല ചൊല്ലുന്നു. അവൾ വീണ്ടും വിശുദ്ധിയിൽ പുരോഗമിക്കുന്നു. തെരുവോരത്ത് കണ്ടുമുട്ടിയ പാവപ്പെട്ട ഒരാളെ അവൾ സാന്ത്വനപ്പെടുത്തുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. വിശുദ്ധിയുടെ അടുത്ത പടവിൽ അവൾ കടന്നിരിക്കുന്നു. ജീവിതത്തിലെ സാധാരണ കാര്യങ്ങൾ അസാധാരണ സ്നേഹത്താൽ പരിപൂർണ്ണമാക്കാൻ ശ്രമിച്ചാൽ എല്ലാവർക്കും വിശുദ്ധി പ്രാപിക്കാം; കുടുംബത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കാം.

## കുടുംബം - സമൂഹ സൃഷ്ടിയിൽ

വീടിന്റെ മൂലക്കല്ല് എന്നതുപോലെയാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകമായി കുടുംബം വർത്തിക്കുന്നത്. സമൂഹ വളർച്ചയ്ക്കാവശ്യമായ എല്ലാ മൂല്യങ്ങളും വളർത്തിയെടുക്കുന്നത് കുടുംബത്തിലാണ്. അതിൽ രൂപം കൊള്ളുന്ന നന്മകളുടെ നിറവും സൗന്ദര്യവുമാണ് സമൂഹത്തെ നിറച്ചാർത്തുള്ളതും സുഗന്ധ പൂരിതവും ആക്കിത്തീർക്കുക - പുഷ്പാലംകൃതമായ ഒരു ഉദ്യാനം പോലെ! കുടുംബനാഥന്റെ പ്രധാന ദൗത്യം മക്കളെ സമൂഹത്തിൽ മാതൃകാ വ്യക്തികളാക്കി വളർത്തുക എന്നതാണ്. കുടുംബം എങ്ങിനെയോ അങ്ങിനെതന്നെ സഭയും സമൂഹവും രാഷ്ട്രവും. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. ''ഒരമ്മ കുഞ്ഞിനു ജന്മം നൽകുമ്പോൾ, തലമുറകളിലേക്കു കൈമാറുന്ന സമൂഹ നന്മകൾക്കു കൂടിയാണ് ജന്മം നൽകുന്നത്. ഇന്നു നാം എത്തിച്ചേർന്നിരിക്കുന്ന സംസ്കാരം അമ്മമാർ വളർത്തിയെടുത്ത സംസ്കൃതിയാണ്.'' മനുഷ്യമഹത്വത്തിനുമേൽ നടക്കുന്ന ഒറ്റപ്പെട്ട ആഘാതംപോലും നമ്മുടെ ഹൃദയത്തിന് എത്ര നോവും നൊമ്പരവുമാണ് ഉളവാക്കുന്നത് കാരണം, അമ്മമാർ നമ്മിൽ വളർത്തിയ ഹൃദയനന്മയുടെ മേലുള്ള കടന്നുകയറ്റമാണ് അവ ഓരോന്നും. അമ്മമാർ 'മാതൃത്വത്തിന്റെ രക്തസാക്ഷിത്വം' വരിച്ചുകൊണ്ടാണ് സമൂഹത്തിനു കൊള്ളാവുന്നവരായി മക്കളെ വളർത്തി വലുതാക്കുന്നത്. വ്യക്തി എന്നാൽ വിഭജിക്കാനാവാത്തത് എന്നർത്ഥം. എന്നാൽ നമ്മുടെ അമ്മമാരാകട്ടെ, ഗർഭധാരണം മുതൽ കുഞ്ഞിനുവേണ്ടി സ്വയം വിഭജിക്കുകയാണ്. സ്വയം നൽകുകയാണ്. സമ്പൂർണ്ണമായി സമർപ്പിക്കുകയാണ്. അതുതന്നെയാണ് അവരുടെ മാതൃത്വ രക്തസാക്ഷിത്വവും. അമ്മമാരില്ലാത്ത കുടുംബവും സമൂഹവും അപമാനവത്ക്കരിക്കപ്പെട്ട കുടുംബവും സമൂഹവുമാണ്. അതിനാൽ കുടുംബവും സമൂഹവും ഒരുപോലെ അമ്മമാർക്ക് സ്തുതിഗീതം പാടി അവരെ നമിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

## കുടുംബം - വെല്ലുവിളികളിൽ

കുടുംബം ഇന്ന് അനേകം വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയിൽ ഏറ്റം പ്രധാനം ഏതെന്ന് കുടുംബത്തെപ്പറ്റി അധികം പഠിപ്പിച്ചിട്ടുള്ള വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്: ''ഇന്ന് ലോകത്തിൽ അജ്ഞതയുണ്ട്, ദാരിദ്ര്യമുണ്ട്, പ്രകൃതിക്ഷോഭമുണ്ട്, അനീതിയും അക്രമവും ഭീകരാക്രമണവും യുദ്ധവുമുണ്ട്. കമ്പോളസംസ്കാരവും ആഡംബരത്വരയും മാദ്ധ്യമ വേട്ടയുമുണ്ട്. സ്വാർത്ഥതയും സുഖാഭിവാഞ്ചയും പാരസ്പര്യനിരാസവുമുണ്ട്. എന്നാൽ ഇവയേക്കാളെല്ലാം വലിയ വെല്ലുവിളിയാണ് ക്രിസ്തീയ കുടുംബങ്ങളെ ക്രിസ്തുവിന് അനുരൂപമാക്കി വളർത്തുക എന്നുള്ളത്. മറ്റു വെല്ലുവിളികളെല്ലാം ഈ മഹാവിപത്തിന്റെ ഉല്പന്നങ്ങളാണ്. അതിനാൽ ദമ്പതിമാരേ, വിവാഹത്തിനൊരുങ്ങുന്ന യുവജനങ്ങളേ, നിങ്ങളുടെ കുടുംബങ്ങളെ ക്രിസ്തുവിന് അനുരൂപമായി വളർത്തുവാൻ ധീരതയോടെ പരിശ്രമിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളെ മഥിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും മതിയായ ഉത്തരം ക്രിസ്തുവാണ്. ക്രിസ്തുവും അവിടുത്തെ അമ്മയും കാനായിലെ വിവാഹ ഭവനത്തിലെന്നതുപോലെ കുടുംബങ്ങളിലുണ്ടെങ്കിൽ കൽഭരണികളിലെ പുതുവീഞ്ഞുപോലെ മേൽത്തരം കൃപകളാൽ ഭവനവും സമൂഹവും അനുഗൃഹീതമാവും. അത് സ്വർഗ്ഗം ഭൂമിക്കുമേൽ ചൊരിയുന്ന കൃപാ വർഷമാണ്. ഫ്രാൻസിസ് മാർപാപ്പായുടെ ചിന്തോദ്ദീപകവും ജീവയോഗ്യവുമായ ഒരുദ്ധരണിയോടെ ഉപസംഹരിക്കട്ടെ: ''സ്വർഗ്ഗത്തിൽ ദൈവത്തെക്കുറിച്ചുള്ള അനന്തധ്യാനത്തിൽ പൂർത്തീകരിക്കപ്പെടുന്ന ജീവിതത്തിന്റെ തുടക്കം നമ്മുടെ ഭൂമിയിലെ സ്വർഗ്ഗമായ കുടുംബത്തിലാണ്.''



# പ്രബോധനങ്ങൾ... ജൂലൈ

**ജൂലൈ 7 – പെന്തിക്കൊസ്തിക്കുശേഷം നാലാം ഞായർ**

## കുടുംബദിനം

ലൂക്കോസ് 10:17–20 – യഥാർത്ഥ ആനന്ദ വിഷയം

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

എഴുപത്തിരണ്ട് അറിയിപ്പുകാർ സുവിശേഷ പ്രസംഗത്തിനുശേഷം അയച്ചവന്റെ അടുക്കൽ മടങ്ങിവന്ന് പ്രവർത്തനറിപ്പോർട്ട് സമർപ്പിക്കുന്നതാണ് സന്ദർഭം. പ്രവർത്തനവിജയത്തിൽ അവർ ആഹ്ലാദചിത്തരായിരുന്നു. വിജയത്തിൽ മതിമറക്കുന്ന മനുഷ്യരാണേറെയും. നമ്മുടെ പ്രവർത്തനവിജയം ദൈവത്തിന്റെ മുമ്പിൽ വിവരിക്കുന്നതിൽ വലിയ പ്രാധാന്യം കല്പിക്കേണ്ടതില്ല. എന്നാൽ കൃതജ്ഞതയും സ്തോത്രവും കൈവിടാതിരിക്കാൻ നാം ശ്രദ്ധിക്കയും വേണം.

ശിഷ്യരുടെ വിവരണം കേട്ടശേഷം അവർക്ക് തിരുത്തൽ നൽകുന്ന ഗുരുവിനെ നമുക്ക് കാണാം. ദൈവത്തിലും ദൈവികഇടപെടലിലും നാം ആനന്ദതുന്ദിലരാവണം. നമ്മുടെ പ്രവർത്തന വിജയത്തിൽ വൻപ് ഭാവിക്കയല്ല വേണ്ടത്. പക്ഷേ പൊതുവേ നാം കാണുന്നത് ഭൗതികനേട്ടങ്ങളിലെ ആഹ്ലാദപ്രകടനമാണ്. പൊതുതെരഞ്ഞെടുപ്പുകൾക്ക് ശേഷമുള്ള വിജയാരവവും അതിനെ തടയുന്നതും തുടർന്നുള്ള കോലാഹലങ്ങളും ഒക്കെ കൺമുമ്പിൽ നാം കാണുന്നു. എന്തിനേറെ സഭാസംഘടനകളിലും. വിജയികൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിലാണ് വിജയത്തിന്റെ മാറ്റുരയ്ക്കപ്പെടേണ്ടത്. പ്രാർത്ഥനാസാക്ഷ്യങ്ങളിലും സംഘടനാ റിപ്പോർട്ടിംഗിലും മുറ്റിനില്ക്കുന്നത് നാം സ്വന്ത കഴിവുകൊണ്ട് ഏതോ വലിയ കാര്യങ്ങൾ ചെയ്തു എന്നാണ്. അത് മറ്റാർക്കും കഴിയുമായിരുന്നില്ല എന്ന ധാരണയാണ് കാണുക. അതു ശരിയല്ല. ദൈവത്തിന്റെയും മറ്റനേകരുടെയും അനുഗ്രഹവും സഹകരണവുമല്ലേ വിജയത്തിന് നിദാനമായത്? അല്പന്മാരുടെ ശൈലി ദൈവമക്കൾ വർജ്ജിക്കേണ്ടതാണ്. സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടതിലായിരിക്കണം നമ്മുടെ യഥാർത്ഥ സന്തോഷം. ഈ പ്രവർത്തനം എന്റെ സ്വർഗ്ഗപ്രാപ്തിക്ക് എത്ര മാത്രം സഹായകമാകും എന്ന ധ്യാനം ഒരു വിശ്വാസിക്ക് എപ്പോഴുമുണ്ടാകണം. പേര്, പ്രശസ്തി, പ്രതാപം, സാമ്പത്തികലാഭം, ലോകത്തിന്റെ മുമ്പിലുള്ള ആദരവ് ഇതൊന്നുമായിരിക്കരുത് നമ്മുടെ ലക്ഷ്യം ദൈവമഹത്ത്വവും സ്വർഗ്ഗപ്രാപ്തിയുമാകണം ക്രൈസ്തവന്റെ – ശിഷ്യന്റെ – പ്രേഷിതന്റെ – മുഖ്യലക്ഷ്യം.

ആത്മിക വരങ്ങളുള്ളവർ ധാരാളമുണ്ട്. പ്രാർത്ഥനാവരം, ശുശ്രൂഷാവരം, പ്രസംഗവരം, രോഗശാന്തിവരം തുടങ്ങിയ കാരിസങ്ങൾ. വരം ലഭിക്കുമ്പോൾ കൂടുതൽ വിനീതരാകയാണ് വേണ്ടത്. നമ്മുടെ വ്യക്തിപരമായ വമ്പുകാണിക്കാനല്ല വരദാനങ്ങൾ. 'ലോകോദ്ധാരണാർത്ഥം' ദൈവം നമുക്ക് നല്കിയതാണ് വരങ്ങൾ. ദാതാവിന് അത് പിൻവലിക്കാനും സാധിക്കും. നമുക്കുള്ള നന്മയിൽ നാം കൂടുതൽ വിനീതരാകണം. മറിച്ചായാൽ അവ നഷ്ടപ്പെട്ടേക്കാം. ന്യായാധിപനായ സാംസൺന്റെ ശക്തി ഒരുകാലത്ത് ഇസ്രായേൽമക്കൾക്ക് സുരക്ഷാകവചമായിരുന്നു. പക്ഷേ അത് ക്ഷണഭംഗുരവുമായിരുന്നു. ഇസ്രായേലിന്റെ ഒന്നാമത്തെ രാജാവായ സാവൂളിന് ദൈവാത്മനിറവുണ്ടായിരുന്നു. പക്ഷേ താന്തോന്നിത്തത്തിന് കൂട്ടുനിന്നപ്പോൾ അത് കൈവിട്ടുപോയി. പിന്നെ ദുരാത്മാവ് ബാധിച്ച് ജീവിതം ദുരന്തപര്യവസായിയാകുന്നത് ചരിത്രം. നമുക്ക് ലഭ്യമായ ആത്മികവരങ്ങൾ ശ്രദ്ധാപൂർവ്വം ദൈവമഹത്വം എന്നലക്ഷ്യത്തിലുറപ്പിച്ച് വിനിമയം ചെയ്യാൻ കഴിയണം. ''ഞങ്ങൾക്ക് കീഴ്പ്പെടുന്നു'' എന്ന് ശിഷ്യർ ധരിച്ചപ്പോൾ, പിതാവിനെ മഹത്വപ്പെടുത്തുന്ന യേശുവിനെയാണ് വേദഭാഗത്ത് നാം കാണുക. ദൈവത്തിന്റെ മുമ്പിൽ നമ്മുടെ ചമയങ്ങളും മുഖംമൂടികളും നാട്യങ്ങളും അഴിച്ചുവെക്കാം.

കുടുംബദിനമായി ഈ ദിവസം ആചരിക്കപ്പെടുന്നു. കുടുംബജീവിതത്തിൽ നാം പുലർത്തേണ്ട ഭാവങ്ങൾ എന്തൊക്കെയാകണം. ''ഞാൻ, ഞാൻ'' ഭാവം, ''എന്റെ, എന്റെ'' എന്ന മനോഭാവം കുടുംബസ്വസ്ഥതയിൽ വിള്ളലുണ്ടാക്കും. കുടുംബത്തിൽ കുഞ്ഞുങ്ങളെ ലാളിക്കുന്ന അപ്പനും, ഭാര്യയെ മാനിക്കുന്ന ഭർത്താവും ആകാൻ പുരുഷന്മാർക്ക് കഴിയണം. അങ്ങനെ ചെയ്യുന്ന കുടുംബനാഥനെയാണ് ഭാര്യയും മക്കളും സ്നേഹിക്കുകയും മാനിക്കുകയും ചെയ്യുന്നത്. പുരുഷനും സ്ത്രീയും ആദ്യ കൂടിക്കാഴ്ചയിലെ പ്രേമഭാവം എന്നും നിലനിർത്താൻ കഴിയണം. യൂറോപ്യൻ സംസ്കാരത്തിൽ കാണുമ്പോലെ വിവാഹം കഴിക്കാൻ ഇഛിക്കുന്ന സ്ത്രീയുടെ മുമ്പിൽ മുട്ടുകുത്തി കൈത്തലം ചുംബിച്ചുകൊണ്ട് പുരുഷൻ: "Will you take me as your husband'' എന്നു ചോദിക്കുന്നതിലെ വശ്യതയും ഉദാത്തതയും എത്ര വലുതാണ്! ഈ ആദരവ് ജീവിതത്തിലുടനീളം നിലനിർത്തേണ്ടതുമാണ്. തന്നെ സ്നേഹിക്കുന്ന

വനു വേണ്ടി ജീവനും ജീവിതവും സമർപ്പിക്കുവാൻ സ്ത്രീയും സന്നദ്ധയാകുമ്പോൾ കുടുംബജീവിതം ഊഷ്മളമാകും. അപ്പോൾ മാത്രമാണ് കുടുംബങ്ങൾ ''കൃപനിറയുന്ന കുടുംബങ്ങൾ'' ആകുന്നത്. സഭാ അസംബ്ലിയുടെ ചിന്താവിഷയം ഇടവകകൂട്ടായ്മകളിലും ഇടവകയോഗങ്ങളിലും നിരന്തരം ധ്യാനവിഷയമാകണം. പ്രാർത്ഥനാപൂർവ്വമുള്ള നിരന്തര പരിചിന്തനം ആവശ്യമായ വിഷയമാണിത്.

കുടുംബത്തിൽ ആധിപത്യം പുലർത്തേണ്ടത് അവകാശബോധമാകരുത്. കടമകൾ നിർവ്വഹിക്കുമ്പോൾ അവകാശങ്ങൾ താനേ വന്നുകൊള്ളും. മക്കളുടെ കടമയാണ് മാതാപിതാക്കന്മാരെ സ്നേഹിച്ചും മാനിച്ചും ജീവിക്കുകയെന്നത്. അനുസരണയുള്ള കുടുംബത്തിലാണ് ഐശ്വര്യം കളിയാടുന്നത്. സ്നേഹമുള്ള കുടുംബത്തിലാണ് സന്തോഷവും സമാധാനവും സംതൃപ്തിയും വളരുന്നത്. ''ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും ഭാഷകളിൽ സംസാരിച്ചാലും സ്നേഹമില്ലെങ്കിൽ ഒന്നുമല്ല, വെറും ചിലമ്പുന്ന കൈത്താളം മാത്രമാകും'' (1 കോരി. 13:1) എന്നാണ് അപ്പസ്തോലന്റെ ഭാഷ്യം. കുടുംബത്തിൽ നിന്നുവേണം സ്നേഹവും ത്യാഗവും സമർപ്പണവും പഠിക്കാൻ. ശ്രദ്ധാപൂർവ്വം കുടുംബജീവിതത്തെ കരുതാം. ആർജ്ജവത്വമുള്ള വാക്കുകളും വിധേയപ്പെടുന്ന മനോഭാവവും, ഒന്നിച്ചിരുന്നുള്ള സംഭാഷണവും, ഒരു നേരമെങ്കിലും ഒത്തിരുന്നുള്ള ഭോജനവും കുടുംബത്തിന്റെ മൂല്യസ്രോതസ്സാകണം. ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒത്തൊരുമയോടെ നിലനില്ക്കും (the home that prays together stays together). ''കൃപനിറയുന്ന കുടുംബങ്ങളെ''പ്പറ്റി ചിന്തിക്കുവാൻ ഈ കുടുംബദിനം സഹായിക്കട്ടെ.

### ജൂലൈ 14 - പെന്തിക്കൊസ്തിക്കുശേഷം അഞ്ചാം ഞായർ

ലൂക്കാ 9:10-17 - നിന്റെ കയ്യിൽ എന്തുണ്ട്?

**റവ. ഫാ. ജോസഫ് മലയാറ്റിൽ**

ശിഷ്യന്മാരുടെ പ്രായോഗികമായ പരിശീലനത്തിനുശേഷം ക്രിസ്തുവിനെ കണ്ടുമുട്ടുന്ന രംഗമാണ് ഈ തിരുവചനഭാഗത്തിന്റെ പശ്ചാത്തലം. യേശു അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് പ്രസിദ്ധമായതിനാൽ തങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾകൊണ്ട് മാറ്റം വരുത്താനാഗ്രഹിക്കുന്ന ഒരു വലിയ ജനസമൂഹം യേശുവിനു ചുറ്റും നിറയുന്നു. ഒരു ഇടയന്റെ മനസ്സോടെ തന്റെ മക്കളെ പഠിപ്പിച്ചും രോഗശാന്തി നൽകിയും തന്റെ ശുശ്രൂഷ സന്ധ്യവരെ നീളണം. വരുവാൻ പോകുന്ന പ്രായോഗിക പ്രശ്നം അഥവാ ഭക്ഷണം മുന്നിൽ കണ്ടുകൊണ്ട് ഈ ജനത്തെ പിരിച്ചുവിടാനായി ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെടുന്നു. ഏതേതു പ്രശ്നത്തിൽ നിന്നാണോ ശിഷ്യന്മാർ ഒഴിഞ്ഞു പോകുവാൻ നോക്കിയത് ആ പ്രശ്നം തന്റെ ശിഷ്യന്മാരെക്കൊണ്ടുതന്നെ പരിഹരിക്കുന്ന യേശുവിനെ സുവിശേഷം ഇവിടെ വരച്ചു കാട്ടുന്നു.

നിങ്ങളുടെ കയ്യിൽ എന്തുണ്ടെന്നാണ് ക്രിസ്തുവിന്റെ ആദ്യ ചോദ്യം. കുടുംബജീവിതത്തിലേക്ക്, പഠനത്തിലേക്ക്, ജീവിതത്തിന്റെ വഴി മുട്ടിപ്പോയെന്ന് കരുതുന്നവരോട് പ്രശ്നങ്ങളുടെയും, രോഗങ്ങളുടെയും, തോൽവികളുടെയും മുൻപിൽ പകച്ചു നിൽക്കുന്നവരോട് ഇന്നും യേശു ചോദിക്കുന്ന ചോദ്യമിതാണ്; നിന്റെ കയ്യിൽ എന്തുണ്ട്? അത് എന്തുമാകാം, ജീവിതത്തിൽ ഇനിയും നഷ്ടപ്പെടാത്ത വിശ്വാസത്തിന്റെ ഒരല്പം പ്രകാശമാവാം. എല്ലാം തീർന്നു എന്ന് കരുതുമ്പോഴും ചങ്കുപൊട്ടി ഈ നെഞ്ചിൽ നിന്നുയരുന്ന ''ദൈവമേ'' എന്ന നിലവിളിയാകാം. തമ്പുരാന്റെ സന്നിധിയിൽ നിന്റെ കണ്ണിൽ നിന്നു തിർന്നു വീണ കണ്ണീർക്കണങ്ങളാകാം. ശിഷ്യന്മാർ ചെയ്തതുപോലെ, 5 അപ്പവും 2 മീനും ഇത്രയും വലിയ ജനത്തിനു ഒന്നുമല്ല എന്നറിഞ്ഞിട്ടും, തമ്പുരാന്റെ സന്നിധിയിലേക്ക് നിന്റെ ജീവിതത്തിന്റെ സമ്പാദ്യങ്ങളെ നീട്ടികൊടുക്കാം. അതു ഏറ്റുവാങ്ങുന്ന യേശു 3 കാര്യങ്ങൾ ചെയ്യുന്നു; എടുക്കുന്നു; സ്വർഗത്തിലേക്ക് കണ്ണുകൾ ഉയർത്തുന്നു; മുറിച്ചു നൽകുന്നു.

കുടുംബജീവിതത്തിൽ താളം നഷ്ടപ്പെട്ടു കഴിയുമ്പോൾ, മടുത്തു തുടങ്ങുമ്പോൾ യേശുക്രിസ്തു, നിന്റെ ജീവിതത്തിൽ ഈ 3 കാര്യങ്ങൾ ഓർമിപ്പിക്കുന്നു. ഒരു കുടുംബജീവിതത്തിൽ ഭാര്യയേയും ഭർത്താവിനെയും അവരുടെ നന്മകളോടും കുറവുകളോടുംകൂടെ കർത്താവ് ഒന്നായി ചേർക്കുന്നു. എന്റെ ജീവിതത്തിന്റെ നന്മകളോടുകൂടെ, എന്റെ ജീവിതപങ്കാളിയുടെ നന്മകളും കുറവുകളും തമ്പുരാന്റെ സന്നിധിയിലേക്ക് ഉയർത്തിപ്പിടിക്കണം. അതാണ് ആദ്യപടി. കർത്താവ് മീനും അപ്പവും കൈകളിൽ എടുത്തുതുപോലെ ജീവിതത്തിലെ പരസ്പരം മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥ, പിടിവാശികൾ, സാമ്പത്തിക പ്രശ്നങ്ങൾ, വീഴ്ചകൾ എല്ലാം തമ്പുരാന്റെ സന്നിധിയിലേക്ക് ശിഷ്യന്മാർ ചെയ്തതുപോലെ, ഇതു മാത്രമാണ് ഞങ്ങളുടെ സമ്പാദ്യമെന്നു പറഞ്ഞ് ഉയർത്തിപിടിക്കണം.

പ്രാർത്ഥനയുടെ പിൻബലമില്ലാതെ ഒരു കുടുംബജീവിതവും വിജയം വരിക്കില്ല. ഒരു അത്ഭുതത്തോടെ മാത്രം വായിക്കുവാൻ കഴിയുന്ന സുവിശേഷഭാഗമാണ് കാനായിലെ കല്യാണവിരുന്ന്. എല്ലാ സമൃദ്ധിയുടെയും ഉറവിടമായ യേശുവോടൊപ്പം പരിശുദ്ധ അമ്മയും ശിഷ്യന്മാരെല്ലാവരും പങ്കെടുത്ത വിവാഹവിരുന്നിലായിരുന്നു, യഹൂദരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട വിഭവമായ വീഞ്ഞ് തീർന്നു പോകുന്നത്. എന്തുകൊണ്ട് ഇത്രമേൽ ദൈവികസാന്നിധ്യം ഉണ്ടായിട്ടും ആ കുറവ് ദൈവം അനുവദിച്ചു. ദൈവമാണ് നിന്റെ ജീവിതത്തിന്റെ കുറവുകളെ നികത്തുന്നത്. അതിന് പരിശുദ്ധ അമ്മ ഒരു വാക്കിൽ വഴി പറഞ്ഞു തരുന്നുണ്ട് ''അവൻ

പറയുന്നത് ചെയ്യുക''! കുടുംബജീവിതത്തിൽ ലഹരി നഷ്ടപ്പെടാതിരിക്കാൻ യേശു പറയുന്നു. നിന്റെ കുറവുകളുടെ നേരത്ത് ജീവിതത്തിൽ തോറ്റു പോകുന്ന നേരത്ത്, നിന്റെ ജീവിതപങ്കാളിയും മക്കളും നിന്റെ ആഗ്രഹങ്ങൾക്ക് വിപരീതമായി നീങ്ങുമ്പോൾ, ക്രിസ്തു ചെയ്തതുപോലെ സ്വർഗത്തിലേക്ക് കണ്ണുകൾ ഉയർത്തുക. പ്രാർത്ഥനയാണ്, ഈ കണ്ണുകൾ സ്വർഗത്തിലേക്കുയർത്തുന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തമ്പുരാന്റെ മുൻപിൽ മുട്ടുകുത്തുന്ന ഒരു കുടുംബവും ഇന്നോളം നശിച്ചിട്ടില്ല.

മുറിച്ചു നൽകുക എന്നതാണ് ജീവിതത്തിന്റെ അടുത്ത പടി. ഒരല്പസമയം തന്റെ ജീവിതപങ്കാളിയെ കേൾക്കാൻ, തന്റെ മക്കളോടു കൂടെയിരുന്നു അവരുടെ സന്തോഷത്തിൽ പങ്കുചേരാൻ, വാർദ്ധകൃത്തിൽ എത്തിയാൽ മാതാപിതാക്കളെ കുറച്ചു നേരം കേൾക്കുവാൻ തയ്യാറാവുമ്പോൾ, ഈ മുറിച്ചു നൽകലാണ് സംഭവിക്കുന്നത്.

അങ്ങനെ തമ്പുരാനോട് ചേർന്ന് കൈകളുയർത്തി, ദൈവസ്വരത്തിനു കാതോർത്ത്, സ്വയം എളിമപ്പെടുമ്പോൾ, തിരുവചനത്തിൽ പറയുന്ന അത്ഭുതം സംഭവിക്കുന്നു. ''അവർ ബാക്കി വന്ന അപ്പക്കഷണങ്ങൾ 12 കുട്ട നിറയെ ശേഖരിച്ചു.''

## ജൂലൈ 21 – പെന്തിക്കൊസ്തിക്കുശേഷം ആറാം ഞായർ

**ലൂക്കോസ് 15:1–7 – നല്ല ഇടയൻ**

**റവ. ഫാ. തോമസ് പുതിയവീട്ടിൽ**

നമ്മുടെ കർത്താവേശുമിശിഹായുടെ പരസ്യജീവിതകാലത്ത് അവിടുത്തെ നിരന്തരം പിന്തുടർന്നിരുന്ന രണ്ടു സംഘം ആൾക്കാരുണ്ടായിരുന്നു. ഒന്ന്, അവിടുത്തെ കാരുണ്യം അനുഭവിച്ച് രോഗങ്ങളിൽനിന്നും പൈശാചിക പീഡകളിൽനിന്നും, സൗഖ്യം തേടുന്നതിനും കുടുംബാംഗങ്ങൾക്കുവേണ്ടി അവിടുത്തെ സഹായം തേടുന്നതിനുമുള്ള സാധാരണക്കാരുടെ കൂട്ടം. രണ്ടാമത്തേത്, അവിടുത്തെ ജീവനും പ്രശസ്തിക്കും ക്ഷതമേൽപിക്കാനും നിരന്തരം പോരാടിയിരുന്ന യഹൂദമതനേതാക്കന്മാരുടെ സംഘം. ഇന്നത്തെ വിശുദ്ധ കുർബാനയ്ക്കുള്ള സുവിശേഷവായന വി. ലൂക്കോസ് 15–ാം അദ്ധ്യായം ആദ്യത്തെ 7 വാക്യങ്ങളാണ്. ആദ്യത്തെ വാക്യത്തിൽതന്നെ, നമ്മൾ മുകളിൽ പറഞ്ഞ രണ്ടു വിഭാഗക്കാരും യേശുവിന്റെ പക്കലെത്തുന്ന കാര്യം പറയുന്നു. ചുങ്കക്കാരും പാപികളുമായ ഒന്നാമത്തെ കൂട്ടർ, യേശുവിന്റെ പ്രസംഗം കേൾക്കാനും, ഫരിസേയരും നിയമജ്ഞരും യേശുവിന്റെ മേൽ കുറ്റം ആരോപിക്കാനും വന്നെത്തുന്നു. അവരുടെ വാക്കുകൾ സുവിശേഷകൻ ഉദ്ധരിക്കുന്നതിങ്ങനെ: ''ഇവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു''. ചുങ്കക്കാർ അവരുടെ ജോലിയിലൂടെത്തന്നെ കുറ്റക്കാരും സാമൂഹ്യദ്രോഹികളുമാണ്. ജനങ്ങളിൽ നിന്ന് റോമാ ഭരണാധികാരികൾക്കുവേണ്ടി കരവും മറ്റു പിരിവുകളും അമിതമായി പിരിച്ച് ജനദ്രോഹം നടത്തുന്ന പരസ്യപാപികളാണ്. അതു കൂടാതെ പരസ്യപാപികളായി യഹൂദനേതാക്കൾ കരുതുന്ന, സാധാരണ മനുഷ്യരുമൊത്ത് യേശു ഭക്ഷണം കഴിക്കുന്നത് അവർ വിമർശിക്കുകയാണ്. ഇവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു.

യേശു നേരിട്ട് അവർക്ക് തന്നെപ്പറ്റി ന്യായീകരണം ഒന്നും പറയുന്നില്ല. മൂന്നു ഉപമകളിലൂടെ ദൈവത്തിന്റെ മനുഷ്യരോടുള്ള കാരുണ്യവും സ്നേഹവും സഹതാപവും വ്യക്തമാക്കുകയാണ് വി. ലൂക്കോസിന്റെ സുവിശേഷം 15–ാം അദ്ധ്യായത്തിൽ. അതിൽ ആദ്യത്തെ ഉപമയാണ് നല്ല ഇടയന്റെ കഥ. ലക്ഷ്യം ദൈവിക കാരുണ്യത്തെ അനുസ്മരിപ്പിക്കുകയാണെങ്കിലും, ആദ്യം അവരെത്തന്നെ കഥാനായകരാക്കുകയാണ്. നിങ്ങളിൽ ആരാണ് 100 ആടുകൾ ഉണ്ടായിരിക്കുകയും ഒരെണ്ണം കൂട്ടം വിട്ടുപോയാൽ ബാക്കിയെല്ലാറ്റിനേയും വിട്ടിട്ട്, നഷ്ടപ്പെട്ട ഒന്നിന്റെ പിറകേ അന്വേഷിച്ചു പോകാത്തത് എന്നാണ്. ആർക്കും ഉത്തരം പറയാനാകാത്ത ചോദ്യം. അങ്ങനെയെങ്കിൽ സകല മനുഷ്യരുടേയും സ്നേഹപിതാവായ ദൈവത്തിന്, തന്നെ ഉപേക്ഷിച്ച് പാപം ചെയ്യുന്ന ഏതെങ്കിലും മനുഷ്യനെ തേടി കാരുണ്യവുമായി ചെല്ലാതിരിക്കാൻ പറ്റുമോ? യേശുവിന്റെ ചോദ്യം അതാണ്. ഇതേ പാഠം പഠിപ്പിക്കുന്ന രണ്ടു കഥകൾ കൂടെ യേശു തുടർന്നു പറയുന്നുണ്ടെങ്കിലും, ഇതു മാത്രം മതി അവിടുത്തെ പാഠം നന്നായി ഗ്രഹിക്കാൻ. യേശുവിന്റെ പിന്നാലെ കൂടി അവിടുത്തെ രക്ഷയുടേയും കാരുണ്യത്തിന്റേയും സകലവിധ ആനുകൂല്യങ്ങളും അനുനിമിഷം അനുഭവിക്കുന്ന നമ്മളോടും ഫരിസേയരോടും നിയമജ്ഞരോടും ചോദിച്ച യേശുവിന്റെ ചോദ്യം ചോദിച്ചാൽ നമ്മുടെ ഉത്തരം എന്തായിരിക്കും.

ഇംഗ്ലീഷ് പഠിക്കുംമുമ്പ് നാലാം ക്ലാസ് വിദ്യാർത്ഥിയായിരിക്കുമ്പോൾ, അടുത്തുണ്ടായിരുന്ന ഗുഡ് ഷെപ്പേർഡ് പള്ളി, സ്കൂൾ, ഒരു ബുക്ക് സ്റ്റോൾ ഇവയുടെ പേരിനോടൊപ്പം തോളിൽ ആടിനെ വഹിച്ചു നില്ക്കുന്ന യേശുവിന്റെ നല്ല ചിത്രങ്ങളും കണ്ടിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോഴാണ് ചിത്രത്തിന്റെ ലക്ഷ്യമെന്തെന്ന് മനസ്സിലായത്. ധാരാളം ആടുകളെ വളർത്തിയിരുന്ന ഉടമസ്ഥൻ ആയിരുന്ന യേശു, അക്കൂട്ടത്തിൽനിന്ന്, തോന്നിയ വഴിയെ പോയ ഒന്നിന്റെ പിറകേ പോയി അന്വേഷിച്ച് കണ്ടെത്തി എടുത്തുകൊണ്ട് മറ്റുള്ള ആടുകളുടെ കൂട്ടത്തിലേക്കു കൊണ്ടുവരുന്ന ചിത്രമാണതെന്ന് മനസ്സിലായി. മനസ്സിലാക്കി തന്നവർ പറഞ്ഞു ആ ആട് യേശുവിന്റെ ഇഷ്ടത്തിനും, പാഠങ്ങൾക്കും എതിരായി പ്രവർത്തിച്ച് പാപം ചെയ്യുന്ന മനുഷ്യന്റെ പ്രതീകമാണെന്നും, പിന്നാലെ സ്നേഹം കാട്ടി അന്വേഷിച്ച് അവനെ മനസ്ഥാപം കൊടുത്ത് യേശുവിലേക്ക് തിരിച്ചു

കൊണ്ടുവരുന്നതിന്റെ പാഠമാണ് ആ ചിത്രമെന്നും, മനുഷ്യരായ നമ്മൾ ഓരോരുത്തരുമാണ് ആ ആടിലൂടെ ചിത്രീകരിക്കപ്പെടുന്നതെന്നും മാത്രമല്ല, അതു നീ തന്നെയാണെന്നും ചിന്തിക്കാൻ പഠിപ്പിച്ചു. അപ്പോൾ മനസ്സിലായി നല്ല ഇടയനും ആടും ആരൊക്കെയെന്ന്.

പഴയനിയമഗ്രന്ഥത്തിൽ ഉൽപത്തി പുസ്തകത്തിൽ, ദൈവം തന്റെ ജനത്തെ തന്റെ ആട്ടിൻകൂട്ടമായും, അവിടുന്നു അവരുടെ ഇടയനായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഉല്പത്തി 48–ാം അദ്ധ്യായം 15–ാം വാക്യത്തിലും, 49–ാം അദ്ധ്യായം 24–ാം വാക്യത്തിലും ദൈവത്തെ ഇടയനായും, ഇസ്രായേലിന്റെ ശക്തിയായ പാറയായും വിശേഷിപ്പിക്കുന്നു. സങ്കീർത്തനം 23 ൽ യഹോവാ എന്റെ ഇടയനാകുന്നു എന്നാണല്ലോ ആരംഭം. ഹെസക്കിയേൽ ദീർഘദർശിയുടെ പുസ്തകം 34–ാം അദ്ധ്യായം മുഴുവൻ, ഇസ്രായേലാകുന്ന ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കാൻ ചുമതലപ്പെട്ട ഇടയന്മാർ സ്വാർത്ഥതയ്ക്ക് അടിമപ്പെട്ട്, തങ്ങളുടെ ആടുകളെ ദ്രോഹിക്കുകയും, കൊല്ലുകയും ചെയ്യുന്ന അവസ്ഥയിലേക്ക് പോകുന്ന കാര്യം സൂചിപ്പിക്കുന്നു.

പുതിയ നിയമത്തിൽ യോഹന്നാന്റെ സുവിശേഷം 10–ാം അദ്ധ്യായം, യേശു താൻ തന്നെയാണ് യഥാർത്ഥ ഇടയൻ എന്ന് ആവർത്തിച്ചു പറയുകയും, എതിരിടുന്ന ശത്രുക്കളോട് ശക്തമായ ഭാഷയിൽ തന്റെ ജനത്തിനുവേണ്ടി, താൻ സമർപ്പിക്കാൻ പോകുന്ന ബലിയേപ്പറ്റി ദീർഘമായും സ്പഷ്ടമായും പറയുന്നുണ്ട്. യഥാർത്ഥ ഇടയൻ, കള്ളന്മാരായ ഇടയന്മാർ എന്നിങ്ങനെ വളരെ സ്പഷ്ടമായി ദൈവജനമാകുന്ന ആട്ടിൻകൂട്ടത്തെയും, ദൈവപുത്രനാകുന്ന യഥാർത്ഥ ഇടയനേയുംകുറിച്ച് വിശദീകരിക്കുന്നു.

വൈദികരാകുവാൻ ഒരുങ്ങുന്ന ശെമ്മാശന്മാർ തങ്ങളുടെ ക്ഷണക്കത്തിൽ ആടിനെയും തോളിൽ വച്ചു നില്ക്കുന്ന യേശുവിന്റെ ചിത്രം ചേർത്തു കാണുമ്പോൾ വളരെയേറെ സന്തോഷം തോന്നാറുണ്ട്. തങ്ങളുടെ ഭാവിചുമ0000തലയെപ്പറ്റി നല്ല ഉത്തരവാദിത്വബോധത്തോടെയാണല്ലോ അവർ പൗരോഹിത്യം സ്വീകരിക്കുന്നത് എന്ന സത്യം തീർച്ചയായും ആനന്ദകരമാണ്. തങ്ങളെ ഏല്പിക്കുന്ന അജഗണത്തെ അറിയാനും, അവരോടു അടുത്തിടപഴകി എല്ലാം മനസ്സിലാക്കാനും, അവർക്കുവേണ്ടി കഷ്ടപ്പെടാനും, നല്ല ഇടയനായ കർത്താവിന്റെ നിരന്തരമായ സംരക്ഷണം അവർക്കു ലഭിക്കുകയും ചെയ്യട്ടെ.

## ജൂലൈ 28 – പെന്തിക്കൊസ്തിക്കുശേഷം ഏഴാം ഞായർ

**മർക്കോസ് 3:20–30 –**
**യേശുവും ബേൽസെബൂലും**
**റവ. ഫാ. തോമസ് തൈക്കാട്ട്**

ജറുസലേമിൽനിന്നും വന്ന നിയമജ്ഞരെ യേശുതമ്പുരാൻ അഭിമുഖീകരിക്കുന്നു. നിയമജ്ഞൻ നിയമപണ്ഡിതനാണ്, നിയമം അധികാരത്തോടെ കൈകാര്യം ചെയ്യുന്നവനാണ്. കൂടാതെ യേശുവിന്റെ വീട്ടുകാരും, യേശുവിനു സുബോധം നഷ്ടപ്പെട്ടു എന്ന് കേട്ട് അവനെ പിടിച്ചുകൊണ്ടുപോകാൻ തയ്യാറായി വന്നിരിക്കുന്നു. ഇവരെ കൂടാതെ ഒരു വൻജനാവലി യേശുവിന്റെ വചനം കേൾക്കാനും അത്ഭുതങ്ങൾ സ്വീകരിക്കാനും അവനു ചുറ്റും നിൽക്കുന്നു.

യേശുതമ്പുരാൻ പറഞ്ഞു, ഞാൻ നിയമങ്ങളും പ്രവചനങ്ങളും പൂർത്തിയാക്കാൻ വന്നവനാണ് എന്ന്. നിയമപണ്ഡിതരുടെ നിയമത്തിലെ അറിവുകൾ ചോദ്യം ചെയ്യപ്പെടുന്ന നിമിഷങ്ങൾ. സാബത്തിൽ രോഗശാന്തി നൽകിയത്, അശുദ്ധാത്മാക്കളെ പുറത്താക്കുന്നത്, രോഗികൾ സൗഖ്യം പ്രാപിക്കുന്നത് തുടങ്ങിയ യേശുവിന്റെ പ്രവർത്തനങ്ങൾ എല്ലാം അന്നുവരെ നിയമജ്ഞർ മനസിലാക്കി വച്ചിരുന്ന നിയമസംഹിതകളുടെ പൊളിച്ചെഴുത്തായിരുന്നു. അതു നിയമജ്ഞരുടെ നിലനിൽപിനു ഭീഷണിയായി. അവരുടെ അധികാരം ചോദ്യം ചെയ്യപ്പെടുന്ന നിമിഷങ്ങൾ. അന്നുവരെ തങ്ങളുടെ പ്രബോധനങ്ങളിലൂടെയും വിശകലനങ്ങളിലൂടെയും ജനങ്ങളിലേക്ക് എത്തിച്ചേർന്നുകൊണ്ടിരുന്ന നിയമസംഹിതകൾ, വെറും ഒരു തച്ചൻ അനായാസം പൊളിച്ചെഴുതുമ്പോൾ നിയമജ്ഞരിൽ ഭീതിയുളവായി എന്നത് സ്വാഭാവികം. മർക്കോസ് 3:20 ൽ ജനക്കൂട്ടം യേശുവിനെ പിൻപറ്റാൻ തുടങ്ങുന്നതും നാം കാണുന്നു. തങ്ങളുടെ സ്ഥാനമാനങ്ങൾ, അധികാരം എന്നിവ ചോദ്യം ചെയ്യപ്പെടുമ്പോൾ അതിനു കാരണക്കാരനായ യേശുവിൽ കുറ്റം ആരോപിക്കാൻ തയ്യാറാവുകയാണ്. നമ്മിലെ അധികാരങ്ങൾ ചോദ്യം ചെയ്യപ്പെടുമ്പോൾ അപരനിലെ നന്മകൾ തിന്മയായി ഉയർത്തിക്കാട്ടുവാൻ നാമും വെമ്പൽ കൊള്ളാറില്ലേ. യേശുവിൽ പിശാചിന്റെ സാന്നിധ്യം ആരോപിക്കുന്ന മനുഷ്യർ. ബേൽസെബൂൽ എക്രോണിൽ ആരാധിക്കപ്പെട്ടു പോന്നിരുന്ന ഒരു ഫിലിസ്ത്യ ദൈവമാണ്. പിന്നീട് അത് സാത്താനായിട്ട് ഗണിക്കപ്പെട്ടു. (2 രാജാ. 1:2–3, 16). യഹൂദരും ബേൽസെബൂലിനെ പിശാചുക്കളുടെ തലവനായി കണക്കാക്കുന്നു. യേശു പ്രതിയോഗികളെ തന്റെ മറുപടിയിലൂടെ തൃപ്തരാക്കുന്നു. പരിശുദ്ധാത്മാവിൽ ശക്തനായ തന്റെ ഉള്ളിൽ അശുദ്ധാത്മാവ് ഇല്ല എന്നും (മത്തായി 3:27), ആത്മാവിന്റെ പ്രവർത്തനങ്ങളെ അവിശ്വസിക്കരുത് എന്നും അത് നിത്യപാപമാണെന്നും (3:29) ജനത്തിന് വലിയൊരു താക്കീതും നൽകുന്നു.

# പെരുന്നാൾ പ്രദക്ഷിണത്തിലെ കുട



ഫാ. മാത്യു ചിറയിൽ

ഇടവക പെരുനാളിന് കൊടിയേറി. ഇനി പെരുനാൾ ദിനങ്ങൾ. വിശുദ്ധന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നവരുടെ തിരക്ക്. പതിവുപോലെ വൈകുന്നേരം പെരുനാൾ പ്രദക്ഷിണം ആരംഭിച്ചു. ഇടവക വികാരിയുടെ മേൽനോട്ടത്തിൽ ചിട്ടയായ ക്രമീകരണങ്ങൾ. പെരുനാൾ പ്രദക്ഷിണത്തിന് മാത്രമായി എത്തുന്ന ബാഡ്ജ് കുത്തികളായ നിയന്ത്രാതാക്കൾ. ഇവരെ ഇനിയും അടുത്ത പെരുനാൾ പ്രദക്ഷിണത്തിന് കാണാം എന്നു പ്രത്യാശിക്കാം. പ്രദക്ഷിണത്തിന് ചെണ്ടമേളം, ബാന്റ് മേളം, നാസിക്ഡോൾ, സിസ്റ്റർമാരുടെ വക കുട്ടിമാലാഖമാർ. നാനാ നിറത്തിലുള്ള മുത്തുക്കുടകൾ, കൊടികൾ, തോരണങ്ങൾ, തിരികൾ. പ്രദക്ഷിണം ഒച്ചിഴയും വേഗത്തിൽ മുന്നോട്ടു നീങ്ങുവാൻ നിർദേശം നൽകി കഴിഞ്ഞു. സ്ത്രീകൾ ഒരേ തരത്തിലും, ഒരേ നിറത്തിലുമുള്ള സാരികൾ, പുരുഷന്മാർ ജുബ്ബയും മുണ്ടും. യുവതി-യുവാക്കന്മാർ ‘ട്രന്റ്സ്’ വേഷത്തിൽ. എല്ലാവരും നേർച്ചയായി, നിയോഗമായി മുത്തുക്കുടകൾ, കൊടികൾ, തിരികൾ കൈകളിൽ ഏന്തിയിരിക്കുന്നു. പ്രദക്ഷിണത്തിനിടയിൽ 80 വയസ്സുള്ള ഒരു വല്ല്യമ്മച്ചിയും. നരബാധിച്ച മുടികൾ, അൽപം കൂന്, ചട്ടയും മുണ്ടും വേഷം. വല്ല്യമ്മച്ചി മൗനമായി പ്രാർത്ഥിച്ച് പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നു. എല്ലാവരും കണ്ണഞ്ചിപ്പിക്കുന്ന മുത്തുക്കുടകൾ കൈകളിലേന്തി നീങ്ങുമ്പോൾ വല്ല്യമ്മച്ചി തന്റെ കൈവശമിരുന്ന ഒടിഞ്ഞ കാലുകളുള്ള, കീറിയ ശീലകളുള്ള തന്റെ സ്വന്തം സാധാരണ കുട നിവർക്കുന്നു. എല്ലാവരും വിസ്മയഭരിതരായി വല്ല്യമ്മച്ചിയെ നോക്കുന്നു. പെരുനാൾ പ്രദക്ഷിണത്തിലെ ആ സാധാരണ കുട അവിടെ വ്യത്യസ്ഥമാകുന്നു. പലരും നാനാ വർണത്തിലുള്ള മുത്തുക്കുടകൾ പിടിച്ചപ്പോൾ വല്ല്യമ്മച്ചി താൻ സ്വന്തമായി ഉപയോഗിച്ചിരുന്ന ആ കുട പ്രദക്ഷിണത്തിന് നേർച്ചയായി, പ്രത്യേക നിയോഗമായി കൈയ്യിൽ വഹിച്ചു. ഈ കുടയും, മറ്റുള്ളവർ വഹിച്ച കുടകളും തമ്മിൽ വ്യത്യാസമുണ്ടോ? വല്ല്യമ്മച്ചിയുടെ നിയോഗം ശുദ്ധമല്ലേ? താൻ വഹിച്ചിരിക്കുന്ന കുടയുമായി പ്രദക്ഷിണത്തിന് പങ്കെടുക്കുമ്പോൾ അതിൽ പ്രത്യേക നിയോഗമുണ്ടെന്ന സത്യം വല്ല്യമ്മച്ചി മനസിലാക്കി. കുടയുടെ തരമല്ല, നിറമല്ല പ്രധാനം മറിച്ച് എന്തു നിയോഗത്താൽ കുട കൈയ്യിൽ ഏന്തിയിരിക്കുന്നു എന്നതാണ് പ്രധാനം. ഉദ്ദേശ ശുദ്ധി നല്ലതാണെങ്കിൽ നിയോഗം സാധ്യമാകും. ആ പെരുനാളിന് കാരണക്കാരനായ വിശുദ്ധൻ അനുഗ്രഹിക്കും - പ്രദക്ഷിണം പള്ളിയിലെത്തി. ആളൊഴിഞ്ഞു, അരങ്ങൊഴിഞ്ഞു. എല്ലാവരും മുത്തുക്കുടകൾ മോണ്ടളത്തിൽ വച്ചു. എന്നാൽ വല്ല്യമ്മച്ചി തന്റെ സ്വന്തം കുട കൈയിൽ പിടിച്ചു. അൽപസമയത്തിനുശേഷം ആകാശം ഇരുണ്ടു തുടങ്ങി. ഇടിയും മിന്നലും കരിമരുന്ന് പ്രയോഗത്തിനോടൊപ്പം ചേർന്നു. ചാറ്റൽമഴ തുടങ്ങി. വല്ല്യമ്മച്ചി എല്ലാവരും കാൺകെ തന്റെ കുട നിവർത്തി സാവധാനം വീട്ടിലേക്ക് നീങ്ങി. ആ കുട അവിടെ വ്യത്യസ്തമാകുന്നു. എല്ലാവരും ഒരിക്കൽകൂടി സ്തബ്ദരായി. ആ കുടയെ നോക്കി. വല്ല്യമ്മച്ചിയുടെ മുഖത്ത് നന്ദി നിറഞ്ഞ ചിരി. കാരണം വേനൽമഴയില്ലാതെ, കുടിവെള്ളമില്ലാതെ കഷ്ടപ്പെട്ടവരുടെ നിയോഗവുമായിട്ടാണ്, ഒരു നേർച്ചയായി പ്രദക്ഷിണത്തിന് വല്ല്യമ്മച്ചി കുട ഏന്തിയത്. വല്ല്യമ്മച്ചി പ്രദക്ഷിണത്തിന് വന്നപ്പോൾ ഒരു നിയോഗമുണ്ടായിരുന്നു. അനുഗ്രഹമഴയായി ആ നിയോഗം മാറി. നമ്മുടെ നിയോഗങ്ങൾ, നേർച്ചകൾ അനുഗ്രഹമാകണം. ആളൊഴിഞ്ഞാലും, അരങ്ങൊഴിഞ്ഞാലും, പക്ഷെ നിയോഗങ്ങൾ, നേർച്ചകൾ ഒഴിയുന്നില്ല. ഓരോരുത്തർക്കും, ഓരോന്നിനും നിയോഗമുണ്ട്, നേർച്ചയുണ്ട്, അതാണ് ജീവിതം.



വണ്ടന്മേട് ഇടവകാംഗമായ സജിൻ പ്രിൻസ് വട്ടപാറക്കാൽ അദ്ദേഹത്തിന് കളഞ്ഞ് കിട്ടിയ 2 പവനോളം തൂക്കം വരുന്ന സ്വർണ്ണ ചെയിൻ വണ്ടന്മേട് പോലീസിൽ ഏൽപ്പിച്ച്, ഉടമയെ കണ്ട് പിടിച്ച് തിരികെ നൽകി. അഭിനന്ദനങ്ങൾ.

## അനുമോദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റി ബി.കോം പരീക്ഷ യിൽ 8-ാം റാങ്ക് ലഭിച്ച സ്വാതി റെജിമോൻ, കണ്ടത്തിൽപറമ്പിലിന് അനുമോദനങ്ങൾ. സ്വാതി, തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗമാണ്.

## ആദരാഞ്ജലികൾ



ചായൽപ്പടി ആശ്രമം സുപ്പീരിയറായിരുന്ന റവ. ഫാ. ഫിലിപ്പോസ് നടമല (88) 2019 മെയ് 21-ാം തീയതി നിര്യാതനായി. തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ആദരാഞ്ജലികൾ.




തിരുവല്ല പൗരാവലി സംഘടിപ്പിച്ച മാർ തിമോത്തിയോസ് അനുസ്മരണാ സമ്മേളനം ഡോ. ജോസഫ് മാർത്തോമ മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്യുന്നു. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, ഡോ. തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, മാത്യു റ്റി തോമസ് എം എൽ എ എന്നിവർ സമീപം

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ഉപകാരസ്മരണ





### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**


## ഉപകാരസ്മരണ




### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**


## ഉപകാരസ്മരണ




### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**


## ഉപകാരസ്മരണ



**അഡ്വ. ആനിയമ്മ സ്കറിയ**
(W/o Late കെ. എസ്. സ്കറിയ)
ഒറ്റത്തയ്യിൽ കോട്ടയം.
D/o Late കെ.സി. തോമസ്, കോഴിമണ്ണിൽ
പുറമറ്റം

## ഉപകാരസ്മരണ



**റെനീഷ് & ഫാമിലി**
**കണിയാംതറയിൽ, പഴയരിക്കണ്ടം**

## ഉപകാരസ്മരണ



**ജോയൽ കോശി വർഗീസ്**
**മുളമൂട്ടിൽ**

## ഉപകാരസ്മരണ



**അഡ്വ. ആനിയമ്മ സ്കറിയ**
(W/o Late കെ. എസ്. സ്കറിയ)
ഒറ്റത്തയ്യിൽ കോട്ടയം.
D/o Late കെ.സി. തോമസ്,
കോഴിമണ്ണിൽ, പുറമറ്റം

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും, എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും, എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും, ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒരു വിശ്വാസി, കല്ലിശ്ശേരി**



## Matrimonial

M - 287

മലങ്കര കത്തോലിക്ക തിരുവല്ല അതിഭദ്രാസന ത്തിൽപ്പെട്ട യുവതി 25 വയസ്സ്, 170cm, M.Tech advanced communication, അസി. പ്രൊഫ. പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളജ്, അനു യോജ്യരായ യുവാക്കളുടെ മാതാപിതാക്ക ളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9539719219, 9745267737

M - 288

തിരുവല്ല അതിഭദ്രാസനത്തിൽപെട്ട മലങ്കര കത്തോലിക്ക യുവാവ് (26/170 cm ) M.com, Accountant ആയി ഷാർജയിൽ ജോലി ചെയ്യുന്നു. യു.എ.ഇ. ൽ ജോലിയുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യതയുള്ളവരെയും, നാട്ടിൽ ജോലിയു ള്ളവരെയും പരിഗണിക്കുന്നതാണ്.

Contact : 7560802669, 8281348472

M - 289

തിരുവല്ല അതിഭദ്രാസനാംഗമായ (തോട്ട ഭാഗം ഇടവക) യുവതി 28/163 Pursuing Ph.D in Physics അനുയോജ്യരായ RCSC, RCMC യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact : 8281120799, 9497199841

M - 290

മലങ്കര കത്തോലിക്കാ യുവതി, തിരുവല്ല അതിരൂപത, 31/157 cm, GNM Nurse, ഒമാൻ മിനിസ്ട്രിയിൽ സ്റ്റാഫ് നേഴ്സായി ജോലി. ജനുവരി ആദ്യം ലീവിനു വരുന്നു. ഇടത്തരം കുടുംബം. അനുയോജ്യമായ ആലോചന കൾ ക്ഷണിക്കുന്നു.

Contact : 9744611059

M - 291

മലങ്കര കത്തോലിക്കാ യുവാവ്, തിരുവല്ല അതി രൂപത, 28/164 cm, B.Tech Electrnics, ദുബായ് എമിറേറ്റ്സ് നാഷണൽ ബാങ്കിൽ ജോലി. അനുയോജ്യരായ പെൺകുട്ടികളുടെ മാതാ പിതാക്കളിൽനിന്നും ആലോചനകൾ ക്ഷണി ക്കുന്നു.

Contact : 9495237187

M - 292

മലങ്കര കത്തോലിക്കാ യുവാവ്, തിരുവല്ല അതിരൂപത, 30/170 cm, അലൂമിനിയം ഫാബ്രി ക്കേഷൻ ജോലി, നേഴ്സുമാർക്ക് മുൻഗണന. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപി താക്കളിൽനിന്നും ആലോചനകൾ ക്ഷണി ക്കുന്നു.

Contact : 9947941254




2019 ജൂൺ 8 ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ ദ്വിതീയാധ്യക്ഷനായി സ്ഥാനമേറ്റ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത.
തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.





2019 ജൂൺ 12 ന് മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷനായി സ്ഥാനമേറ്റ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത.
തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

# REMEMBRANCE - JULY



Fr Abraham Maret
01 July 1954



Fr Kuriakose
Padinjaremannil
02 July 2000


Fr George Palathinkal
03 July 2007


Fr Abraham
Edassery
04 July 1984


Fr Abraham
Pallipurathussery
04 June 1996


Fr Kuriakose Nellatt
06 July 1978



Fr Jacob Ayanthy
08 July 1986



Fr Alexander
Arakapadavil
11 July 2001


Fr Jacob
Valiaparambil
12 July 2005


Msgr. Thomas
Vadassery
20 July 1966


Fr T.V. John
20 July 1970


Fr Boniface Lewis
20 July 1976


Fr Mathew
Vadakkemury
22 July 2001





ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരത്തിൽ പ്രതിഷേധിച്ച് തിരുവല്ല അതിരൂപത അൽമായ, യുവജന സംഘടനകൾ സംയുക്തമായി സംഘടിപ്പിച്ച പ്രതിഷേധ സമ്മേളനം വികാരി ജനറാൾ മോൺ. ചെറിയാൻ താഴമൺ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ഫിലിപ്പ് പയ്യമ്പള്ളിൽ, സി. അലീന എസ് ഐ സി, ജോജി വിഴലിൽ, ഹണി വരിക്കപ്ലാമൂട്ടിൽ, ജോയിസാം പുളിയൻകീഴിൽ, ബെന്നി പുരക്കൽ, അനീഷ് ചെറിയാൻ, റെജി അങ്ങയിൽ എന്നിവർ സമീപം.

**ജൂലൈ 03**
**നാമഹേതുക തിരുനാൾ**



**മോസ്റ്റ് റവ. ഡോ. ജോസഫ്**
**മാർ തോമസ് മെത്രാപ്പോലിത്താ**

**ജൂലൈ 17**
**മെത്രാഭിഷേക വാർഷികം**



**മോസ്റ്റ് റവ. ഡോ. തോമസ്**
**മാർ കൂറിലോസ് മെത്രാപ്പോലിത്താ**

---

## 2019 ജൂലൈ
## പ്രധാനപ്പെട്ട ദിവസങ്ങൾ

ജൂലൈ 03 - മാർതോമ്മാശ്ലീഹായുടെ ദുക്റോനോതിരുനാൾ
- അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയുടെ നാമഹേതുകതിരുനാൾ

ജൂലൈ 07 - കുടുംബദിനം
- പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെ ഓർമ്മ

ജൂലൈ 15 - ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുനാൾ (1953)

ജൂലൈ 17 - അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (1997)

ജൂലൈ 28 - വി. അൽഫോൻസാമ്മയുടെ തിരുനാൾ







2019 ജൂൺ 10-ാം തീയതി, തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ
അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത
കൂദാശ ചെയ്ത ആലപ്പുഴ മാതാ സ്കൂളിന്റെ പുതിയ ബ്ലോക്ക്

Date of Publication : 01.07.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
July 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil